# അനൗപചാരിക വിദ്യാഭ്യാസം

## തത്വശാസ്ത്രവും പ്രവർത്തനശൈലിയും

ഡോ: എൻ. പി. പിള്ള

370.1

കേരള അനൗപചാരികവിദ്യാഭ്യാസ
വികസനസമിതി (കാൻഫെഡ്)
തിരുവനന്തപുരം 14

# അനൗപചാരിക
# വിദ്യാഭ്യാസം

## തത്വശാസ്ത്രവും പ്രവർത്തനശൈലിയും

7890

ഡോ: എൻ. പി. പിള്ള

PG Library & Research Centre

കേരള അനൗപചാരിക
വിദ്യാഭ്യാസ വികസന സമിതി
(കാൻഫെഡ്)
തിരുവനന്തപുരം - 14

വില 3 രൂപ

(Malayalam)

ANAUPACHARIKA VIDYABHYASAM
THATHWASASTRAVUM PRAVARTHANASAILIYUM

*Non-Formal Education–*
Its Philosophy and Working Models

*First Published:*
April, 1978

370·1

*Second Edition:*
September, 1981

*Author:*
**Dr. N. P. PILLAI**

*Printed at:*
Aradhana Industries
Kannammoola, Trivandrum-11

*Price:*
Rs. 3.00

*Published by:*
(C) Kerala Association for
Non-Formal Education & Development
KANFED
Trivandrum – 14

# ആമുഖം

പ്രവർത്തകർക്കുവേണ്ടി രചിച്ചതാണ് ഈ പുസ്തകം. അനൗപചാരികവിദ്യാഭ്യാസമെന്നാൽ എന്തു് എന്നും അതിലെ മൗലികമായ പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നുമെല്ലാം അധികൃതമായി പ്രസ്താവിക്കപ്പെട്ടിട്ടുള്ളവയെ ഇതിൽ ക്രോഡീകരിച്ചിട്ടുണ്ടു്. പലപ്പോഴും തത്വശാസ്ത്രം അനുസരിച്ചു് പ്രവർത്തനം തുടങ്ങുന്നതോടൊപ്പം പ്രവർത്തനത്തിൽക്കൂടി കിട്ടുന്ന അറിവിന്റെ അടിസ്ഥാനത്തിൽ അതിന്റെ പല വശങ്ങളിലും വ്യത്യാസങ്ങൾ നിലവിൽവരും. അങ്ങനെയുള്ള മാററങ്ങൾ മനസ്സിലാക്കുന്നതിനു് പ്രവർത്തനശൈലികൂടി പരിശോധിക്കുകയാണു് ഉത്തമമായ മാർഗ്ഗം. ഇക്കാരണത്താലാണു് തത്വശാസ്ത്രത്തോടൊന്നിച്ചു് പ്രവർത്തനശൈലികൂടി ഈ പുസ്തകത്തിൽ ഉൾപ്പെടുത്തിയതു്. ഏഷ്യ, ആഫ്രിക്ക, ലാററിൻ അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലാണു് നിരക്ഷരത ഇന്നും നിലനില്ക്കുന്നതു്. ഇവിടത്തെ വികസ്വരരാജ്യങ്ങളിലെല്ലാം നിരക്ഷരതയ്ക്കെതിരേയുള്ള പോരാട്ടം തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. ഏഷ്യൻരാജ്യങ്ങളിൽ ഇതു് എങ്ങനെ നടക്കുന്നു എന്നു പരിശോധിക്കുന്നതിനുമാത്രമേ ഈ പുസ്തകത്തിൽ ശ്രമിച്ചിട്ടുള്ളു. അവയിൽനിന്നും കുറേ രാജ്യങ്ങൾ തെരഞ്ഞെടുത്തു. അവിടത്തെ പ്രവർത്തനങ്ങളിൽ പ്രധാനമെന്നു തോന്നിയ കുറേക്കാര്യങ്ങൾ വിവരിക്കയും ചെയ്തു. തത്വശാസ്ത്രത്തിനു വെളിച്ചം വീശുകയോ മററു തരത്തിൽ മുതൽക്കൂട്ടുണ്ടാക്കുകയോ ചെയ്തിട്ടുള്ള പല കാര്യങ്ങളും ഇതിലുണ്ടെന്നു കാണാം. മുഴുവൻ വായിച്ചുകഴിഞ്ഞാൽ തത്വശാസ്ത്രത്തിന്റേയും പ്രവർത്തന ശൈലികളുടേയും മറപിടിച്ചു് സ്വന്തമായ രീതികൾ അവലംബിക്കുന്നതിനുള്ള മനോധൈര്യം പ്രവർത്തകർക്കു് ഉണ്ടാകുമെന്നു് പ്രതീക്ഷിക്കയാണു്.

യുനസ്ക്കോ എക്സ്പർട്ടു് എന്ന നിലയിൽ മിക്ക ലോകരാഷ്ട്രങ്ങളിലേയും ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നേരിട്ടു് മനസ്സിലാക്കാൻ അവസരം സിദ്ധിച്ച ഡോ: എൻ. പി. പിള്ള രചിച്ചതാണു് ഈ പുസ്തകം.

തിരുവനന്തപുരം - 14<br>ഏപ്രിൽ, 1978

പ്രസിദ്ധീകരണ കമ്മിററി<br>കാൻഫെഡു്

## കാൻഫെഡിൻെറ സാങ്കേതികപുസ്തകങ്ങൾ

1. അനൗപചാരികവിദ്യാഭ്യാസം എന്നാൽ എന്ത് ?
എന്തിന് ? എങ്ങനെ ?
—ഡോ: കെ. ശിവദാസൻപിള്ള

2. അനൗപചാരികവിദ്യാഭ്യാസം—
തത്വശാസ്ത്രവും പ്രവർത്തനശൈലിയും.
—ഡോ: എൻ. പി. പിള്ള

3. മുതിർന്നവരുടെ മനഃശാസ്ത്രം.
—ഡോ: എസ്സ്. രാജപ്പൻനായർ

4. അനൗപചാരികവിദ്യാഭ്യാസം—
പഠനസാമഗ്രികളും ബോധനരീതികളും.
—ഡോ: എൻ. പി. പിള്ള

5. ദേശീയ വയോജനവിദ്യാഭ്യാസനയം—ഒരു പഠനം.
—ഡോ: കെ. ശിവദാസൻപിള്ള

# ഉള്ളടക്കം

## ഭാഗം 1

## തത്വശാസ്ത്രം


1. ഒരു പുതിയ ആശയം രൂപം കൊള്ളുന്നു. 7
2. വിദ്യാഭ്യാസം മൂന്നുതരത്തിൽ. 8
3. ഔപചാരികവിദ്യാഭ്യാസത്തിന്റെ പരിമിതികൾ. 12
4. അനൗപചാരികവിദ്യാഭ്യാസം എങ്ങനെ നടത്തണം? 13
5. ഉള്ളടക്കം എന്തായിരിക്കണം? 15
6. അദ്ധ്യയനരീതികൾ. 18
7. ഈ സമാന്തരവിദ്യാഭ്യാസം എന്തിന്? 21
8. പ്രവർത്തനപരിശീലനം. 23
9. കേന്ദ്രങ്ങളുടെ നടത്തിപ്പ്. 26
10. അനൗപചാരികവിദ്യാഭ്യാസവും ഗ്രാമവികസനവും 28
11. തുടർവിദ്യാഭ്യാസം. 29


## ഭാഗം 2

## പ്രവർത്തനശൈലി


1. ഇറാൻ. 32
2. തായ്‌ലണ്ട്. 33
3. ഫിലിപ്പൈൻ ദ്വീപുകൾ. 37
4. ഇൻഡോനീഷ്യ. 43
5. ശ്രീലങ്ക. 46
6. ബർമ്മ. 47
7. ഇന്ത്യ. 52
8. ബോംബേനഗരം. 58
9. തമിഴ്നാട്. 60
10. കേരളം. 63

ഭാഗം 1

# തത്വശാസ്ത്രം

## 1 ഒരു പുതിയ ആശയം രൂപംകൊള്ളുന്നു

1950-നും 1960-നും ഇടയ്ക്ക് ഏഷ്യയിലെങ്ങും ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് ജനങ്ങളുടെ സമ്പദ് വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു ശ്രമം നടന്നു. ഇതിന്റെ ഫലമായി ധനികർ കൂടുതൽ ധനികരാവുകയും പാവപ്പെട്ട തൊഴിലാളികൾ കുറെകൂടി ദരിദ്രരാവുകയും ചെയ്തതായിട്ടാണ് പിന്നീട് കാണുവാൻ കഴിഞ്ഞത്. തൊഴിൽ ചെയ്ത് ജീവിക്കുന്ന വിഭാഗത്തിന് വിദ്യാഭ്യാസമില്ലാതിരുന്നതാണ് ഈ വിരോധാഭാസത്തിനു കാരണം. തൊഴിൽ ചെയ്യാനുള്ള കഴിവിനെ വിദ്യാഭ്യാസത്തിന്റെ കുറവ് പരിമിതപ്പെടുത്തുമെന്ന് മനസ്സിലാക്കിയതോടുകൂടി ആ സ്ഥിതിക്ക് മാററം വരുത്തുന്നതിന് പരിപാടികൾ ആവിഷ്ക്കരിക്കേണ്ടിവന്നു. തൊഴിലാളിവർഗം സമ്പന്നമായില്ലെങ്കിൽ സാമൂഹ്യവും രാഷ്ട്രീയവുമായ സമാധാനം കൈവരികയില്ല. ദാരിദ്ര്യം, സാമൂഹ്യവും സാമ്പത്തികവുമായ അസമത്വങ്ങൾ എന്നിവയിൽനിന്ന്

ഗ്രാമീണജനതയേയും പട്ടണങ്ങളിലെ പാവപ്പെട്ട തൊഴിലാളികളേയും മോചിപ്പിച്ച് സമൂഹനീതിയും മനുഷ്യന്റെ അഭിമാനവും വീണ്ടെടുക്കേണ്ടുന്നതിനുള്ള ശ്രമങ്ങൾ അതുകൊണ്ട് ആവശ്യമായിവന്നു.

1970-ൽ ഐക്യരാഷ്ട്രസഭ നടത്തിയ അതിന്റെ രണ്ടാം വികസന ദശകപ്രഖ്യാപനത്തിൽ സാമ്പത്തികനീതിയെ മുൻനിർത്തിയുള്ള സമീകൃതമായ ധനവിഭജനത്തിന്റെ ആവശ്യം ഊന്നിപ്പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ സമൂഹനീതിക്കും സാർവത്രികമായ അവസരസമത്വത്തിനും ഉതകുന്നവിധം വിദ്യാഭ്യാസവികസനം നടപ്പിലാക്കേണ്ടതാണെന്ന് അന്താരാഷ്ട്ര നിലവാരത്തിൽ തീർച്ചചെയ്യപ്പെട്ടു. ഓരോരുത്തർക്കും അവരവരുടെ അഭിലാഷങ്ങൾക്കും ആവശ്യങ്ങൾക്കും സമൂഹത്തിന്റെ സാമ്പത്തികവും, സാമൂഹ്യവും, സാംസ്ക്കാരികവുമായ ആവശ്യങ്ങൾക്കും അനുരൂപമായ വിധത്തിൽ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കവും ഘടനയും പുനർനിർണ്ണയം ചെയ്യണമെന്ന് 'യൂനെസ്ക്കൊ' ആഹ്വാനം ചെയ്തു. ഈ പുനർ നിർണ്ണയത്തിന്റെ അടിത്തറ 'ഔപചാരിക' വിദ്യാഭ്യാസത്തിനു പുറമെ അതിനു സമാന്തരമായ 'അനൗപചാരിക' വിദ്യഭ്യാസ സമ്പ്രദായങ്ങൾ സംഘടിപ്പിക്കുക എന്നതായിരുന്നു. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ജനസാമാന്യങ്ങളുടെ ഇടയിലുള്ള ഉച്ചനീചത്വങ്ങളും. അനാചാരങ്ങളും തുടച്ചുമാററി ആധുനിക ശാസ്ത്രത്തിന്റേയും സങ്കേതങ്ങളുടേയും അനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ സാമൂഹ്യമാററം വരുത്തുന്നതിനുള്ള കരുത്ത് ഉണ്ടാക്കുന്നതിനും ഉതകുന്നവിധമായിരിക്കണം എല്ലാ വിദ്യാഭ്യാസമെന്നും നിർദ്ദേശിക്കപ്പെട്ടു.

## 2 വിദ്യാഭ്യാസം മൂന്നുതരത്തിൽ

വിദ്യാഭ്യാസം നടത്തുന്ന രീതിയെ അവലംബമാക്കി അതിനെ ഔപപാരികം (formal), അനൗപചാരികം

(nonformal), ആകസ്മികം (informal), എന്ന് മൂന്നായി വിഭജിക്കാം.

ഒന്നിനു മുകളിൽ ഒന്നായി പലതട്ടുകളായി വിഭജിച്ച് പ്രൈമറി, സെക്കൻററി, യൂണിവേഴ്സിററി എന്നിങ്ങനെ വിവിധതലങ്ങളിലായി പൊതുവിദ്യാഭ്യാസവും, സാങ്കേതികവിജ്ഞാനവും നൽകുന്നതിന്, ഗവൺമെൻേറാ സമൂഹമോ സ്ഥാപിച്ച് നടത്തുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളിലാണ് ഔപചാരികമായ വിദ്യാഭ്യാസം നടക്കുന്നത്. ഇന്ന സമയത്ത് പള്ളിക്കൂടത്തിൽ ഹാജരാകണം, ഇന്നതെല്ലാം പഠിക്കണം ഇന്ന നിലവാരം പുലർത്തണം, എത്രകാലം പഠിക്കണം, ഏതെല്ലാം പുസ്തകങ്ങൾ വായിക്കണം, ആര് പഠിപ്പിക്കണം, എന്നിങ്ങനെയുള്ള കാര്യങ്ങൾക്കെല്ലാം അതിൽ കർശനമായ നിയന്ത്രണങ്ങൾ ഉണ്ട്. പരീക്ഷകൾ ജയിച്ച് ഒരു ക്ലാസ്സിൽനിന്ന് അടുത്ത ക്ലാസ്സിലേക്ക് കുട്ടികൾ ക്രമേണ നീങ്ങുന്നു. അവസാനം ഡിഗ്രി സമ്പാദിക്കുന്നു. ഔപചാരിക വിദ്യാഭ്യാസത്തിലെ നിയന്ത്രണങ്ങൾ കർക്കശങ്ങളാണ്. ആളുകളുടെ സൗകര്യം അനുസരിച്ച് സ്കൂൾ സമയത്തിലോ വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിലോ മാററങ്ങൾ വരുത്തുന്നതിനുള്ള അധികാരം അദ്ധ്യാപകർക്ക് തീരെ ഇല്ല.

ഈ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടി മാത്രമല്ല മനുഷ്യനു വിദ്യാഭ്യാസം സിദ്ധിക്കുന്നത്. 5 വയസ്സാകുന്നതോടുകൂടി മാത്രമേ സാധാരണയായി കുട്ടികളെ പള്ളിക്കൂടങ്ങളിൽ ചേർക്കാറുള്ളല്ലോ? അതിനു മുമ്പ് അവർ പലതും പഠിച്ചുകഴിഞ്ഞിരിക്കും. അച്ഛനിൽനിന്നും അമ്മയിൽനിന്നും കൂട്ടുകാരിൽനിന്നും കളിസ്ഥലങ്ങളിൽനിന്നും, ചിത്രങ്ങളിൽനിന്നും കാണുന്ന പക്ഷികളുടേയും മൃഗങ്ങളുടേയും, മനുഷ്യരുടേയും ചലനങ്ങളിലും, പ്രവൃത്തിയിലും നിന്ന് അവർ കണ്ടും, കേട്ടും, അനവധി കാര്യങ്ങൾ അറിയാതെതന്നെ മനസ്സിലാക്കുന്നു. ഈ വിദ്യാഭ്യാസത്തിൻെറ അളവ് വളരെവലു

താണ്. അതുപോലെ തന്നെ അതിന്റെ പ്രാധാന്യവും ആകസ്മികമായുള്ള ഈ അറിവുസമ്പാദനം യാതൊരു വിധമായ നിയന്ത്രണങ്ങൾക്കും വിധേയമല്ല. പ്രായമായവരും, ആകസ്മികമായി പലതും പഠിക്കാറുണ്ട്. ജീവിതത്തിൽ വളരെ വിലയേറിയ അറിവ് പലതും ഇങ്ങനെ കിട്ടുന്നതാണ്. റോഡിൽനിന്ന്, ചന്തയിൽനിന്ന്, തൊഴിൽ ശാലയിൽനിന്ന്, നാടകശാലയിൽനിന്ന്, കളിസ്ഥലങ്ങളിൽനിന്ന്, റേഡിയോ കേട്ട്, ഉൽസവം കണ്ട്, സ്നേഹിതരുമായി സംസാരിച്ച്, എന്തെല്ലാം മനുഷ്യർ പഠിക്കുന്നു! അവരവരുടെ ബുദ്ധിയുടെ തോത് അനുസരിച്ച് ഈ പഠിത്തത്തിന്റെ ആഴം കൂടുകയും കുറയുകയും ചെയ്യും. ലോകപരിചയം കിട്ടുന്നത് അധികവും ആകസ്മിക വിദ്യാഭ്യാസത്തിൽ കൂടിയാണ്.

പക്ഷേ ആകസ്മികമായ ഇത്തരം പഠനം കൊണ്ടു മാത്രം ഒരു വിഷയത്തിലും ഒരാൾക്ക് ആവശ്യംവേണ്ട അറിവ് കിട്ടിയെന്നു വരികയില്ല. കാരണം, കിട്ടുന്ന അറിവിന്റെ ശകലങ്ങൾ ചിട്ടപ്പെടുത്തി അവയെ മുഴുവനായി കാണുവാൻ അയാൾക്ക് കഴിയുന്നില്ല എന്നതാണ്. വളരെക്കാലംകൊണ്ട്, ബുദ്ധിമാനായ ഒരാൾക്ക് അയാളുടെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ഒരുപക്ഷേ നല്ല അറിവ് ലഭിച്ചെന്നുവരാം. ഔപചാരിക വിദ്യാഭ്യാസം അറിവിനെ ചിട്ടപ്പെടുത്തി ക്രമീകരിച്ച ഒരു പാഠപദ്ധതിയിലൂടെ ചുരുങ്ങിയ കാലത്തിനുള്ളിൽ ഈ അറിവ് നൽകുവാൻ സഹായിക്കുന്നു. ഔപചാരിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭിക്കാത്ത അവശവിഭാഗങ്ങൾക്ക് ഈ ഗുണം സിദ്ധിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ് അനൗപചാരിക വിദ്യാഭ്യാസം. ഔപചാരിക വിദ്യാലയങ്ങളിലുള്ള കർശനമായ ചിട്ടകളും നിബന്ധനകളും ഇവിടെ ഇല്ല. പക്ഷേ അതുപോലുള്ള ഒരു പഠനകേന്ദ്രം ഉണ്ട്. പഠിപ്പിക്കുന്നതും, അതിനുവേണ്ടി ചിട്ടപ്പെടുത്തുന്നതുമായ അദ്ധ്യാപകൻ ഇവിടെ ഇല്ല. പകരം പഠിക്കുന്നതിന് സഹായിക്കുന്ന ഒരു സ്നേഹിതൻ ചുമതലപ്പെട്ടവനായി ഉണ്ട്.

കർശനമായ ഒരു പാഠപദ്ധതി ഇവിടെ ഇല്ല. എന്നാൽ ഒരു വിഷയത്തെക്കുറിച്ച് ചർച്ചചെയ്യുമ്പോഠം മററ് കാര്യങ്ങഠം കൂടി ബന്ധപ്പെടുത്തി ചർച്ചകഠം നടത്താം. എന്നും കാലത്തു മുതൽ വൈകുന്നേരം വരെ ക്ലാസ്സുകഠം ഇവിടെ നടത്താറില്ല. പകരം ഒരാഴ്ചയിൽ രണ്ടോ മൂന്നോ ദിവസങ്ങളിൽ വൈകുന്നേരമോ രാത്രിയോ പഠിതാക്കളുടെ സൗകര്യം അനുസരിച്ച് പഠനസമയം ക്ലിപ്തപ്പെടുത്തിയിരിക്കും.

പുസ്തകങ്ങളെ മുൻനിർത്തിയുള്ള പഠനം ഇവിടെ ഇല്ല. നേരെമറിച്ച് പുസ്തകവായനയിലും എഴുത്തിലും ഉൽസാഹം ജനിപ്പിക്കുന്ന വിധമുള്ള വിദ്യാഭ്യാസമാണ് നൽകുക. 'ഔപചാരികത' അനൗപചാരിക വിദ്യാഭ്യാസത്തിൽ തിരെ ഇല്ലെന്നു പറയാനാവില്ല. ഒരു സ്ഥലത്തെ ജനങ്ങളുടെ ആവശ്യങ്ങളിൽ ഏതെങ്കിലും ഒന്നിനെ ആസ്പദമാക്കി, അതിനുപയോഗപ്പെടുന്ന അറിവും, കഴിവും, പ്രവർത്തനരീതികളും, പ്രവർത്തിക്കാനുള്ള മനഃസ്ഥിതിയും പഠിതാക്കഠംക്ക് നൽകാൻ വേണ്ടി സംഘടിപ്പിക്കുന്ന ഒരു പഠന പദ്ധതിയാണത്. ഇത് ഔപചാരിക വിദ്യാഭ്യാസമേഖലക്ക് പുറത്തുള്ള ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ്. പരീക്ഷകളേയും, അവ ജയിച്ചുകിട്ടുന്ന ഡിഗ്രികളേയുംകാഠം ഇവിടെ പ്രാധാന്യം നൽകിയിരിക്കുന്നത്, അവനവൻേറയും, തദ്ധാര സമൂഹത്തിൻേറയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗങ്ങഠംക്കാണ്. സ്കൂഠം വിദ്യാഭ്യാസത്തെക്കാഠം ഇതിന് ജനങ്ങളുടെ ജീവിതവുമായി അടുത്ത ബന്ധമുണ്ട്. ഒരാളിൻെറ ദൈനംദിന ജീവിതത്തിലുള്ള പ്രശ്നങ്ങഠംക്ക് ഒരു തൊഴിലാളി എന്ന നിലയിലോ, കുടുംബനാഥനെന്ന നിലയിലോ, ഗ്രാമവാസി എന്ന നിലയിലോ, പൗരനെന്ന നിലയിലോ, എത്രത്തോളം പരിഹാരം കാണുവാൻ അത് സഹായകമാകുന്നുവോ അത്രത്തോളം അത് വിജയിച്ചു എന്നുപറയാം.

## 3. ഔപചാരിക വിദ്യാഭ്യാസത്തിൻെറ പരിമിതികൾ

6 മുതൽ 14 വയസുവരെ പ്രായമായവർക്കെല്ലാം 1980 നു മുമ്പ് പ്രാഥമിക വിദ്യാഭ്യാസം നൽകണമെന്ന് ഏഷ്യയിലെ രാജ്യങ്ങളെല്ലാം ആശിച്ചിരുന്നെങ്കിലും, ഇത് നടപ്പില്ലാത്ത ഒരു കാര്യമായി ഇന്ന് അവശേഷിച്ചിരിക്കയാണ്. 1950 നും 1967 നും ഇടയ്ക്ക് ഏഷ്യൻ രാജ്യങ്ങളിലെ പള്ളിക്കൂടങ്ങളിൽ ചേർത്ത കുട്ടികളുടെ സംഖ്യ 50 ദശലക്ഷത്തിൽനിന്നും 140 ദശലക്ഷമായി വർദ്ധിച്ചു എങ്കിലും അതു മൊത്തം ഉള്ള ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായുള്ള വർദ്ധനവായിരുന്നില്ല. വിദ്യാലയങ്ങളിൽ പോകാത്തവരുടെ സംഖ്യ പല രാജ്യങ്ങളിലും 30 ശതമാനത്തിൽ കൂടുതലായിരുന്നു. 1974-ൽ ഇത് 22 ശതമാനമായി കുറഞ്ഞു എങ്കിലും പെൺകുട്ടികളിൽ 40 ശതമാനം വരേയും, അവശവിഭാഗങ്ങളിൽ 70 ശതമാനം വരേയും സ്കൂളിൽ പോകാത്തവരാണെന്ന് കണ്ടിരിക്കുന്നു. ഇത്ര അധികംപേർ വിദ്യാലയങ്ങളിൽ പോകാത്തതിനുകാരണം എല്ലാ ഗ്രാമങ്ങളിലും പള്ളിക്കൂടങ്ങൾ ഇല്ലാത്തതല്ല; കുട്ടികൾക്ക് അനുയോജ്യമായ വിധത്തിലല്ല അവിടെ പഠനം നടക്കുന്നത് എന്നതാണ്. സ്കൂൾസമയവും, പഠന വിഷയങ്ങളും ഗ്രാമീണജനതയുടെ ജീവിതവുമായി ബന്ധമില്ലാത്തവിധം നിർണയിച്ചിരിക്കുന്നതുകൊണ്ടാണ് അവർക്ക് താൽപര്യം കുറയുന്നത്. പിന്നോക്കകുടുംബത്തിൽപ്പെട്ടവർക്കും വിദ്യാഭ്യാസമില്ലാത്ത അവശവിഭാഗങ്ങൾക്കും പലപ്പോഴും ഗ്രഹിക്കാനാവാത്ത കാര്യങ്ങളാണ് അവിടെ പഠിപ്പിക്കുക. അതുമൂലം പലരും തോൽക്കുകയും, തുടർച്ചയായുള്ള തോൽവിമൂലം പൊഴിഞ്ഞുപോകുകയും ചെയ്യുന്നു. ജീവിതസാഹചര്യങ്ങളിൽനിന്നും കുട്ടികളെ അകററുന്നതിനു മാത്രം ഉപകരിക്കുന്ന ഇത്തരം വിദ്യാഭ്യാസത്തിൽനിന്നും അവരെ വിമോചിപ്പിച്ചല്ലാതെ എല്ലാ കുട്ടികളേയും സ്കൂളുകളിലേക്ക് ആകർഷിക്കുവാൻ സാദ്ധ്യമല്ല. സ്കൂ

ളിൽ പഠിച്ച് പുറത്തിറങ്ങുന്നവർക്ക് ജീവിക്കുവാൻ ഉപകരിക്കുന്ന തൊഴിലുകൾ ഒന്നുംതന്നെ ഇന്ന് സ്കൂളുകളിൽ പഠിപ്പിക്കുന്നില്ലല്ലോ. ഈ അവസ്ഥ നിലവിലിരിക്കുംകാലം വിദ്യാഭ്യാസം ഇല്ലാത്ത മാതാപിതാക്കന്മാർക്ക്, അവരുടെ കുഞ്ഞുങ്ങളെ സ്കൂളിൽ അയയ്ക്കാൻ എങ്ങനെ ഉൽസാഹം ഉണ്ടാകും?

## 4. അനൗപചാരിക വിദ്യാഭ്യാസം എങ്ങനെ നടത്തണം?

അനൗപചാരിക വിദ്യാഭ്യാസപദ്ധതികൾ വിജയിക്കണമെങ്കിൽ മേൽപ്പറഞ്ഞ പോരായ്മകളിൽനിന്നും അവ വിമുക്തമായിരിക്കണം. അവശവിഭാഗങ്ങൾക്ക് അവസരസമത്വവും, സാമൂഹ്യനീതിയും ലഭ്യമാക്കണമെന്ന ഉറച്ച വിശ്വാസത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെൻറിനുമാത്രമേ, അവർക്ക് വേണ്ടവിധത്തിലുള്ള പ്രവൃത്ത്യുന്മുഖ വിദ്യാഭ്യാസം ആവിഷ്ക്കരിക്കാൻ കഴിയുകയുള്ളു. ഒരിക്കലും സ്കൂളിൽ പോയിട്ടില്ലാത്തവർ, പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞ് പഠിത്തം നിറുത്തേണ്ടിവന്നവർ, ഹൈസ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കാതെ വിടേണ്ടിവന്നവർ എന്നിങ്ങനെയുള്ളവർക്കുവേണ്ടി തയ്യാറാക്കുന്ന പരിപാടികൾ അവരുടെ പ്രായത്തിലും അറിവിലുമുള്ള വ്യത്യാസങ്ങൾ കണക്കിലെടുക്കുന്നതിനു പുറമേ ഗ്രാമീണജീവിതത്തിനുവേണ്ട ആവശ്യങ്ങൾകൂടി കണക്കിലെടുത്തുവേണം രൂപീകരിക്കുവാൻ. അതുകൊണ്ട് ഇത്തരം വിദ്യാഭ്യാസപദ്ധതികൾക്ക് അവസാനരൂപം നൽകേണ്ടത് ഗ്രാമതലത്തിൽ തന്നെയായിരിക്കണം. പള്ളിക്കൂടങ്ങൾക്കൊപ്പം കുടുംബങ്ങൾ, തൊഴിലുടമകൾ, സാമൂഹ്യസംഘടനകൾ, ആരാധനാകേന്ദ്രങ്ങൾ, വായനശാലകൾ എന്നിവയെല്ലാം ഈ വിദ്യാഭ്യാസത്തിനെ സഹായിക്കുന്നവയായിരിക്കണം. തൊഴിലിനോട് ബന്ധപ്പെട്ട രീതിയിൽ നടത്തേണ്ടതാണെങ്കിലും, തൊഴിലിനുവേണ്ടി മാത്രമായിരി

ക്കരുത് അതിലെ ഉള്ളടക്കം. രാജ്യത്തിലെ ഉത്തമപൗരന്മാരായി ജീവിക്കുന്നതിനുവേണ്ടിയുള്ള അറിവും, കഴിവും, ആഭിമുഖ്യവും ഈ വിദ്യാഭ്യാസത്തിൽകൂടി വളർത്തിയെടുക്കേണ്ടതാണ്. അതുകൊണ്ട് രാജ്യത്തുള്ള പഠിതാക്കൾക്കെല്ലാവർക്കും വേണ്ട വിജ്ഞാനശകലങ്ങൾ ഈ വിദ്യാഭ്യാസത്തിൽ ഉൾക്കൊള്ളിക്കണം. ഓരോ ഗ്രാമീണജനതയുടേയും ആവശ്യങ്ങൾക്ക് അനുരൂപമായ കുടുതൽ അറിവ് പ്രത്യേകമായും നൽകണം.

ഒരു കേന്ദ്രസ്ഥാപനത്തിന് ഗ്രാമീണതലത്തിലുള്ള ജനങ്ങളുടെ ജീവിതവും തൊഴിലുമായി ബന്ധപ്പെട്ട ഒരു വിദ്യാഭ്യാസപദ്ധതി പൊതുവിൽ സംഘടിപ്പിച്ചു നടപ്പിലാക്കുവാനേ കഴിയുകയുള്ളു. ബാക്കി കാര്യങ്ങൾ എല്ലാം ഗ്രാമീണതലത്തിൽത്തന്നെ ചെയ്തുതീർക്കേണ്ടതാണ്. അതാതുസ്ഥലത്തുള്ള വിദ്യസമ്പന്നർ, തൊഴിലാളികൾ, കൃഷിക്കാർ തുടങ്ങിയവരെല്ലാം ഇതിൽ പങ്കാളികളാവുകയും, സ്കൂളുകൾ, വായനശാലകൾ, സാമൂഹ്യകേന്ദ്രങ്ങൾ മുതലായവയും മററു വിഭവങ്ങളും പൂർണ്ണമായും ഉപയോഗിക്കുകയുംവേണം. പഠനവിഷയങ്ങളും അവയുടെ ഉള്ളടക്കവും നിശ്ചയിക്കേണ്ടത് അതാതുസ്ഥലത്തെ ജനങ്ങളാണ്. അല്ലാതെ മററുള്ളവർ നിശ്ചയിച്ച കാര്യങ്ങൾ പഠിപ്പിക്കുകയാവരുത് അവരുടെ ജോലി.

ഒരു രാജ്യത്ത് ഇത്തരം അനൗപചാരികവിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിന് രണ്ട് മാർഗ്ഗങ്ങൾ ഉണ്ട്. ഒന്ന്, തെരഞ്ഞെടുത്ത ചില ഗ്രാമങ്ങളിൽ പരീക്ഷണാർത്ഥം ഏതാനും കേന്ദ്രങ്ങൾ സ്ഥാപിച്ച് അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്ഥാനം വിപുലപ്പെടുത്തുക. മിക്കവാറും ഈ തരത്തിലാണ് ഏഷ്യൻ രാജ്യങ്ങളിൽ അനൗപചാരികവിദ്യാഭ്യാസം ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ അധികംകാലം 'പൈലററ്'

പ്രോജക്ററുകൾ നടത്തി സമയം കളയാതിരിക്കുന്നതാണ് ജനങ്ങൾക്ക് ഇതിലുള്ള ഉൽസാഹം വർദ്ധിപ്പിക്കുന്നതിന് നല്ലത്. രാജ്യവ്യാപകമായ പ്രവർത്തനങ്ങൾക്കുള്ള കഴിവ് ഉണ്ടെന്നു കാണുന്നപക്ഷം അപ്രകാരംതന്നെ ചെയ്യണം. വിജയകരമായ പൈലററ് പ്രോജക്ററുകളുടെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം ചെയ്ത് ഉചിതമായവ സ്വീകരിച്ചുകൊണ്ട് ഇത് ചെയ്താൽ മതിയാകും ഇതാണ് രണ്ടാമത്തെ മാർഗ്ഗം.

## 5. ഉള്ളടക്കം എന്തായിരിക്കണം?

അനൗപചാരികവിദ്യാഭ്യാസത്തിൻെറ ഉള്ളടക്കത്തിൽ സാധാരണ പൗരജീവിതത്തിന് ആവശ്യമായ കാര്യങ്ങളാണ് പ്രധാനം. അക്ഷരാഭ്യാസം, കണക്ക്, സംഭാഷണം, പൗരധർമ്മം, സ്വന്തം നാട്ടിൻെറ ഭൂമിശാസ്ത്രപരവും, ചരിത്രപരവുമായ സാധാരണ വിവരണം, ആരോഗ്യവും പോഷകാഹാരവും, എന്നീ വിഷയങ്ങളാണ് ഇതിന് തെരഞ്ഞെടുക്കാറുള്ളത്. ഇത്രയും മാത്രമാണെങ്കിൽ ഔപചാരിക വിദ്യാഭ്യാസത്തിൽ പഠിപ്പിക്കുന്ന കാര്യങ്ങളിൽനിന്ന് ഈ പ്രസ്ഥാനം വ്യത്യസ്ഥമല്ലന്നുവരും. ഗ്രാമീണജനജീവിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഒന്നും തന്നെ ഇതിൽ ഉൾക്കൊള്ളാത്തതാണ് അതിനു കാരണം. അതുകൊണ്ട് പഠിതാക്കളുടെ ജീവിതരീതിയും, പൂർവ്വ പരിചയങ്ങളുംകൂടി കണക്കിലെടുത്തുകൊണ്ട് അതിൻെറ അടിസ്ഥാനത്തിൽ പടിപടിയായി അറിവും കഴിവും നൽകുന്നതിനുള്ള ഒരു രീതിയാണ് കൂടുതൽ ആകർഷകമെന്ന് കരുതിപ്പോന്നു. മേൽപ്പറഞ്ഞ വിഷയങ്ങൾ എല്ലാം തന്നെ ഈ വിധത്തിൽ കൈകാര്യം ചെയ്യാവുന്നവയത്രേ.

ഒരു മനുഷ്യൻെറ അനുഭവപരിചയം അയാളുടെ ജീവിതത്തിൻെറ സംഭാവനയാണ്. ചുററുപാടുമായും, അവിടെയുള്ള മനുഷ്യരുമായും ഇടപെട്ടതിൻെറ പാഠം; ഇവയെ മുൻനിർത്തി പുതിയ അനുഭവങ്ങൾ രൂപീകരി

ക്കുകയും അവയിലൂടെ പുതിയ അറിവ് സമ്പാദിക്കുക യുമാണ് പഠിതാക്കളുടെ കഴിവുകൾ വികസിക്കുന്നതിനുള്ള ഒരു നല്ല മാർഗ്ഗം. പുതിയ ആശയങ്ങൾ ഇങ്ങനെ സ്വന്തം അനുഭവങ്ങളിൽ നിന്ന് തന്നത്താൻ കണ്ടുപിടിക്കപ്പെടുന്നു. ഈ മാർഗ്ഗം അവലംബിക്കുകയാണെങ്കിൽ ആ വിദ്യാഭ്യാസത്തിൽ തൊഴിലിൻെറ പ്രധാന്യം വർദ്ധിക്കുന്നു. ഒരു പഠിതാവിൻെറ ജീവിതാനുഭവത്തിൻെറ വിലയേറിയ ഒരു ഭാഗമാണ് തൊഴിൽ. കോഴിവളർത്തലും, കന്നുകാലിമേയ്ക്കലും ചെറുപ്പത്തിലെ അവരുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൊച്ചു കുഞ്ഞുങ്ങളെ അവൻ ധാരാളമായി പരിചരിച്ചിട്ടുണ്ട്. പാടത്തിൽ പണിയെടുത്തിട്ടുണ്ട്. മീൻപിടുത്തത്തിലും ഏർപ്പെട്ടിട്ടുണ്ട്. ഇവയെ അടിസ്ഥാനമാക്കി പുതിയ അറിവുകൾ രൂപീകരിക്കുവാൻ സഹായിക്കുകയാണ് വിദ്യാഭ്യാസപ്രക്രിയയിലൂടെ നാം ചെയ്യേണ്ടത്. എഴുത്തും വായനയും എത്രത്തോളം പഠിച്ചു എന്നതല്ല കാതലായ പ്രശ്നം; എന്തെല്ലാം തരത്തിലുള്ള അനുഭവ സമ്പത്ത് ഒരാൾക്ക് സംഭരിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ്. അറിവിനേക്കാൾ കഴിവിനാണല്ലോ ജീവിതായോധനത്തിൽ പ്രാധാന്യം.

ഇങ്ങനെയുള്ള ഒരു വിദ്യാഭ്യാസപദ്ധതിയുടെ ഉള്ളടക്കം എന്തായിരിക്കണം എന്ന് നിശ്ചയിക്കുവാൻ ഓരോ ഗ്രാമത്തിലുമുള്ള പഠിതാക്കൾക്കല്ലാതെ മററാർക്കും സാദ്ധ്യമാകയില്ല. അവരുടെ ജീവിതത്തിൻെറ വെളിച്ചത്തിലാണ് ഒരോ കണ്ണിയും രൂപപ്പെടുത്തേണ്ടത്. വീട്ടിലും, തൊഴിൽശാലയിലും, സമൂഹത്തിലും നിന്ന് കിട്ടുന്ന അനുഭവസമ്പത്തിനെ സമാഹരിക്കുന്നതിലും, വിശകലനം ചെയ്യുന്നതിലും ഓരോ പഠിതാവിനെയും അദ്ധ്യാപകന് സഹായിക്കുവാൻ കഴിയും. സാമൂഹ്യ പ്രവർത്തനത്തിലും, ഉൽപ്പാദനത്തിലുംകൂടി അറിവ് സമ്പാദിക്കുവാൻ അവരെ സഹായിക്കുവാനും അദ്ധ്യാപകന് കഴിയും. പക്ഷേ ഈ പ്രവർത്തനങ്ങളെല്ലാം പഠിതാക്കളു

ടേതുതന്നെയായിരിക്കണം. സമൂഹത്തിൻെറ മുഴുവൻ കഴിവുകറം ഈ വിദ്യാഭ്യാസത്തിൽ അദ്ധ്യാപകനും പഠിതാക്കളും സമാഹരിച്ചു ഉപയോഗിക്കുകയും വേണം. ജീവിതപരിചയം നേടുക. അവയെക്കുറിച്ചുള്ള അറിവ് സമ്പാദിക്കുക, അവയെ പ്രവൃത്തിയിൽ വരുത്തുക, അങ്ങനെ അറിവിലുള്ള തെററുകറം തിരുത്തുക, എന്നിങ്ങനെയുള്ള ഒരു ശൃംഖലയിലൂടെയാണ് വിദ്യയും, അത് പ്രവർത്തിയിൽ വരുത്തുവാനുള്ള കഴിവും കരസ്ഥമാക്കേണ്ടത്. പഠിതാക്കറം പ്രവൃത്തികളിൽ ഏർപ്പെടുന്നത് ചെറുസംഘങ്ങളായി കൂട്ടുചേർന്ന് സഹകരിച്ചുവേണം. എങ്കിലേ ജീവിതത്തിൽ സഹകരണമനസ്ഥിതി വളർത്തുവാൻ കഴികയുള്ളു. ചർച്ചയും പ്രവൃത്തിയും ഇങ്ങനെ കൂട്ടുചേർന്നാൽ, ഒരു ഉത്തമപൗരനെന്നനിലയിൽ ജീവിക്കുന്നതിന് അത് വളരെ സഹായകരമാകും.

ഈ ആശയങ്ങറം മുമ്പിൽ വച്ചുകൊണ്ട് ഒരു പഠനക്രമം ആവിഷ്ക്കരിക്കുവാൻ ശ്രമിക്കണം. ആദ്യം വേണ്ടത് നാട്ടിൻെറ സാമൂഹ്യവും, സാമ്പത്തികവും, സാംസ്ക്കാരികവുമായ പശ്ചാത്തലം പരിശോധിക്കയാണ്. അതിൻെറ വളർച്ചക്ക് ആവശ്യമായ കാര്യങ്ങറം എന്തെല്ലാമെന്ന് തുടർന്ന് ചിന്തിക്കണം. ആയതിലേക്ക് ഓരോ പഠിതാവും എന്തെന്തു കഴിവുകറം വികസിപ്പിച്ചെടുക്കണമെന്ന് അടുത്തതായി നിശ്ചയിക്കണം. അതോടൊന്നിച്ചുതന്നെ ദേശീയാടിസ്ഥാനത്തിൽ എന്തെല്ലാം അറിവുകളും, കഴിവുകളും, വീക്ഷണങ്ങളും വികസിപ്പിച്ചെടുക്കണമെന്നും തീർച്ചയാക്കണം. എന്നിട്ട് ഇവയെ മുൻനിറുത്തി അറിവ് സമ്പാദിക്കാനും കഴിവ് വർദ്ധിപ്പിക്കാനും വേണ്ട കരുക്കറം എന്തെല്ലാമെന്ന് എഴുതി ഉണ്ടാക്കണം. പഠിക്കാനും പ്രവർത്തിക്കാനുമുള്ള പരിപാടികറം അതിനനുസരിച്ച് ഉറംക്കൊള്ളിക്കണം.

ജീവിതപ്രശ്നങ്ങളേയോ, തൊഴിൽപ്രശ്നങ്ങളേയോ കേന്ദ്രീകരിച്ചുകൊണ്ട് പാഠങ്ങറം നടത്താനുള്ള യൂണി

ററുകഠം എഴുതി ഉണ്ടാക്കുക വളരെ പ്രയാസപ്പെട്ട ഒരു കാര്യമാണ്. ജീവിതപ്രശ്നങ്ങഠം എപ്പോഴും കുഴഞ്ഞവയായിരിക്കും. പല വിഷയങ്ങളിലായി നാം വിഭജിച്ചു കാണാറുള്ള അറിവിൻെറ ശകലങ്ങഠം ഒരുമിച്ചു കൊണ്ടുവന്ന് പരിശോധന നടത്തിയാലേ ഏതെങ്കിലുമൊരു പ്രശ്നത്തിന് പോംവഴി കാണുവാൻ കഴിയുകയുള്ളു. അതുകൊണ്ട് വിദ്യാഭ്യാസപ്രവർത്തകർ മാത്രംചേർന്ന് ഒരു പാഠ്യപദ്ധതി രൂപീകരിക്കുവാനോ പൂർണമായി കൈകാര്യം ചെയ്യുവാനോ കഴിയുകയില്ല. കൃഷിയിലും, തൊഴിലുകളിലും, ആരോഗ്യപ്രവർത്തനത്തിലും, ഭരണത്തിലും, പങ്കെടുത്ത് പരിചയം സിദ്ധിച്ച പലരുടേയും സഹായസഹകരണം ഇതിന് ആവശ്യമാണ്.

## 6 അദ്ധ്യയനരീതികഠം

പ്രശ്നങ്ങഠം ഉന്നയിച്ച് അവയ്ക്ക് പരിഹാരം കാണുക എന്നത് വിദ്യാഭ്യാസത്തിനു പററിയ ഏററവും ഉത്തമമായ മാർഗ്ഗങ്ങളിൽ ഒന്നാണ്. ഗുണദോഷവിചിന്തനം ചെയ്ത് വിവേകപൂർവ്വം ചിന്തിക്കുന്നതിനും, ആത്മവിശ്വാസം വളർത്തുന്നതിനും സ്വതന്ത്രമായി തീരുമാനങ്ങളിൽ എത്തുന്നതിനുള്ള കഴിവ് വളർത്തുന്നതിനും, ഈ രീതി സഹായിക്കുന്നു. പള്ളിക്കൂടങ്ങളിൽ ഈ ബോധനമാർഗ്ഗം അവലംബിക്കുമ്പോഠം സാധാരണയായി ഉന്നയിക്കുന്ന പ്രശ്നങ്ങഠം എല്ലാംതന്നെ വെറും ബുദ്ധിപരമായ കാര്യങ്ങളെ സംബന്ധിച്ചവയായിരിക്കും. അവയ്ക്ക് സധാരണക്കാരൻെറ ജീവൽപ്രശ്നങ്ങളുമായി പലപ്പോഴും ബന്ധമുണ്ടെന്ന് വരികയില്ല. പാവപ്പെട്ടവരുടേയും അവശത അനുഭവിക്കുന്നവരുടേയും പ്രശ്നങ്ങഠം, കൃഷിക്കാർ, തൊഴിലാളികഠം, എന്നിവരുടെ സാമൂഹ്യപ്രശ്നങ്ങഠം മുതലായവ മിക്കവാറും അവയിൽ ഉഠംപ്പെടാറില്ല. അനൗപചാരികവിദ്യാഭ്യാസത്തിൽ കൈകര്യം ചെയ്യേണ്ടത് മനുഷ്യൻെറ ജീവിത പ്രശ്നങ്ങളായിരിക്കണം. സമൂഹത്തെ അലട്ടുന്ന നീറുന്ന പ്രശ്നങ്ങളെ നേരി

ടാനാണ്. ശ്രമിക്കേണ്ടത്, ദാരിദ്ര്യം എങ്ങനെ ഇല്ലാതാക്കാം എന്നതും, സമൂഹത്തിൽ സൗഹാർദ്ദവും സഹകരണവും എങ്ങനെ വളർത്താമെന്നുള്ളതും, കൃഷിയിലും തൊഴിലിലും ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തുചെയ്യണമെന്നുള്ളതും, വിതരണം എല്ലാവിഭാഗം ജനങ്ങൾക്കും നീതി ലഭിക്കത്തക്കവിധം എങ്ങനെ നടപ്പാക്കാമെന്നതും ഇത്തരത്തിലുള്ള പ്രശ്നങ്ങളാണ്. ഇവ ചർച്ച ചെയ്യുമ്പോൾ പാവപ്പെട്ടവനും, ഇല്ലാത്തവനും, കഷ്ടത അനുഭവിക്കുന്നവനും, ചൂഷണത്തിന് വിധേയനായവനുമെല്ലാം സജീവം അതിൽ പങ്കെടുക്കും. കാരണം ഇവ അവൻെറ ദൈനംദിന ജീവിതത്തെ അലട്ടുന്ന പ്രശ്നങ്ങളുടെ ഒരു ഭാഗമാണെന്നുള്ളതുതന്നെ.

വളരെക്കാലമായി അവശത അനുഭവിച്ചു ശീലിച്ച ജനങ്ങൾ പലപ്പോഴും അവരുടെ കഷ്ടതകൾക്കുള്ള കാരണം വിധിയെന്നു വിശ്വസിക്കുന്നു. വിധിയെ മറിച്ചെഴുതാൻ ദൈവത്തിനല്ലാതെ മനുഷ്യർക്ക് സാദ്ധ്യമല്ലെന്നുള്ള വിചാരംമൂലം വിധിക്കെതിരായി പ്രവർത്തിക്കുവാൻ അവർ മടിക്കുന്നു. പരാജയബോധത്തോടുകൂടി അവരുടെ ജീവിതത്തോടുള്ള മല്ലിടൽ വിജയസാധ്യത തകർത്തുകളയുന്നു. അപകർഷതാബോധം അവരിൽ ജനിക്കുന്നു. അവരെപ്പററിയുള്ള വിശ്വാസവും അഭിമാനവുമെല്ലാം നിരാശരായ അവർ കൈവെടിയുന്നു. തങ്ങളെ കേവലം മൃഗങ്ങളെപ്പോലെ കരുതി, തങ്ങളോടു ക്രൂരമായി പെരുമാറുന്ന ഉന്നതൻമാരോട വെറുപ്പു തോന്നുമെങ്കിലും പലപ്പോഴും അതുസഹിച്ചുകൊണ്ട് അടിമകളെപ്പോലെ അവർ ജോലിചെയ്യുന്നു. ഈ അവശതാബോധവും, അപകർഷതാബോധവും ഉച്ചാടനംചെയ്യുകയാണ് സാമൂഹ്യപരിവർത്തനത്തിലേക്കുള്ള ആദ്യപടി. ആത്മവിശ്വാസവും ആത്മാഭിമാനവും, എല്ലാവരിലും വളർത്തുക എളുപ്പമുള്ള കാര്യമല്ല. അവനവൻെറ ബുദ്ധിയും കഴിവും ഉപയോഗിച്ചു പ്രവർത്തിച്ചാൽ ദാരിദ്ര്യത്തിൽ നിന്നും മോചനംനേടി ജീവിതം ശോഭനമാക്കാമെന്ന

വിശ്വാസംഎപ്പോഠം ഉണ്ടാകുന്നുവോ അന്ന് ഓരോ മനുഷ്യനും ഒരു പുതിയ മനുഷ്യനാകും. അനൗപചാരികവിദ്യാഭ്യാസത്തിൻെറ ഉള്ളടക്കം നിശ്ചയിക്കുമ്പോഠം ഈ പരിവർത്തനത്തെ സഹായിക്കുന്നതിന് ഏതെല്ലാം വിഷയങ്ങളാണ് ചേർക്കേണ്ടത്, ഏതെല്ലാം പഠനമാർഗ്ഗങ്ങളാണ് സ്വീകരിക്കേണ്ടത്, ഏതെല്ലാം അനുഭവങ്ങളാണ് അവർക്ക് നൽകേണ്ടത് എന്നു മനസ്സിലാക്കി അവയ്ക്ക് മുൻതൂക്കം നൽകണം. അറിവിനുവേണ്ടിയുള്ള അറിവിന് ഇവിടെ പ്രസക്തിയില്ല. ജീവിതായോധനത്തിന് വേണ്ട കഴിവുകഠം വർദ്ധിപ്പിക്കുകയാണ് ലക്ഷ്യം. ലോകത്തിൽ ശാസ്ത്രത്തിൻേറയും സാങ്കേതികജ്ഞാനത്തിൻേറയും സമ്മർദ്ദംമൂലം ഉൽപ്പാദനമാർഗ്ഗങ്ങളും, ഉൽപ്പാദനത്തിനുള്ള ഉപകരണങ്ങളും പരിഷ്ക്കരിക്കപ്പെട്ടുവരുന്ന ഒരു കാലമാണിത്. ഈ പുതിയ അറിവുകഠം സ്വീകരിച്ച് പ്രയോഗത്തിൽ വരുത്തുന്നതിനുള്ള മാനസാന്തരം സൃഷ്ടിക്കുകയാണ് പ്രഥമവും പ്രധാനവുമായ ഒരു കാര്യം. അതോടൊന്നിച്ച് സമത്വസുന്ദരമായ ഒരു പുതിയ ലോകം സൃഷ്ടിക്കുന്നതിൽ അവർ വഹിക്കുന്ന പങ്കിനെപ്പററിയും അവർ ബോധവാൻമാരാകേണ്ടിയിരിക്കുന്നു. എങ്കിലേ ഉച്ചനീചത്വത്തിനെതിരെയും അനാചാരങ്ങഠംക്കെതിരെയും പടവെട്ടുന്നതിന് അവർ മുന്നോട്ടുവരികയുള്ളു. ഏതെല്ലാം കാര്യങ്ങളാണ് ഈ പുതിയ അറിവുകഠം നൽകുന്നതിനായി ചെയ്യേണ്ടത്? പഠനങ്ങഠം, പ്രവർത്തനങ്ങഠം, പഠനയാത്രകഠം, ചർച്ചകഠം എന്നിങ്ങനെ പലതുമുണ്ടാകും. അവ വിവേകപൂർവം തെരഞ്ഞെടുക്കുക.

പാഠ്യപദ്ധതിയിൽഎന്നപോലെ പഠനമാർഗ്ഗങ്ങളിലും ഒരു പുതിയ സമീപനമാണ് ആവശ്യം. അദ്ധ്യാപകൻ പഠിപ്പിക്കുന്നതിനു പകരം ചെയ്യേണ്ടത് പഠിതാക്കളെ തന്നത്താനെയോ, കൂട്ടുചേർന്നോ പ്രവർത്തിച്ച് സ്വന്തമായി പഠിക്കുന്നതിന് മാർഗനിർദേശം നൽകി സഹായിക്കുകയാണ്. ഔപചാരികവിദ്യാലയങ്ങളിൽ സാ

ധാരണ കാണാറുള്ള പുസ്തകവായനയും നീണ്ട പ്രസംഗങ്ങളും ഒരുപോലെ നിഷിദ്ധമാണിവിടെ. എന്തു പഠിക്കണമെന്നുള്ളതും അതു എങ്ങനെ പഠിക്കണമെന്നുള്ളതും പഠിതാക്കൾ തീർച്ചയാക്കണം. അദ്ധ്യാപകരിൽനിന്നും, കൂട്ടുകാരിൽനിന്നും, നാട്ടുകാരിൽനിന്നും പലതും പഠിക്കുവാൻ കാണും. തന്നത്താൻ കണ്ടും കേട്ടും അറിവ് സമ്പാദിക്കുന്നതുപോലെ കൂട്ടുകാരുമായ് ചർച്ചചെയ്തും അദ്ധ്യാപകനേയും നാട്ടുകാരെയും ചോദ്യംചെയ്തും പലതും അറിയുവാൻ കഴിയും. കേട്ടു പഠിക്കുകയും, ചർച്ചചെയ്ത് പഠിക്കുകയും പോലെതന്നെ പ്രാധാന്യം കണ്ടുപഠിക്കുന്നതിനും ചെയ്തു പഠിക്കുന്നതിനും ഉണ്ടെന്നു മനസ്സിലാക്കി അദ്ധ്യാപകൻ പ്രവർത്തിക്കണം.

## 7 ഈ സമാന്തരവിദ്യാഭ്യാസം എന്തിനു്?

അനൗപചാരികവിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളും മാർഗങ്ങളും ഔപചാരികവിദ്യാഭ്യാസത്തിൻെറ ലക്ഷ്യങ്ങളിലും മാർഗങ്ങളിലും നിന്ന് എങ്ങനെ വ്യത്യസ്ഥമാണെന്ന് മുൻപറഞ്ഞ കാര്യങ്ങളിൽനിന്ന് മനസ്സിലാക്കാം. രണ്ടുതരം വിദ്യാഭ്യാസത്തിൻേറയും ലക്ഷ്യം മനുഷ്യനെ നല്ലവനാക്കിത്തീർക്കുകയാണ്—ഒരോരുത്തുരുടേയും അറിവും കഴിവും വർദ്ധിപ്പിച്ച് പ്രവർത്തിയെടുത്ത് ഉത്തമപൗരനായി ജീവിക്കുന്നതിന് അവനെ സഹായിക്കുക. സ്നേഹവും, സഹകരണവും നിറഞ്ഞ ഒരു ലോകം സൃഷ്ടിച്ച് അതിൽ സന്തുഷ്ട ജീവിതം നയിച്ച് ജനസേവയിൽക്കൂടെ ജൻമസാഫല്യം നേടുന്നതിന് അവനെ പ്രാപ്തനാക്കുക. ഔപചാരികവിദ്യാഭ്യാസത്തിൽ ഇക്കാര്യങ്ങളെല്ലാം ചെയ്യുന്നതിന് മനുഷ്യനെ പ്രേരിപ്പിക്കുന്നതിനുള്ള ഏക മാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നത് ബുദ്ധി വികസിപ്പിക്കുതിനുള്ള അറിവ് നൽകലാണ്. പുസ്തകവായനയിൽനിന്നും കിട്ടുന്ന അറിവ് മനുഷ്യൻെറ മസ്തിഷ്കം വികസിക്കുവാൻ സഹായിക്കുന്നു. പക്ഷേ അത് അവൻെറ ഹൃദയം ലോലമാക്കി പാവ

പ്പെട്ടവൻെറയും തൊഴിലാളിയുടേയും ബുദ്ധിമുട്ടുകളിൽ അലിഞ്ഞുചേരുവാൻ വേണ്ടിടത്തോളം സഹായകമാകുന്നില്ല. കൈകൊണ്ട് പ്രവൃത്തിയെടുക്കുന്നവനു മാത്രമേ തൊഴിലാളികളുടെ ബുദ്ധിമുട്ട് മനസ്സിലാകൂ. തൊഴിലിൽ കൂടിയാണ് നമുക്ക് ഉണ്ണാനും ഉടുക്കാനും ഉള്ള സകല സൗകര്യങ്ങളും ഉണ്ടാകുന്നത് എന്നുള്ള സത്യം മനസ്സിലാക്കിക്കഴിയുമ്പോഠം മാത്രമേ തൊഴിലാളിയെ ബഹുമാനിക്കാനുള്ള സൗമനസ്യം ഉണ്ടാകുകയുള്ളു. പള്ളിക്കൂടത്തിൽവച്ച് ഏതെങ്കിലും തൊഴിൽ ചെയ്യാൻ പഠിക്കുകയും ആ തൊഴിലിൽകൂടി വേണ്ടിവന്നാൽ ജീവിക്കുവാൻ തക്ക കരുത്ത് സമ്പാദിക്കുകയും ചെയ്തു കഴിഞ്ഞാൽ ആർക്കും ഭാവിയെ നേരിടുന്നതിന് ഭയം ഉണ്ടാകുകയില്ല. ഇക്കാര്യങ്ങഠം മനസ്സിലാക്കിയതുകാരണം അടുത്തകാലത്ത് സ്കൂളുകളിൽ തൊഴിൽ പരിചയം ഒരു വിഷയമായി ചേർത്തിരിക്കുന്നു. ഈ തൊഴിൽ പരിചയം ഔപചാരികവിദ്യാഭ്യാസത്തെ കുട്ടികളുടെ ജീവിതവുമായി ബന്ധപ്പെടുത്താൻ ഉപകരിക്കും. തൊഴിൽ പരിചയത്തിൽ ശരിയായവിധമുള്ള ജ്ഞാനവും കഴിവും വളർത്തുന്നതിന് വിദ്യാർത്ഥികഠംക്ക് സമൂഹവുമായി പങ്കുചേരേണ്ടിവരും. അന്ന് ഔപചാരികവിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാതെ പുറത്തുപോയ വിദ്യാർത്ഥികഠംക്ക് അൽപ്പകാലത്തെ അനൗപചാരിക വിദ്യാഭ്യാസത്തിനുശേഷം വീണ്ടും സ്കൂളിലേക്ക് തിരിച്ചുപോകുവാൻ കഴിയും. ഏതൊരു കുട്ടിക്കും ഔപചാരികവിദ്യാഭ്യാസം - പ്രാഥമികവും, സെക്കൻററിയും - ഇങ്ങനെ പൂർത്തിയാക്കാനുള്ള അവസരം അന്നുമാത്രമേ ലഭിക്കൂ. ഔപചാരികവിദ്യാഭ്യാസം പ്രവർത്ത്യുന്മുഖമാകുമ്പോഠം അവശവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികഠംക്ക് സമ്പന്ന വിഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളോട് കുറെയെങ്കിലും തുല്യതാബോധത്തോടുകൂടി കൂട്ടുചേർന്ന് പഠിക്കുവാനും സാധിക്കും. ഏത് കാലത്ത് ഇത് സാക്ഷാത്കരിക്കുവാൻ നമുക്ക് കഴിയുന്നുവോ, അന്നുമാത്രമേ

ഔപചാരിക വിദ്യാഭ്യാസത്തിന് അവശവിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ ആകർഷിക്കപ്പെടുകയുള്ളു; അന്നു മാത്രമേ തുടർന്നു പഠിക്കുവാനുള്ള ആഗ്രഹവും അവർക്ക് ഉണ്ടാകുകയുള്ളു. ഈ അവസ്ഥ ക്രമേണ നമ്മുടെ നാട്ടിൽ സംജാതമായി എന്നിരിക്കട്ടെ. എന്നാലും അനൗപചാരിക വിദ്യാഭ്യാസം കൂടാതെ കഴിയുകയില്ല. ഔപചാരിക വിദ്യാഭ്യാസം എല്ലാപേർക്കും കൊടുക്കുന്നതിനുവേണ്ട വിദ്യാലയങ്ങൾ നിർമ്മിക്കുന്നതിന് ധാരാളം പണം ആവശ്യമാണ്. അത് ഒരു രാജ്യത്തിനും താങ്ങാനാവില്ല.

## 8 പ്രവർത്തകപരിശീലനം

ഔപചാരികവിദ്യാഭ്യാസവും അനൗപചാരികവിദ്യാഭ്യാസവും തമ്മിലുള്ള വ്യത്യാസങ്ങളെ മുൻനിറുത്തിവേണം അദ്ധ്യാപകപരിശീലനം ആവിഷ്ക്കരിക്കേണ്ടത്. അറിവ് പകർന്നുകൊടുക്കുക എന്നതിനുപകരം അറിവ് സമ്പാദിക്കുവാൻ സഹായിക്കുക എന്ന മാർഗമാണ് അനൗപചാരികവിദ്യാഭ്യാസത്തിൽ അദ്ധ്യാപകർ സ്വീകരിക്കേണ്ടത്. സമൂഹത്തിൻെറ പശ്ചാത്തലം നല്ലവണ്ണം മനസ്സിലാക്കി അതിനോട് അയാൾ അലിഞ്ഞുചേരണം. പഠിതാക്കളായി വന്നുചേരുന്ന ഓരോരുത്തരുടേയും കുടുംബസ്ഥിതി, അറിവിൻെറ തോത്, കഴിവുകൾ, ആഗ്രഹങ്ങൾ, അനുഭവങ്ങൾ എന്നിവ മനസ്സിലാക്കുവാനുള്ള സാമർത്ഥ്യം അയാൾക്ക് ഉണ്ടാകണം. ചെറു സംഘങ്ങളായി പിരിഞ്ഞ് സമൂഹത്തിലെ പ്രവർത്തകരുമായി കൂട്ടുകൂടിയും, ചർച്ച ചെയ്തോ, പ്രവർത്തിച്ചോ അറിവ് സമ്പാദിക്കാൻ ഉതകുന്നവിധം പഠനരീതികൾ ആവിഷ്ക്കരിക്കാൻ അയാൾക്ക് വശംവേണം. സമൂഹത്തിൽ ലഭ്യമായ മനുഷ്യശക്തിയും, വിഭവശക്തിയും, ഉപയോഗിച്ച് പഠനസാമഗ്രികൾ ഉണ്ടാക്കുവാനും പഠനം നടത്തിക്കുവാനുള്ള പരിചയവും അയാൾ സമ്പാദിച്ചിരിക്കണം. മേൽപ്പറഞ്ഞ കാര്യങ്ങൾ ചെയ്യുന്നതിന് ഏററവും സഹായകമായി ഭവിക്കുന്നത് അതാതു സ്ഥലത്തുള്ളവരെ

തന്നെ അദ്ധ്യാപകരായി തെരഞ്ഞെടുക്കുമ്പോഴാണ്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർ ഔപചാരികവിദ്യാഭ്യാസത്തിനുവേണ്ട അദ്ധ്യാപകപരിശീലനം സിദ്ധിച്ചവരാണെങ്കിൽ അവർക്ക് ഒരു പുതിയ വീക്ഷണം വളർത്തിയെടുക്കുന്നതിനുള്ള പരിശീലനം മാത്രം നൽകിയാൽ മതിയാകും. എന്നാൽ സമൂഹസേവനം മാത്രം മുതലായുള്ള സന്നദ്ധസേവകരേയും, ഉൽസാഹം മാത്രം കൈവശമുള്ള വിദ്യാർത്ഥികളേയും പരിശീലിപ്പിക്കുമ്പോൾ അവർക്ക് പഠിപ്പിക്കുന്ന വിഷയങ്ങളിലും മാർഗങ്ങളിലും ഈ നവീനവീക്ഷണത്തോടൊപ്പം വേണ്ട അറിവും കഴിവും നൽകണം. പരിശീലനകാലത്തിന് പരിധി കൽപ്പിക്കുക അതുകൊണ്ട് സാദ്ധ്യമല്ല. ഹ്രസ്വകാലത്തെ പരിശീലനം കഴിഞ്ഞ് ഒരു കേന്ദ്രത്തിൽ ജോലിചെയ്യാൻ പോയിക്കഴിഞ്ഞാൽ ഒരു പ്രവർത്തകന് എല്ലാം അറിയാമെന്ന് വിചാരിക്കരുത്. പഠിതാക്കളുമായി ഇടപഴകുന്നതോടുകൂടി കൂടുതൽ കൂടുതൽ അറിവും കഴിവും അയാൾക്കു ലഭിക്കും. ഈ വക കാര്യങ്ങളെപ്പററി മററുള്ള അദ്ധ്യാപകരുമായി ചർച്ചചെയ്യുന്നതിന് കൂടെക്കൂടെ അയാൾക്ക് സൗകര്യമുണ്ടാക്കിക്കൊടുക്കണം. സ്വന്തമായി ക്ലാസ്സുകൾ നടത്തുന്നതു കൂടാതെ അന്യരെ വിളിച്ചുകൊണ്ടുവന്ന് ചർച്ചാക്ലാസ്സുകൾ നടത്തിക്കുന്നതിനുകൂടി അയാൾക്ക് കഴിയണം. ഒരു സാമൂഹ്യപ്രവർത്തകന് പൊതുവിജ്ഞാനം മാത്രമേ പല കാര്യങ്ങളിലും ഉണ്ടായിരിക്കുകയുള്ളു. കൃഷി, തൊഴിൽ, ആരോഗ്യം, കുടുംബക്ഷേമം എന്നിവയിൽ വൈദഗ്ധ്യം ഉള്ള ആളുകൾ ഗ്രാമത്തിനടുത്തുതന്നെ ഉണ്ടായിരിക്കും. അവരെ വിളിച്ച് ചർച്ചകൾ നയിക്കാൻ പ്രേരിപ്പിക്കുകയും അതിൽ അവരെ സഹായിക്കുകയും ആയിരിക്കും പലപ്പോഴും അദ്ധ്യാപകൻ ചെയ്യേണ്ടത്. അതുപോലെതന്നെ, ഓരോ തൊഴിലിലും ഏർപ്പെട്ടിരിക്കുന്നഗ്രാമവാസികളിൽ പലർക്കും അതേപ്പററി നല്ല അറിവു കാണും. അവരുടെ പരിചയസമ്പത്ത് മററുള്ളവർക്ക് പ്രയോജനപ്പെടുത്തുന്നതിന് അവരേയും ക്ഷണിച്ചുവരു

ത്തണം. ഈ നിലയിൽ നോക്കുമ്പോൾ അനൗപചാരിക വിദ്യാഭ്യാസത്തിന് നേതൃത്വം നൽകുന്ന ഒരാൾ ഒരദ്ധ്യാപകനേക്കാൾ കൂടുതൽ ഒരു സാമൂഹ്യപ്രവർത്തകനും ഒരു സംഘാടകനും ആണ്.

സ്കൂളുകളിൽ ചേരാത്തവരോ സ്കൂളിൽനിന്ന് പൊഴിഞ്ഞുപോയവരോ ആയി 15 വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ ധാരാളം ഉണ്ടായിരിക്കും. അവരുടെ കൂട്ടത്തിൽ അവരുടെ മാതാപിതാക്കന്മാരേയും ജ്യേഷ്ട സഹോദരീ സഹോദരന്മാരേയും കൂടെ ഇരുത്തി പഠിപ്പിക്കരുത്. കാരണം പലതാണ്. 15 വയസ്സിൽകുറഞ്ഞ വിദ്യാർത്ഥികളുടെ അഭ്യസനം അവരിൽ ആർക്കെങ്കിലും സ്കൂളിൽ ചേരണമെന്ന് തോന്നിയാൽ അതിനു സഹായകമായ വിധത്തിലായിരിക്കണം. അതുകൊണ്ട് സ്കൂളിൽ പഠിപ്പിക്കുന്ന വിഷയങ്ങൾ പഠനപദ്ധതിയിൽ ഉൾപ്പെടുത്തണം. ക്ലാസ്സുകൾ നടത്തുന്ന സമയത്തിലും നടത്തുന്ന വിധത്തിലും, ചെയ്യിക്കുന്ന തൊഴിലിലും മാത്രമേ വ്യത്യാസമുണ്ടായിരിക്കുകയുള്ളു. എന്നാൽ പ്രായമായവരുടെ ക്ലാസ്സുകളുടെ ഉദ്ദേശം ജീവിതപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ വേണ്ട അറിവും കഴിവും അവർക്ക് നൽകുകയാണല്ലോ? തൊഴിൽ ചെയ്തുകഴിഞ്ഞ് ക്ഷീണിച്ചായിരിക്കും പലരും പഠനകേന്ദ്രങ്ങളിലേക്ക് വരിക. പല പ്രശ്നങ്ങളും അവരെ അലട്ടുന്നുണ്ടാകും. അതുകൊണ്ട് അവരുടെ മനഃസ്ഥിതി പഠിത്തത്തിൽ പൂർണ്ണശ്രദ്ധ ചെലുത്തുന്നതിന് ചിലപ്പോൾ സഹായകരമായിരുന്നു എന്നു വരില്ല. പഠിക്കുന്നതിനുള്ള സാമർത്ഥ്യവും എല്ലാപേർക്കും ഒരുപോലെ ഉണ്ടായിരിക്കുകയില്ല. ഈ വക കാര്യങ്ങളെല്ലാം മനസ്സിലാക്കി സ്നേഹിതന്മാരുടെ നിലയിൽമാത്രം അവരോടു പെരുമാറണം. പല കാര്യങ്ങളിലും അവരുടെ സ്വാതന്ത്ര്യത്തിനും, അഭിമാനത്തിനും ഹാനിവരാത്തവിധം കാര്യങ്ങൾ നടത്തിക്കൊണ്ടുപോകണം. എങ്കിൽ മാത്രമേ അവർ പതി

വായി ക്ലാസ്സിൽ വരികയുള്ളൂ; അദ്ധ്യാപകന് പൂർണ്ണ സഹകരണം നൽകുകയുള്ളൂ; ഉൽസാഹത്തോടെ പഠിക്കുകയുള്ളൂ. പ്രായപൂർത്തിയായവരുടെ മനഃശാസ്ത്രം മനസ്സിലാക്കുന്നതിന് അവരുടെ നാട്ടുകാരനായ ഒരു സാമൂഹ്യപ്രവർത്തകന് വലിയ പ്രയാസം ഉണ്ടാകുകയില്ല. അയാൾ ഒരു സ്നേഹിതനെന്ന നിലവിട്ട് അദ്ധ്യാപകനെന്ന ഭാവം സ്വീകരിക്കാതിരുന്നാൽ മതി.

## 9 കേന്ദ്രങ്ങളുടെ നടത്തിപ്പ്

രാജ്യവ്യാപകമായി അനൗപചാരിക വിദ്യാഭ്യാസപദ്ധതികൾ നടപ്പിലാക്കി അവശവിഭാഗങ്ങൾക്ക് വിദ്യാഭ്യാസത്തിൽ അവസരസമത്വം ഉണ്ടാക്കുവാൻ ഗവൺമെൻറിൻെറ നേതൃത്വവും പ്രോൽസാഹനനും അത്യന്താപേക്ഷിതമാണ്. മിക്കവാറും എല്ലാ അവികസിത രാജ്യങ്ങളിലേയും, വികസിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളിലേയും ഗവൺമെൻറുകൾ ഈ പ്രശ്നത്തിൽ മുമ്പിലത്തേക്കാൾ ഇന്ന് ശ്രദ്ധചെലുത്തിയിട്ടുണ്ട്. ഒരു ദേശീയനയം നമ്മുടെ രാജ്യത്ത് അടുത്തകാലത്ത് പ്രഖ്യാപിക്കപ്പെട്ടത് നമുക്ക് അറിവുള്ള കാര്യമാണല്ലോ? ഇതിൻെറ അഭാവത്തിൽ അങ്ങിങ്ങ് ചില പ്രവർത്തനങ്ങൾ നടന്നിട്ടുള്ളത് മുഴുവനും സന്നദ്ധസംഘടനകളുടെ മേൽനോട്ടത്തിലായിരുന്നു. ഇനിയും സന്നദ്ധസംഘടനകളുടെ പ്രവർത്തനത്തിൽകൂടി അല്ലാതെ അനൗപചാരിക വിദ്യാഭ്യാസം വിജയകരമായി നടത്തുവാൻ സാദ്ധ്യമല്ല.

പക്ഷേ അവയെ ഏകോപിപ്പിച്ചു കൊണ്ടുപോകുവാൻ ഒരു കേന്ദ്ര സംഘടനയായി ഗവൺമെൻറ് മുമ്പിട്ടുനിന്നാൽ മാത്രമേ രാജ്യത്ത് എല്ലായിടത്തും ഒരുപോലെ ഇത് നടപ്പിലാക്കാൻ കഴിയൂ. ഈ ഏകോപനം നിലവിൽ വന്നാലും ഗ്രാമീണതലത്തിൽ സംഘടിപ്പിക്കുന്ന പഠനകേന്ദ്രങ്ങൾതന്നെ അവയുടെ പഠനപദ്ധതികൾ ആവിഷ്ക്കരിക്കയും, സമയം നിശ്ചയിക്കുകയും, മൂല്യനിർണ്ണയം നടത്തുകയും സ്വതന്ത്രമായി ചെയ്യണം. അല്ലാതെ കേന്ദ്ര

ത്തിൽനിന്ന് അടിച്ചേൽപ്പിക്കുന്ന ഒരു പദ്ധതി അപ്പടി നടപ്പിലാക്കുന്നതിൽ മാത്രം ശ്രദ്ധിക്കുന്ന തരത്തിലുള്ള നാമമാത്രമായ ഒരു വികേന്ദ്രീകരണം ഉണ്ടാകുവാൻ പാടില്ല. കേന്ദ്രത്തിൻെറ ഉത്തരവാദിത്വം നയരൂപീകരണത്തിലും ധനസഹായം ചെയ്യുന്നതിലും ഗ്രമതലത്തിലെ പ്രവർത്തനത്തെ ഏകോപിപ്പിക്കുന്നതിലുമായി ഒതുങ്ങിനിൽക്കണം. അല്ലാതെ ഒരു കേന്ദ്ര നേതൃത്വം, അത് ഒരു ഗവൺമെൻറായാലും ശരി, സന്നദ്ധസംഘടനയായാലും ശരി ഒരു രാജ്യത്തിലേക്കാകമാനം വേണ്ട പഠനപദ്ധതികരം ആവിഷ്ക്കരിച്ച് അതേപടി നടപ്പാക്കാൻ ശ്രമിക്കുന്നത് നന്നല്ല. ദേശീയമായ ചില ആവശ്യങ്ങരം അനൗപചാരികവിദ്യാഭ്യാസത്തിലൂടെ സാക്ഷാത്കരിക്കണമെന്ന് കാണും. അവ എന്തെല്ലാമെന്ന് ചൂണ്ടിക്കാണിക്കുകയും അവ പഠിപ്പിക്കുന്നതിലേക്ക് മാർഗദർശിയായി ഒരു കരടുരേഖ ഉണ്ടാക്കി നൽകുകയും ആകാം.

പുസ്തകങ്ങളും മററ് പഠനോപകരണങ്ങളും കേന്ദ്രനേതൃത്വം തയ്യാറാക്കണം. എന്നാൽ അവയിൽനിന്ന് ഓരോ ഗ്രാമീണകേന്ദ്രവും ആവശ്യമുള്ള ഭാഗങ്ങരം സ്വീകരിച്ചാൽ മതിയാകുമെന്ന് വ്യക്തമാക്കണം. അദ്ധ്യാപകന് ഈ പുസ്തകങ്ങരം സഹായകമായിരിക്കും. അയാരംക്ക് അതിൽനിന്ന് സ്വന്തമായി പാഠങ്ങരം തയ്യാറാക്കാൻ വേണ്ട അറിവ് ശേഖരിക്കാം. അതല്ലാതെ ഈ പുസ്തകങ്ങരം വച്ച് പഠിതാക്കളെ വാക്കും വാചകവും വിടാതെ പഠിപ്പിക്കാൻ ഉപയോഗിക്കരുത്. അങ്ങനെയായാൽ നാട്ടിലെ പ്രശ്നങ്ങരം ആവുകയില്ലല്ലോ അവിടെ ചർച്ച ചെയ്യുവാൻ കഴിയുക. ഓരോ കേന്ദ്രത്തിലും അവിടത്തെ പ്രശ്നങ്ങളെ സംബന്ധിച്ച വിഷയങ്ങരം ഉരംക്കൊള്ളിച്ചുകൊണ്ടുള്ള പഠനസാമഗ്രികരം പഠിതാക്കളും അദ്ധ്യാപകരും ചേർന്ന് നിർമ്മിക്കുന്നതാണ് ഉത്തമം. കേന്ദ്രനേതൃത്വം പുറത്തിറക്കുന്ന പുസ്തകങ്ങളും പഠനസാമഗ്രികളും ഗവേഷണങ്ങളുടെ പരിണതഫലമായിരിക്കുമെന്നുള്ളതുകൊണ്ട് അവയ്ക്ക് മെച്ചംകൂടും. അവ ഒഴി

ച്ചുകൂടാൻ കഴിയാത്ത പാഠ്യസഹായികളായി എന്നും നിലനിൽക്കും. എന്നാൽ ഈ പാഠ്യസഹായികളും അദ്ധ്യാപകരും പഠനകേന്ദ്രത്തെ നിയന്ത്രിക്കുന്ന ശക്തികളാവരുത്. അത് പഠിതാക്കളുടെ ആഗ്രഹങ്ങളും, ആവശ്യങ്ങളും, അനുഭവങ്ങളും തന്നെയായിരിക്കണം.

## 10 അനൗപചാരികവിദ്യാഭ്യാസവും ഗ്രാമവികസനവും

ഗ്രാമവികസനത്തിനു പററിയ മാർഗം കൃഷി വികസിപ്പിക്കുകയാണെന്ന് മുമ്പ് കരുതിയിരുന്നു. ഉൽപ്പാദനം വർദ്ധിപ്പിച്ചതുകൊണ്ടുമാത്രം ഗ്രാമവികസനം ഉണ്ടാകുകയില്ലെന്ന് പിന്നീട് മനസ്സിലായി. ഗ്രാമവികസനത്തിന് വേണ്ടത് ഓരോ ഗ്രാമീണപൗരനും ഓരോ പുതിയ മനുഷ്യനായി മാനസാന്തരപ്പെടുകയാണ്. അതിന് വിദ്യാഭ്യാസമാണ് മാർഗം. വിദ്യാഭ്യാസം കിട്ടുന്നതോടുകൂടി സമ്പന്നജീവിതത്തിൽ അവർക്ക് ആഗ്രഹം ജനിക്കുകയും അതിനുവേണ്ടി പ്രവർത്തിക്കുവാൻ അവർ മുമ്പോട്ടുവരികയുംചെയ്യും. പരിസരങ്ങൾ ശുചിയാക്കുക, നല്ല വീടുകൾ നിർമ്മിക്കുക, പോഷകാഹാരം കഴിക്കുക, കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം കൊടുക്കുക, വൈദ്യസഹായംതേടി എല്ലാവർക്കും ആരോഗ്യപരിരക്ഷണം നടത്തുക എന്നിവയെല്ലാം വിദ്യാഭ്യാസമുള്ള കൃഷിക്കാരനും തൊഴിലാളിക്കും മാത്രമേ ആവശ്യംവേണ്ട കാര്യങ്ങളാണെന്ന് തോന്നുകയുള്ളു. സാമൂഹ്യവും സാമ്പത്തികവുമായ നേട്ടങ്ങൾക്കുവേണ്ടി മനുഷ്യൻ സൃഷ്ടിച്ചിട്ടുള്ള സ്ഥാപനങ്ങൾ, അവയ്ക്കായി സ്വീകരിച്ചിട്ടുള്ള മാർഗങ്ങൾ, അവയിൽ നിലനിന്നുപോരുന്ന മനുഷ്യബന്ധങ്ങൾ എന്നിവയെല്ലാം അതോടുകൂടി മാറിത്തുടങ്ങും. തുടർന്ന് ഗ്രാമീണജനത പുതിയ തൊഴിലുകൾ കണ്ടെത്തുകയും അവയ്ക്കായി എല്ലാവർക്കും ഒരുപോലെ അവസരസമത്വം സൃഷ്ടിക്കുകയും അങ്ങനെ എല്ലാവർക്കും അവരവരുടെ ജീവിതം സുഭിക്ഷമാക്കുന്നതിനുള്ള കഴിവ് ഉണ്ടാക്കുകയും

ചെയ്യാം. പഴയ ഗ്രാമത്തിൻെറ മുഖഛായ അതോടുകൂടി പൂർണ്ണമായും മാറും.

## 11 തുടർവിദ്യാഭ്യാസം

1960-ൽ ക്യാനഡയിലെ മോൺട്രിയാലിൽ സമ്മേളിച്ച രണ്ടാം ലോക വയോജനവിദ്യാഭ്യാസ സമ്മേളനം "മാറിവരുന്ന ലോകത്തിനു വേണ്ട വയോജനവിദ്യാഭ്യാസത്തെ" പററി കൂലംകഷമായി ചർച്ചചെയ്തശേഷം "ജീവിതകാലം മുഴുവനും നീണ്ടുനിൽക്കുന്ന തുടർവിദ്യാഭ്യാസം" ആയിരിക്കണം അതിൻെറ ലക്ഷ്യം എന്നു തീരുമാനിച്ചു. യഥാർത്ഥ വിദ്യാഭ്യാസം ജീവിതത്തിനു ഉതകുന്ന വിധമായിരിക്കണമെന്നും, ആ പ്രക്രിയ ജീവിതകാലം മുഴുവൻ തുടരേണ്ട ഒന്നാണെന്നും, മഹാത്മാഗാന്ധി ഇതിനു വളരെക്കാലം മുമ്പുതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. അനൗപചാരികവിദ്യാഭ്യാസത്തിൻെറ ഒരു ഭാഗമായി ഇത്തരം തുടർ വിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുകൾ ചെയ്യാവുന്നതാണ്. വിദ്യാഭ്യാസത്തിൻെറ വില എന്തെന്നു മനസ്സിലാക്കിയ വിഭാഗങ്ങൾക്കുമാത്രമേ മുൻകാലങ്ങളിൽ പ്രായപൂർത്തിയായവർക്കു വേണ്ടിയുള്ള ഏതൊരു വിദ്യാഭ്യാസ പരിപാടിയും പ്രയോജനപ്പെട്ടിട്ടുള്ളു എന്ന ദുഃഖസത്യം 1972-ൽ ടോക്യോയിൽ കൂടിയ മൂന്നാം ലോക വയോജന വിദ്യാഭ്യാസ സമ്മേളനം വെളിച്ചത്തുകൊണ്ടുവന്നു. അതുമൂലം പാവപ്പെട്ട ഗ്രാമവാസികൾക്ക് തുടർവിദ്യാഭ്യാസം കൊണ്ട് പ്രയോജനം ഉണ്ടാകണമെങ്കിൽ അവർ താമസിക്കുന്നതോ, തൊഴിൽ ചെയ്യുന്നതോ ആയ സ്ഥലങ്ങളിൽവച്ചു തന്നെ നടത്തുന്നതായിരിക്കണം. നവസാക്ഷരർക്ക് തുടർന്ന് വായിക്കുവാനുള്ള പുസ്തകങ്ങളും, ചർച്ചചെയ്യുവാനും പ്രവർത്തിക്കുവാനും വേണ്ട സാഹചര്യങ്ങളും സമുദായം ഉണ്ടാക്കിക്കൊടുക്കണം.

തൊഴിലാളികൾക്ക് തൊഴിൽപരമായ ജ്ഞാനവും കഴിവും വർദ്ധിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഫാക്ററ

റികളും, ട്രേഡുയൂണിയനുകളും ഉണ്ടാക്കണം. അവിദഗ്ദ്ധതൊഴിലാളിയായി ജീവിതം ആരംഭിക്കുന്ന ഒരു പാവപ്പെട്ടവന് കഴിവുണ്ടെങ്കിൽ മാനേജർ വരെ ആകുവാൻ കഴിയത്തക്ക വിദ്യാഭ്യാസം ലഭ്യമാക്കണം. കറസ്പോണ്ടൻസ് കോഴ്സുകൾ റേഡിയോവിൽ കൂടിയോ, പോസ്ററിൽ കൂടിയോ നടത്തി അറിവ് പകരുന്ന സമ്പ്രദായം ഇന്ന് സാധാരണയാണ്. സർവ്വകലാശാലകൾ അതിൽ താൽപ്പര്യമെടുത്താൽ കോളേജുകളെ കേന്ദ്രമാക്കി എക്സ്ററൻഷൻ കോഴ്സുകൾ നടപ്പിലാക്കാൻ കഴിയും. സർട്ടിഫിക്കററ് കോഴ്സുകൾ, ഡിപ്ലോമാകോഴ്സുകൾ, ഡിഗ്രികോഴ്സുകൾ എന്നിവയെല്ലാം ഏർപ്പെടുത്തി നടത്തുവാൻ സർവ്വകലാശാലകൾ മുമ്പോട്ടുവരേണ്ടിയിരിക്കുന്നു.

ഇൻഡ്യയിലെ ജനങ്ങളിൽ 80 ശതമാനവും ഗ്രാമങ്ങളിലാണ് വസിക്കുന്നത് എന്ന കാര്യം പരിഗണിക്കുമ്പോൾ അവരുടെ ഇടയിൽചെന്ന് അവർക്ക് പ്രചോദനം നൽകാൻ കഴിയാത്ത സർവ്വകലാശാലകൾ എങ്ങനെ ജനങ്ങൾക്ക് പ്രയോജനപ്പെടുന്നു എന്നു ചോദിച്ചുപോകും. ഗ്രാമീണതലത്തിൽ പ്രവർത്തിക്കുന്നതിന് കഴിവുള്ള അനൗപചാരിക വിദ്യാഭ്യാസപ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനുള്ള കോഴ്സുകൾ നടത്തുന്നത് പ്രയാസകരമല്ലാത്ത ഒരു കാര്യമായതുകൊണ്ട് ഏതൊരു സർവ്വകലാശാലക്കും അത് ഉടനെ ചെയ്യാവുന്നതാണ്. ഇതോടുകൂടി അതിനുവേണ്ട ബോധനമാദ്ധ്യമങ്ങളിൽ ഗവേഷണവും ആരംഭിക്കാം. കാർഷികകോളേജുകാർ ഇന്ന് നടത്തിവരുന്ന തരത്തിലുള്ള എക്സ്ററൻഷൻ സർവ്വീസ് പ്രവർത്തനങ്ങൾ സർവ്വകലാശാലാഫാക്കൽററികൾക്കെല്ലാം തന്നെ സാമാന്യവിജ്ഞാനവും ശാസ്ത്രവിജ്ഞാനവും നൽകുന്നതിനായി ഏർപ്പെടുത്തുവാൻ കഴിയും. സർവ്വകലാശാലകൾ നാട്ടുംപുറത്ത് ഇങ്ങനെ ചെന്നെത്തുമ്പോൾ സമാധാനപരമായ ഒരു വിപ്ളവം ഈ നാട്ടിലുണ്ടാവും.

ഭാഗം രണ്ട്

# പ്രവർത്തനശൈലി

## ആമുഖം

അനൗപചാരികവിദ്യാഭ്യാസം നടപ്പാക്കുന്നതിന് മുന്നിട്ടിറങ്ങുന്ന സന്നദ്ധസേവകർ അതിൻെറ താത്വികാടിസ്ഥാനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ഈ തത്വികാടിസ്ഥാനങ്ങളാണ് ഒന്നാംഭാഗത്തിൽ വിശദീകരിച്ചത്. ഏഷ്യയിലെ വികസിച്ചുകൊണ്ടിരിക്കുന്ന എല്ലാ രാജ്യങ്ങളിലും ഇന്ന് അനൗപചാരികവിദ്യാഭ്യാസം തുടങ്ങിയിട്ടുണ്ട്. അവരുടെ പ്രവർത്തനങ്ങളിൽ ഈ തത്വങ്ങൾ എങ്ങിനെ പ്രായോഗികമാക്കിയിരിക്കുന്നു എന്ന് പരിശോധിക്കുന്നത് അവയെ കൂടുതൽ മനസ്സിലാക്കുവാൻ സഹായകമാകും. ഇറാൻ, തായ്‌ലണ്ട്, ഫിലിപ്പൈൻസ്, ഇൻഡോനേഷ്യ, സിലോൺ, ബർമ്മ എന്നീ രാജ്യങ്ങളിൽ നടപ്പിലാക്കിയിട്ടുള്ള അനൗപചാരികവിദ്യാഭ്യാസത്തിൻെറ ഒരു ഏകദേശരൂപം രണ്ടാം ഭാഗത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഏതെങ്കിലും ചില പ്രത്യേകതകൾ ഒരോ രാജ്യത്തിൻെറ പ്രവർത്തനത്തിലും കാണും. ഇവ മന

സ്സിലാക്കിയശേഷം നിരൂപണബുദ്ധ്യാ, വായിച്ച് പഠിക്കുന്നതിന് സഹായകമാകത്തക്കവണ്ണം ഇൻഡ്യയിൽ അനൗപചാരികവിദ്യാഭ്യാസം എങ്ങിനെ ആവിഷ്ക്കരിച്ചിരിക്കുന്നു എന്ന് വിവരിച്ചിരിക്കുന്നു. ഇൻഡ്യ ഒരു ഉപഭൂഖണ്ഡമായതുകൊണ്ട് പല സ്ഥലത്തും പല വിധമായിരിക്കും ഈ പ്രവർത്തനങ്ങളുടെ വ്യാപ്തിയും, പുരോഗതിയും. ബോംബെ നഗരത്തിലേയും തമിഴ്നാട്ടിലേയും അനൗപചാരികവിദ്യാഭ്യാസപ്രവർത്തനങ്ങളുടെ ഒരു ചെറിയ വിവരണംകൂടി അതുകൊണ്ട് ചേർത്തിട്ടുണ്ട്. ഏററവും ഒടുവിലായി നമ്മുടെ സംസ്ഥാനമായ കേരളത്തിൽ അനൗപചാരികവിദ്യാഭ്യാസം എങ്ങിനെ നടക്കുന്നു എന്ന് പ്രതിപാദിച്ചിരിക്കുന്നു.

## 1 ഇറാൻ

പ്രായപൂർത്തിയാകാത്തവരുടെയും പ്രായപൂർത്തിയായവരുടെയും ഇടയിലുള്ള സാക്ഷരതാപ്രവർത്തനങ്ങൾ പ്രത്യേകമായിട്ടാണ് ഇവിടെ നടത്തുന്നത്. ഇതിൻെറ ചുമതല വഹിക്കുന്നത് വിദ്യാഭ്യാസമന്ത്രികാര്യാലയമാണെങ്കിലും സഹകരണത്തിനും ഗ്രാമീണകാര്യങ്ങൾക്കുമായുള്ള മന്ത്രികാര്യാലയം, തൊഴിലിനും സാമൂഹ്യകാര്യങ്ങൾക്കുമായുള്ള മന്ത്രികാര്യാലയം. യുദ്ധമന്ത്രികാര്യാലയം, ഇറാനിയൻ വനിതാസംഘടന എന്നിവയുമായി ഒന്നുചേർന്നാണ് കാര്യങ്ങൾ നടത്തുന്നത്.

ഗ്രാമപ്രദേശങ്ങളിലെ ജനങ്ങളെ എഴുത്തും വായനയും പഠിപ്പിക്കാൻവേണ്ടി ആവിഷ്കരിച്ചിട്ടുള്ള വിദ്യാഭ്യാസ പരിപാടികൾ എത്രയും ചുരുങ്ങിയ കാലയളവിൽ നടപ്പിലാക്കുന്നതിനായി സംഘടിപ്പിച്ചിട്ടുള്ള ഒരു വിഭാഗമാണ് 'സാക്ഷരതാസേന' (Literacy Corps). സൈനികസേവനത്തിനർഹരായ യുവതീയുവാക്കളിൽനിന്ന് ഹൈസ്കൂൾ ഘട്ടം പൂർത്തിയാക്കിയവരെയാണ് സാക്ഷരതാ

സേനയിലേക്ക് തെരഞ്ഞെടുക്കുക. കുറെക്കാലത്തെ സൈനികപരിശീലനവും അദ്ധ്യാപന പരിശീലനവും കഴിഞ്ഞ്, അവരെ ഗ്രാമപ്രദേശങ്ങളിലേയ്ക്ക് അദ്ധ്യാപകരായി നിയോഗിക്കുന്നു. ഗ്രാമീണരുടെ സഹായസഹകരണങ്ങൾ ഉപയോഗിച്ചുകൊണ്ടും, ഗവൺമെൻറിൽനിന്നുള്ള നിയന്ത്രണങ്ങളിൽനിന്ന് സ്വതന്ത്രമായി പ്രവർത്തിച്ചുകൊണ്ടും വളരെ കാര്യക്ഷമമായി പരിപാടികൾ മുന്നോട്ടുകൊണ്ടുപോകാൻ സാക്ഷരതാസേനയിലെ അംഗങ്ങൾക്ക് കഴിയുന്നു.

6 മാസത്തെ പരിശീലനത്തിനുശേഷമാണ് സാക്ഷരതാസേനയിലെ അദ്ധ്യാപകർ പഠിപ്പിക്കാൻ പോകുന്നത്. 18 മാസക്കാലം പഠിപ്പിച്ചുകഴിഞ്ഞാൽ അവർക്ക് പ്രാഥമികസ്ക്കൂളുകളിൽ അദ്ധ്യാപക നിയമനം കിട്ടാം.

വയോജനവിദ്യാഭ്യാസരംഗത്ത് പ്രശസ്ത സേവനത്തിന് യുനെസ്കോ നൽകുന്ന രണ്ട് അവാർഡുകളിൽ ആദ്യത്തെ 'ഷാ പഹ്ലവി പ്രൈസ്' ഇറാനിലെ ഷാ ആണ് നൽകിയത്. രണ്ടാം സമ്മാനമായ 'ക്രൂപ്സ്കായാ' അവാർഡ് റഷ്യയുടെ സംഭാവനയാണ്.

## 2 തായ്‌ലണ്ട്

തായ്‌ലണ്ടിലെ വിദ്യാഭ്യാസമന്ത്രികാര്യാലയത്തിൽ വയോജനവിദ്യാഭ്യാസത്തിനായി ഒരു പ്രത്യേക വകുപ്പുണ്ട്. പല തരത്തിലുള്ള അനൗപചാരികവിദ്യാഭ്യാസ പദ്ധതികൾ ആ വകുപ്പിൻെറ ചുമതലയിൽ നടക്കുന്നുണ്ട്.

### 1 ഉദ്ദേശങ്ങൾ

സന്തുഷ്ടമായ ജീവിതം നയിക്കുന്നതിന് ജനങ്ങളെ സഹായിക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശം. സ്നേഹവും സൗഹാർദ്ദവും നിറഞ്ഞ ഒരന്തരിക്ഷം നാ

ട്ടിലുണ്ടാകണമെങ്കിൽ രാജ്യത്തെമ്പാടുമുള്ള ഗ്രാമവാസികരം സന്തുഷ്ടരായ മനുഷ്യരായിത്തീരണമല്ലോ.

## 2 പ്രധാനപരിപാടി

പ്രവൃത്യുന്മുഖ സാക്ഷരതാപരിപാടിയും കുടുംബക്ഷേമ പദ്ധതിയും ഒന്നുചേർന്നുള്ളതാണ് ഏററവും പ്രധാനമായ അനൗപചാരിക വിദ്യാഭ്യാസപദ്ധതി. ഇതിൻെറ വിശദാംശങ്ങരം തഴെ പറയുംപ്രകാരമാണ്.

a) പാഠ്യപദ്ധതി:— സാധാരണജനങ്ങളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും കണക്കിലെടുത്ത് തയ്യാറാക്കിയതാണ് പാഠ്യപദ്ധതി. ഇതിലേക്കായി ആദ്യം ഉദ്ദിഷ്ട ജനാവലിയുടെ ഭാഷ, ജീവിതരീതി, താമസസൗകര്യങ്ങരം മുതലായവയെപ്പററിയുള്ള ഒരു സർവ്വെ നടത്തുന്നു. തുടർന്ന് ഒരു പാഠ്യപദ്ധതി വികസനക്കമ്മെററി രൂപീകൃതമാവുന്നു. അതാതുസ്ഥലത്തെ പ്രമാണികളായ വിദ്യാഭ്യാസപ്രവർത്തകരേയും ഗ്രാമവികസനത്തിൽ താൽപ്പര്യമുള്ള പൊതുജനത്തെയും ഇതിൽ പങ്കാളികളാക്കുന്നു. പ്രശ്നങ്ങരം പരിശോധിച്ച് അവയ്ക്ക് വെളിച്ചം വീശുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഉതകുന്നവിധം ഇവർ പാഠപദ്ധതി തയ്യാറാക്കുന്നു. തൊഴിൽ, ആരോഗ്യം, സാമ്പത്തികകാര്യങ്ങരം, പൗരബോധം എന്ന് നാലു ഭാഗങ്ങളായി ജീവിതപ്രശ്നങ്ങളെ ക്രോഡീകരിച്ച് അതാത് ജനവിഭാഗങ്ങളുടെ നിലവാരമനുസരിച്ച് പ്രതിപാദിക്കുന്നു.

b) പഠനസാമഗ്രികരം:— പ്രായമായ പഠിതാക്കളിൽ അറിവു സമ്പാദിക്കാൻ ആഗ്രഹം ജനിപ്പിക്കുംവിധമായിരിക്കണം പഠനസാമഗ്രികരം തയ്യാറാക്കേണ്ടതെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. പ്രധാനമായും വെവ്വേറെ എടുക്കാവുന്ന കാർഡുകരം ഒന്നിച്ചുചേർത്താണ് പുസ്തകങ്ങരം നിർമ്മിക്കുക. ഓരോ പാഠവും എടുക്കുന്ന സമയത്ത് അതിനെ

സംബന്ധിച്ച കാർഡുകൾ പഠിതാക്കൾക്ക് നൽകുന്നു. അതുകാരണം എല്ലാ ക്ലാസ്സുകളിലും സംബന്ധിച്ചേ മതിയാവൂ എന്ന് അവർക്ക് തോന്നുമതേ. പാഠങ്ങൾ തീരുന്നതനുസരിച്ച് കിട്ടുന്ന കാർഡുകൾ ഒന്നിച്ചുചേർത്ത് അവർ തന്നത്താൻ പുസ്തകം കുത്തിക്കെട്ടും. വ്യത്യസ്ഥ സാഹചര്യങ്ങളുള്ള സ്ഥലങ്ങളിലേക്ക് വ്യത്യസ്ഥതരത്തിലുള്ള കാർഡുകൾ ഉൾക്കൊള്ളിച്ച് ഇത്തരം പുസ്തകങ്ങൾ നിർമ്മിക്കുവാൻ അദ്ധ്യാപകർക്കും കഴിയും. ഒരു കാർഡിൽ ഒരാശയം, അതിനെ സംബന്ധിച്ച ഒരു ചിത്രം എന്നിവ മാത്രമായിരിക്കും ഉള്ളടക്കം. ആശയം വേണ്ട നിലയിൽ വിവരിച്ചിരിക്കും. ഒരു ചോദ്യാവലിയും ചിലപ്പോൾ കാണും. പഠനസഹായികളായുള്ള പാഠപുസ്തകങ്ങളും കണക്കുപുസ്തകങ്ങളും വേറേയുമുണ്ട് ധാരാളം. അതുപോലെതന്നെ അദ്ധ്യാപകർക്കുവേണ്ടിയുള്ള ഗൈഡുബുക്കുകളും, വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പഠനോപകരണങ്ങൾ, ചാർട്ടുകൾ എന്നിവയും.

c) <u>അദ്ധ്യാപകപരിശീലനം:—</u> അദ്ധ്യാപകരധികവും പള്ളിക്കൂടങ്ങളിൽ പഠിപ്പിക്കുന്നവർതന്നെയാണ്. അവർക്ക് ഏഴുദിവസത്തെ പരിശീലനം അനൗപചാരിക വിദ്യാഭ്യാസകാര്യങ്ങളെക്കുറിച്ച് നൽകിയിരിക്കും. പഠനസാമഗ്രികൾ, ബോധനരീതി, മൂല്യനിർണ്ണയനരീതി എന്നിവയ്ക്ക് ഔപചാരികവിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്ന് വ്യത്യാസമുള്ളതുകൊണ്ടാണത്. കുറെ പഠിതാക്കളെ അൽപ്പസമയംവീതം പഠിപ്പിച്ചും പരിശീലനം നേടണം. ബോധനരീതികളിൽ പ്രധാനമായത് ചെറിയ സംഘങ്ങളായി പിരിഞ്ഞ് പ്രശ്നങ്ങൾ ചർച്ചചെയ്യുകയാണ്. മുമ്മൂന്നുമാസം കൂടുമ്പോൾ ഒരു സ്ഥലത്തെ അദ്ധ്യാപരെല്ലാം വീണ്ടും കൂടി അവരുടെ പരിചയസമ്പത്തിൻെറ അടിസ്ഥാനത്തിൽ ഒരു പുനരവലോകനം നടത്തി കൂടുതൽ അറിവുസമ്പാദിക്കും.

d) <u>പഠനരീതി:—</u> ഏററവും പ്രധാനമായ പഠനരീതി ചർച്ചയാണ്. അദ്ധ്യാപകൻ ചർച്ചയെ സഹായി

ക്കാൻ ഇടപെടാമെന്നല്ലാതെ പ്രധാന പങ്കാളിയാകരുത്. ഇരുന്നോ നിന്നോ സംസാരിക്കുന്നതിനും ഏത് രീതിയിൽ സംസാരിക്കുന്നതിനും സാമാന്യമര്യാദക്ക് നിരക്കുന്ന രീതിയിൽ എങ്ങനെ പെരുമാറുന്നതിനും പഠിതാക്കൾക്ക് സ്വാതന്ത്ര്യമുണ്ട്. ചർച്ചക്കുവേണ്ടി രൂപീകരിക്കുന്ന ഓരോ ചെറുസംഘവും ഒരു അദ്ധ്യക്ഷനേയും ഒരു കാര്യദർശിയേയും തെരഞ്ഞെടുക്കും. അദ്ധ്യാപകനെ കൂടാതെ ഓരോ വിഷയത്തെ സംബന്ധിച്ചും പരിചയസമ്പന്നരായ വിദഗ്ധന്മാരെ ക്ഷണിച്ചുവരുത്തി കൂടെക്കൂടെ ക്ലാസുകൾ എടുപ്പിക്കുകയും ചെയ്യുന്നു.

ഓരോ ദിവസവും ക്ലാസ്സു തുടങ്ങുമ്പോൾ ആദ്യമായി കഴിഞ്ഞദിവസത്തെ പാഠത്തെക്കുറിച്ച് ഒരു പുനരവലോകനം നടത്തുന്നു. അതുകഴിഞ്ഞ് ചർച്ചയിൽകൂടി പുതിയ കാര്യങ്ങൾ മനസ്സിലാക്കുവാൻ ശ്രമിക്കുന്നു. പ്രധാനകാര്യങ്ങൾ ബോർഡിൽ കുറിക്കുന്നു. തുടർന്ന് പാഠം വായിക്കാനോ കണക്ക് ചെയ്യാനോ തയ്യാറാവുന്നു.

e) <u>മൂല്യനിർണ്ണയം:—</u> മൂന്നുതരത്തിൽ മൂല്യനിർണ്ണയം നടത്തുന്നു. ആദ്യത്തേത്, പഠിതാക്കളുടെ മുന്നറിവ് പരിശോധിക്കലാണ്. രണ്ടാമത്തേത്, ചർച്ചകളിൽകൂടി കിട്ടിയ അറിവിന്റെ ആഴവും വ്യാപ്തിയും മനസ്സിലാക്കുന്നതിനുവേണ്ടിയുള്ളതാണ്. രണ്ടോ മൂന്നോ പരീക്ഷകൾ മുഖാന്തിരമായിരിക്കും ഇത് ചെയ്യുന്നത്. അവസാനത്തെ പരിശോധനയാണ് മൂന്നാമത്തേത്- അറിവിലും കഴിവിലും മനോവീക്ഷണത്തിലും വന്ന മാററങ്ങൾ മനസ്സിലാക്കുവാൻ.

f) <u>മററുകാര്യങ്ങൾ:—</u> ഒരു ക്ലാസ്സിൽ സാധാരണ ഇരുപത് അല്ലെങ്കിൽ ഇരുപത്തഞ്ച് പഠിതാക്കളാണുണ്ടായിരിക്കുക. പലപ്പോഴും സ്കൂളുകളിലാണ് ക്ലാസ്സുകൾ സംഘടിപ്പിക്കാറു പതിവ്. ചിലപ്പോൾ പഠിതാക്കളുടെ വീട്ടിൽവച്ചും ക്ലാസ്സുകൾ നടത്താറുണ്ട്. നാട്ടി

ലുള്ള ആരാധനാസ്ഥലങ്ങളിൽവച്ചും ക്ലാസ്സുകറം നട ത്താറുണ്ടത്രേ. ക്ലാസ്സുകറം നടത്തുന്ന സമയം പഠിതാ ക്കളുമായി ആലോചിച്ചാണ് തീർച്ചയാക്കുക. സ്കൂള ദ്ധ്യാപകരെ കൂടാതെ സന്നദ്ധസംഘങ്ങളിൽ അംഗങ്ങ ളായ സാമൂഹ്യപ്രവർത്തകരും ധാരാളമായി ഇന്ന് ഈ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

## 3 ഫിലിപ്പൈൻദ്വീപുകറം

### 1 അനൗപചാരികവിദ്യാഭ്യാസത്തിനുള്ള ഒരു പുതിയ പരിപാടി

1977-ൽ ഫിലിപ്പൈൻസിലെ പ്രസിഡൻറ് പുറപ്പെ ടുവിച്ച ഒരു ഉത്തരവനുസരിച്ച് അനൗപചാരിക വിദ്യാ ഭ്യാസത്തിൻെറ ചുമതല വഹിക്കുന്നതിനായി ഒരു പുതിയ തസ്തിക വിദ്യാഭ്യാസവകുപ്പിൽ സൃഷ്ടിക്കപ്പെട്ടു. ഈ ഉദ്യോഗസ്ഥൻെറ കീഴിൽ റീജിയണൽ സൂപ്പർവൈസർ മാരും അവരുടെ കീഴിൽ ഡിവിഷണൽ സൂപ്പർവൈസർ മാരും അതിനുംതാഴെ ഡിസ്ട്രിക്ററ് കോ-ഓർഡിനേ ററർമാരും നിയമിതരായി. പ്രായമായവരുടെയും പഠി ത്തം പൂർത്തിയാക്കാത്ത യുവജനങ്ങളുടെയും ഇടയിൽ അതുവരെ നടപ്പാക്കിയിരുന്ന അനൗപചാരികവിദ്യാഭ്യാസ പരിപാടികളെ കുറിച്ച് ഒരു സർവ്വെ നടത്തിയശേഷം അവയേയും പുതുതായി ആവിഷ്ക്കരിക്കുന്ന പദ്ധതി കളേയും അവയ്ക്കു പററിയ ഡിപ്പാർട്ടുമെൻറുമായി കൂട്ടിയിണക്കി എല്ലാ പരിപാടികറംക്കും ഒരു പുതിയ ജീവൻ നല്കുന്നതിന് ഇവരോടാവശ്യപ്പെട്ടു. ഈ പരി പാടികറംക്ക് ആക്കം കൂട്ടുന്നതിന് ആകാശവാണി സ്കൂ ളും സ്ഥാപിതമായി. റേഡിയോവഴി വിദ്യാഭ്യാസം ജന ങ്ങളുടെ വീട്ടുമുറികളിലെത്തിക്കാനുള്ള ഈ പദ്ധതിയി

ലും എല്ലാ ഡിപ്പാർട്ടുമെൻറുകളുടേയും സഹകരണവും സമാഹരിക്കപ്പെട്ടു.

1977 അവസാനത്തോടുകൂടി എല്ലാ ഡിവിഷനുകളിലും അനൗപചാരിക വിദ്യാഭ്യാസത്തിനായുള്ള ഓരോ പൈലററ് സെൻററുകൾ തുറന്നുകഴിഞ്ഞിരുന്നു. ഏതെങ്കിലും ഒരു വിദ്യാഭ്യാസസ്ഥാപനത്തിലാണ് ഇത് പ്രവർത്തനമാരംഭിച്ചത്. അതാത് സ്ഥലത്തുള്ള സർവ്വകലാശാലകളും, കോളേജുകളും അടുത്തുള്ള ഗ്രാമീണകേന്ദ്രങ്ങളിൽ അവിടത്തെ ആളുകൾക്ക് അനുയോജ്യമായ അനൗപചാരിക വിദ്യാഭ്യാസപരിപാടികൾ ആവിഷ്ക്കരിക്കുവാൻ മുമ്പോട്ടുവന്ന് ഈ സാമൂഹ്യപ്രവർത്തനത്തിന് അവരുടേതായ പങ്ക് വഹിക്കുവാൻ തുടങ്ങി. ഈ അനൗപചാരികവിദ്യാഭ്യാസത്തിൻെറ പ്രധാന ഘടകങ്ങൾ താഴെ പറയുന്നവയാണ്:

(1) പ്രവൃത്ത്യുന്മുഖ സാക്ഷരത
(2) കണക്ക്
(3) ശാസ്ത്രീയവും സാങ്കേതികവുമായ വിജ്ഞാനം
(4) കൃഷിവിള ഉൽപ്പാദനവും തൊഴിൽപരിചയവും
(5) ആരോഗ്യസംരക്ഷണവും പ്രഥമശുശ്രൂഷകളും
(6) പൗരധർമ്മവും രാജ്യസ്നേഹവും.

## 2 ആകാശവാണിസ്കൂളിൻെറ പ്രവർത്തനരീതി

ഫിലിപ്പൈൻസിൽ 42000 ഗ്രാമങ്ങളാണുള്ളത്. പല സ്ഥലത്തും പ്രാദേശിക ഭാഷകൾ ഉണ്ട്. റേഡിയോപരിപാടികൾ ഈ വിവിധഭാഷകളിൽ അതാതുസ്ഥലത്തെ ആളുകളുടെ ഇഷ്ടാനിഷ്ടങ്ങളെകൂടി മുൻനിർത്തി തയ്യാറാക്കിയാണ് പ്രക്ഷേപണം ചെയ്യുന്നത്. തലസ്ഥാനനഗരമായ മനിലയിൽനിന്ന് ഓരോ ഡിവിഷനിലേയ്ക്കും ഒരു ഗൈഡ്ബുക്ക് ഉണ്ടാക്കി അയച്ചിട്ടുണ്ട്. ഇതിനെ അടിസ്ഥാനമാക്കി വേണ്ട വകഭേദങ്ങൾ വരുത്തുന്ന പ്രവർ

ത്തനം, ഓരോ ഡിവിഷനിലും നടത്തുന്നു. വികസന ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥൻമാരടങ്ങിയ സംഘങ്ങളാണ് പ്രക്ഷേപണങ്ങൾ തയ്യാറാക്കുന്നത്. കൃഷി, തൊഴിലുകൾ, ആരോഗ്യം. വിഭവസമ്പത്ത്, ഉൽപ്പാദനം, ഗവൺമെൻറിൽനിന്ന് ജനങ്ങൾക്ക് കിട്ടാവുന്ന സഹായം, പൗരധർമ്മം എന്നിവയെപ്പററി അതാതുവിഷയങ്ങളിൽ അറിവുള്ളവർ സംസാരിക്കും. ആഴ്ചയിൽ രണ്ടു ദിവസം-വ്യാഴവും, ശനിയും-രാത്രി 6 നും 7 നും ഇടയ്ക്കാണ് പ്രഭാഷണങ്ങൾ പ്രക്ഷേപണം ചെയ്യുക. പ്രക്ഷേപണം കഴിഞ്ഞ് അതിലെ വിഷയത്തെപ്പററി ചർച്ച ചെയ്യുന്നതിന് റേഡിയോഫോറങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഓരോ ഫോറത്തിനും റേഡിയോസെററുകൾ നൽകിയിട്ടുണ്ട്. കൃഷിക്കാർ, കൂലിപ്പണിക്കാർ മുതലായവർ ഈവക ചർച്ചകൾ മുഖാന്തിരം അവർക്ക് വേണ്ട അറിവ് സമ്പാദിക്കുന്നു. പള്ളിക്കൂടങ്ങളിലും, ചർച്ച് കാമ്പൗണ്ടുകളിലും, ചന്തസ്ഥലങ്ങിലുമൊക്കെ റേഡിയോ ഫോറങ്ങൾ രൂപീകരിച്ചിട്ടുണ്ട്. അവയ്ക്ക് ഓരോന്നിനും നേതൃത്വം നൽകുന്നതിന് ഓരോ പ്രവർത്തകനുമുണ്ടായിരിക്കും. മിക്കവാറും ആ നാട്ടിൽത്തന്നെയുള്ള ഒരു സ്കൂളദ്ധ്യാപകനോ, സാമൂഹ്യപ്രവർത്തകനോ ആയിരിക്കും ആ നേതാവ്. അയാൾക്ക് വിശദീകരിച്ചുകൊടുക്കാവുന്നതിന് കഴിവില്ലാത്ത വിഷയങ്ങൾ ഏതെങ്കിലുമാണ് പ്രഭാഷണത്തിൽ ഉള്ളതെങ്കിൽ അതിനെ സംബന്ധിച്ച് അറിവുള്ള ഉദ്യോഗസ്ഥൻമാരുടെ സഹായം അയാൾ ആവശ്യപ്പെടും. അല്ലെങ്കിൽ അതിനെ സംബന്ധിച്ച ചോദ്യങ്ങൾ റേഡിയോസ്റേറഷനിലേക്ക് അയച്ചുകൊടുക്കും. ഈ ചോദ്യങ്ങൾക്കുള്ള ഉത്തരം അടുത്ത പ്രക്ഷേപണത്തിൽ ഉൾക്കൊള്ളുമത്രേ. കൃഷി, സഹകരണം, വായ്പകൾ, വളങ്ങൾ, വിത്തുകൾ എന്നിവയെക്കുറിച്ചാണ് പ്രധാന പ്രക്ഷേപണങ്ങൾ മിക്കതും എന്നതിനാൽ കൃഷിഉദ്യോഗസ്ഥൻമാരുടെ സഹകരണം ഇതിലെല്ലാം മുമ്പിട്ടു നിൽക്കും. ബാങ്കിൽനിന്നും കടം വാങ്ങി പന്നിവളർത്തൽ,

കോഴിവളർത്തൽ എന്നിവയിൽകൂടി വളരെ അധികം സമ്പാദിച്ച ആളുകരം ഉണ്ട് എല്ലാ ഗ്രാമങ്ങളിലും. അവരുടെ അനുഭവങ്ങരം അവർതന്നെ പ്രക്ഷേപണം ചെയ്യുന്നു. പഠിത്തവും അതേസമയത്തുള്ള ഇത്തരം സമ്പാദ്യവുംകൊണ്ട് നന്നായിട്ടുള്ള വിദ്യാർത്ഥികളും ധാരാളമുണ്ട്. അവരും റേഡിയോഫോറങ്ങരംക്കുവേണ്ടിയുള്ള പരിപാടികളിൽ പങ്കെടുത്തു സംസാരിക്കും. റേഡിയോഫോറങ്ങളിലെ അംഗങ്ങരംക്ക് ചില നിബന്ധനകരംക്ക് വിധേയമായി സർട്ടിഫിക്കററുകരം നൽകുവാനുള്ള ഏർപ്പാടുകളും ചെയ്തിരിക്കുന്നു.

## 3 സാമൂഹ്യകേന്ദ്രങ്ങരം

ഓരോ ഗ്രാമത്തിലും ഒരു സാമൂഹ്യവികസനകേന്ദ്രം കാണും. അക്ഷരം അറിയാത്ത ആളുകരം ചുരുക്കമാണ്. മുന്നു നാല് ക്ലാസ്സുകരം കയറിയിറങ്ങാത്തവർ ഫിലിപ്പൈൻസിൽ മിക്കവാറും ഇല്ല തന്നെ. ഇവർക്കുവേണ്ടത് അക്ഷരം മറന്നുപോകാതിരിക്കാനുള്ള വിദ്യാഭ്യാസപരിപാടികളാണ്. തൊഴിലുമായി ബന്ധിപ്പിച്ച് ഇത് നടത്തേണ്ടിയിരിക്കുന്നു. പഠനകേന്ദ്രങ്ങളിലേക്ക് ഇവരെ ആകർഷിക്കുക ഒരു പ്രശ്നം തന്നെയാണ്. ഇതിനായി ക്ലാസ്സുകരം നടത്തുന്ന സ്ഥലങ്ങളിൽ ഇരുന്ന് പഠിക്കാനുള്ള ഉപകരണങ്ങരംക്കുപുറമേ തൊഴിൽ പരിശീലനത്തിനുള്ള എന്തെങ്കിലും ഏർപ്പാടുകളും, കാഫിയും, ചായയും ഉണ്ടാക്കി കുടിക്കാനുള്ള അടുക്കളയുമെല്ലാം സജ്ജീകരിച്ചിരിക്കുന്നു. വനിതകരംക്കുവേണ്ടി മഹിളാസമാജങ്ങരം ഉണ്ടാക്കി അവയിൽവച്ച് സാക്ഷരതാ ക്ലാസ്സുകളും അതോടൊന്നിച്ച് നെയ്ത്ത്, ഗ്രാമീണവ്യവസായങ്ങരം, പോഷകാഹാരപദ്ധതികരം, ആരോഗ്യസംരക്ഷണപരിപാടികരം, ശിശുക്ഷേമപദ്ധതികരം എന്നിവകൂടി ഉരംക്കൊള്ളിച്ച് പാഠം നടത്തുന്നു.

'ഗ്രാമീണവനിത' എന്നൊരു ആഴ്ചപ്പതിപ്പ് നവസാക്ഷരർക്കുവേണ്ടി പ്രസിദ്ധീകരിച്ചുവരുന്നു. വനിതാക്ലാസ്സുകളിൽ ഇതിൽ പ്രതിപാദിച്ചിട്ടുള്ള കാര്യങ്ങൾ മുൻനിർത്തി ചർച്ചകളും പ്രായോഗികപരിശീലനവും നടത്താറുണ്ട്.

## 4 സമാന്തരവിദ്യാലയങ്ങളുടെ പ്രവർത്തനം

സൗജന്യമായ പ്രാഥമികവിദ്യാഭ്യാസത്തിനുമാത്രമാണ് ഫിലിപ്പൈൻ ഗവൺമെൻറ് പൂർണ്ണ ഉത്തരവാദിത്വം വഹിക്കുന്നത്. സെക്കൻററി വിദ്യാലയങ്ങൾ മിക്കവാറും സ്വകാര്യമേഖലയിൽ ഉള്ളതും വലിയ ഫീസ് ചുമത്തുന്നവയുമാണ്. അതിനാൽ ഗ്രാമപ്രദേശങ്ങളിലുള്ള പാവപ്പെട്ട വിദ്യാർത്ഥികൾക്ക് മിക്കവാറും ഇത് നിഷേധിക്കപ്പെട്ടിരിക്കുന്നു. ഈ ദുരവസ്ഥയിൽനിന്ന് അവരെ വിമോചിപ്പിക്കുന്നതിനായി 1968-നടുപ്പിച്ച് ഒരു പുതിയ പരീക്ഷണം ചില സന്നദ്ധപ്രവർത്തകരുടെ മേൽനോട്ടത്തിൽ സംഘടിപ്പിക്കപ്പെട്ടു. ഗ്രാമപ്രദേശങ്ങളിലെ പ്രാഥമികസ്കൂളുകളിൽ സ്കൂൾ സമയത്തിനുശേഷം മിഡിൽ സ്കൂളും ഹൈസ്കൂളും വിദ്യാഭ്യാസം നടത്തുന്നതിനുള്ള ഏർപ്പാടുചെയ്യുകയായിരുന്നു അത്. മിക്കവാറും പ്രാഥമിക സ്കൂൾ അദ്ധ്യാപകന്മാർക്ക് ഹൈസ്കൂളിൽ പഠിപ്പിക്കാനുള്ള യോഗ്യത ഉണ്ടായിരിക്കും. പകൽ സമയം മുഴുവൻ പണിയെടുത്തു ജീവിക്കുന്ന പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികളെ വൈകുന്നേരം 20 പേർ വീതമുള്ള ബാച്ചുകളായി ഇരുത്തി പഠിപ്പിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി കോളേജുകളിൽ ചേരുന്നതിന് പ്രാപ്തരാക്കുവാൻ ഈ പരിപാടികൊണ്ട് സാധിച്ചിരിക്കുന്നു. 'ജനതാകോളേജ്' എന്ന പേരിൽ അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനുവേണ്ടി ഒരു കോളേജും ഇത്തരത്തിൽ സമാന്തരമേഖലയിൽ ഇന്ന് പ്രവർത്തിക്കുന്നുണ്ടത്രേ.

## 5 കോളേജുകളുടെ പ്രവർത്തനം

ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പലതിനും വിദ്യാഭ്യാസപരവും ഗവേഷണപരവും, ആശയവിനിമയപരവും (Academic, Research and Extension) എന്ന മൂന്നുവിധത്തിലുള്ള പ്രവർത്തനങ്ങൾ സൗകര്യം അനുസരിച്ച് നടത്തുന്നതിനുള്ള കേന്ദ്രങ്ങൾ ഉണ്ട്. ഒരു നഴ്സിംഗ് കോളേജാണെങ്കിൽ അതിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുംകൂടി അതിനടുത്തുള്ള ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. എൻജിനീയംറിഗ് കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും അതുപോലെ ഗ്രാമീണ ഗതാഗതം, ശുദ്ധജലസംഭരണം, ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണം എന്നിവ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കുചേരും. മററുള്ള കോളേജുകൾ പൗരജീവിതത്തിനുവേണ്ട കാര്യങ്ങൾ ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയുള്ള വിദ്യാഭ്യാസവും, തൊഴിൽപരിചയവും നല്കുന്നതിനു സഹായിക്കും. സാമൂഹ്യവികസനത്തിൽ സ്കൂളുകളും കോളേജുകളും വളരെക്കാലമായി താൽപ്പര്യം കാണിച്ചു വരുന്ന ഒരു രാജ്യമാണ് ഫിലിപ്പൈൻസ്.

## 6 നിർബന്ധ സാമൂഹ്യസേവനപദ്ധതി

ഫിലിപ്പൈൻ ഗവൺമെൻറിൻെറ കീഴിലുള്ള വിവിധ ഡിപ്പാർട്ടുമെൻറുകളിൽ ജോലിചെയ്യുന്ന എല്ലാവരും ഒരു കൊല്ലത്തിൽ 15 ദിവസം സാമൂഹ്യസേവനപ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് അടുത്തകാലത്ത് വ്യവസ്ഥചെയ്തിരിക്കുന്നു. സെക്രട്ടറിയേററിലെ പ്രമുഖരായ ഉദ്യോഗസ്ഥന്മാർപോലും ഇതിൽനിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ല. എട്ടോ ഒൻപതോ പേർവീതം ചെറു സംഘങ്ങളായി പിരിഞ്ഞ് രണ്ടാഴ്ചക്കാലമെങ്കിലും ഒരു ഗ്രാമത്തിൽ ചെന്ന് താമസിച്ച് അവിടത്തെ പ്രവർത്തനങ്ങളിൽ പങ്കുചേരുന്നു. ഗ്രാമീണജനതയ്ക്ക് ആവേശം നൽകുന്ന പരിപാടിയാണ് ഉദ്യോഗസ്ഥന്മാരുടെ ഇത്തരം സേവനം.

## 4 ഇൻഡോനീഷ്യ

ഉന്നതവിദ്യാഭ്യാസമേഖലയിൽ പഠിക്കുന്ന വിദ്യാർത്ഥികളേയും അവരുടെ അദ്ധ്യാപകരേയും ഗ്രാമങ്ങളിൽ ജീവിക്കുന്ന സാധാരണ ജനങ്ങളുമായി അടുപ്പിക്കുന്നതിനും, അങ്ങനെ ഉയർന്ന തലത്തിലുള്ള അറിവിൻെറ ഫലങ്ങൾ പാവപ്പെട്ടവന് നൽകുന്നതിനുംവേണ്ടി അടുത്ത കാലത്ത് ഇൻഡോനീഷ്യയിൽ ഏർപ്പെടുത്തിയ ഒരു സമ്പ്രദായത്തെ 'ദേശീയ വിദ്യാഭ്യാസസേവന പദ്ധതി' എന്നു പറയുന്നു. ഇതനുസരിച്ച് ഗവൺമെൻറുടമയിലോ സ്വകാര്യമേഖലയിലോ ഉള്ള ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളും ആ പഠനത്തിൻെറ ഒരു ഭാഗമെന്നനിലയിൽ ആറുമാസക്കാലമെങ്കിലും ഒരു ഗ്രാമത്തിലെ വികസനപ്രവർത്തനങ്ങളിൽ പങ്കു കൊണ്ടിരിക്കണം. വിദ്യാർത്ഥികളുടെ സഹായത്തോടുകൂടി ഗ്രാമീണജനതയുടെ ജീവിതത്തോത് ഉയർത്തുന്നതിനും വിദ്യാർത്ഥികൾക്ക് തങ്ങളുടെ അറിവ് ജീവിതപ്രശ്നങ്ങളിൽ ഉപയോഗിച്ച് പരിചയം നേടുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ് ഈ പദ്ധതി. ഇൻഡോനീഷ്യയിലെ രണ്ടാം പഞ്ചവൽസരവികസനപദ്ധതി അവിടത്തെ എല്ലാ സർവ്വകലാശാലകളേയും ഗവൺമെൻറ് വകുപ്പുകളേയും, ഈ പരിപാടിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

ആദ്യബിരുദത്തിന് പഠിക്കുന്ന ഒരു വിദ്യാർത്ഥി രണ്ടുതൊട്ട് നാലാഴ്ചവരെ ഒരു ഗ്രാമപ്രദേശത്തുനിന്ന് സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനായി ചെലവാക്കണമെന്നും, ബിരുദാനന്തര ഡിഗ്രി കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾ 6 മാസത്തേയ്ക്കെങ്കിലും ഗ്രാമീണവികസനപദ്ധതികളിൽ പ്രവർത്തിക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു. പരിചയം സിദ്ധിച്ച വിദ്യാഭ്യാസവിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിലാണ് ഈ പ്രവർത്തനങ്ങളെല്ലാം നടക്കുന്നത്. താഴെ പറയുന്ന കാര്യങ്ങളിൽ

വിദ്യാർത്ഥികരം കൂടുതൽ ശ്രദ്ധിക്കണമെന്ന് ഉന്നത വിദ്യാഭ്യാസവകുപ്പ് നിർദ്ദേശിച്ചിരിക്കുന്നു.

(1) സ്വാശ്രയശക്തി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഗ്രാമീണ യുവജനങ്ങളെ സാമൂഹ്യപരിഷ്കർത്താക്കളായും നേതാക്കളായും വളർത്തിയെടുക്കുക.

(2) പ്രവിശ്യാതലത്തിലുള്ള വികസനസമിതികളുമായി യോജിച്ച് പ്രവർത്തിക്കുന്നതിനുവേണ്ടി ഗ്രാമീണ വികസനസമിതികരം രൂപീകരിക്കുന്നതിന് ഗ്രാമത്തലവനെ സഹായിക്കുക.

(3) സർവ്വകലാശാലകരം, ഗവേഷണകേന്ദ്രങ്ങരം. തദ്ദേശവാസികളായ സാമൂഹ്യനേതാക്കന്മാർ, ഉദ്യോഗസ്ഥന്മാർ എന്നിവരുടെ ഉപദേശവും സഹായവും നേടുവാൻവേണ്ടി പ്രവർത്തിക്കുക.

ഓരോ സർവ്വകലാശാലയിലും ഒരു സാമൂഹ്യകേന്ദ്രം സ്ഥാപിച്ചിരിക്കുന്നു. അതിൻെറ ഡയറക്ടറർക്ക് മററു ചുമതലകരം ഒന്നും ഇല്ലത്രേ. ഗ്രാമങ്ങളിലേക്ക് പോകുന്ന വിദ്യാർത്ഥികരംക്ക് അരിഷ്ടിച്ച് ജീവിക്കാവുന്ന ചെലവുമാത്രമേ കൊടുക്കാവൂ എന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിലേ ദരിദ്രരായ ജനങ്ങളുടെ പ്രശ്നങ്ങരം മനസ്സിലാക്കാൻ അവർക്ക് കഴിയുകയുള്ളു എന്ന വിശ്വാസമാണ് അതിന്നു കാരണം. വിദ്യാർത്ഥികരം ഗ്രാമത്തിൽ പ്രവർത്തിക്കുമ്പോരം അവർ ഗ്രാമത്തലവൻെറ നിയന്ത്രണത്തിലായിരിക്കും. സർവ്വകലാശാലാ ഉദ്യോഗസ്ഥന്മർ കൂടെക്കൂടെ ചെന്ന് അവരുടെ ജോലികരം പരിശോധിക്കും. കാലാകാലങ്ങളിൽ അവരുടെ പ്രവർത്തനങ്ങളെകുറിച്ചുള്ള റിപ്പോർട്ടുകരം സർവ്വകലാശാലയ്ക്കും സ്ഥലത്തെ ഉദ്യോഗസ്ഥന്മാർക്കും വിദ്യാർത്ഥികരം നൽകേണ്ടതാണ്.

ഈ പ്രവർത്തനങ്ങൾക്ക് സഹായകരമാകുംവിധം ഒരു ദേശീയ ഉപദേശകസമിതി സ്ഥാപിതമായിട്ടുണ്ട്. അതു പോലെ തന്നെ മൂല്യനിർണ്ണയം ചെയ്യുന്നതിനായുള്ള ഒരു ദേശീയസമിതിയും, ഗവേഷണത്തിനുവേണ്ടി ഒരുപസ മിതിയുംകൂടി സ്ഥാപിച്ചിട്ടുണ്ട്. നേതൃത്വപരിശീലന ത്തിനുവേണ്ട പരിപാടികളും ദേശീയതലത്തിൽ ആവി ഷ്ക്കരിച്ചിട്ടുണ്ട്. ഓരോ ഗ്രാമത്തിലും നടക്കുന്ന കാര്യ ങ്ങൾ മററു ഗ്രാമത്തിൽ പ്രവർത്തിക്കുന്നവർക്ക് മനസ്സി ലാക്കി കൊടുക്കുന്നതിനായി ഓരോ മാസവും ഒരു വാർ ത്താപത്രിക ഉന്നതവിദ്യാഭ്യാസവകുപ്പിൽ നിന്നും പുറ ത്തിറക്കാറുണ്ട്.

സാധാരണയായി വിദ്യാർത്ഥികൾ ചെയ്യുന്ന പ്രവർ ത്തനങ്ങൾ തഴെ പറയുന്നവയാണ്:

(1) നാട്ടുകാരുടെ ആവശ്യങ്ങളും കഴിവുകളും എന്തെ ന്നുപഠിക്കുക. എന്നിട്ട് ഗവൺമെൻറ്വകുപ്പുകളിൽ നിന്ന് അവയിൽ എന്തെല്ലാം, ഏതുവിധം സാധിച്ചു കൊടുക്കാമെന്ന് അവരെ മനസ്സിലാക്കിക്കുകയും ആയതിനുവേണ്ടി സഹായിക്കുകയും ചെയ്യുക.

(2) സർവ്വകലാശാലയിൽനിന്ന് കൊടുക്കുന്നതും, നാട്ടിൽനിന്ന് പിരിച്ചെടുക്കുന്നതുമായ വിത്തും വളവും കൊണ്ട് ചെറിയ മാതൃകാ കൃഷിത്തോട്ടങ്ങൾ നടത്തുക.

(3) ജീവിതസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ചെലവുകുറഞ്ഞ മററു കാര്യങ്ങൾ ചെയ്യുക, സ്ഥലത്തുതന്നെ കിട്ടുന്ന സാമഗ്രികൾ ഉപയോഗിച്ച് കോഴിത്തീററ ഉണ്ടാക്കുക, കുളങ്ങളിൽ മൽസ്യം വളർ ത്തുക, കരകൗശലസാമഗ്രികൾ നിർമ്മിക്കുവാൻ സഹാ യിക്കുക, കുടുംബക്ഷേമം, പോഷകാഹാരം, പ്രഥമ ശുശ്രൂഷ, രോഗനിവാരണമാർഗങ്ങൾ, മണ്ണൊലിപ്പ് തടയു ന്നതിനുള്ള മാർഗ്ഗങ്ങൾ, റോഡുകളും, തോടുകളും

ഉപയോഗശൂന്യമാകാതെ സൂക്ഷിക്കുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(4) ഗ്രാമീണഭരണത്തിനുവേണ്ട സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരെ സഹായിക്കുക.

ഇക്കാര്യങ്ങൾ ഇൻഡോനേഷ്യയിലെ ഗ്രാമങ്ങളുടെ മുഖഛായ മാററുന്നതിന് വളരെ പ്രയോജനപ്പെടുന്നുണ്ടെന്ന് അവിടത്തെ ഗവൺമെൻറ് അവകാശപ്പെടുന്നു.

## 5 ശ്രീലങ്ക

ശ്രീലങ്കയിൽ മൂന്നുതരം പദ്ധതികളാണ് നിലവിലുള്ളത്.

1 പ്രവൃത്ത്യുന്മുഖപദ്ധതികൾ.

2 വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ സാമൂഹ്യവും മനശ്ശാസ്ത്രപരവുമായ പഠനങ്ങളും പരിശീലനങ്ങളും.

(3) സാമൂഹ്യവികസനപദ്ധതികൾ

ശ്രീലങ്കയിലെ ഒരു പദ്ധതിയുടെ പേര് 'കുട്ടികളുടെ നഗരം' എന്നാണ്. ഇവിടത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനു നടത്തിയ ഒരു പഠനത്തിൽ ഇപ്രകാരം പറഞ്ഞുകാണുന്നു: "ഇവിടത്തെ പരിശീലനംമൂലം കുട്ടികൾക്ക് സത്യസന്ധത, രാജ്യസ്നേഹം, അച്ചടക്കം, ആത്മവിശ്വാസം, സഹകരണം എന്നീ സ്വഭാവഗുണങ്ങളും ഏതെങ്കിലും ഒരു പ്രവൃത്തി ചെയ്യാൻവേണ്ട കഴിവുകളും സിദ്ധിച്ചിരിക്കുന്നു. അവരവരുടെ വാസനകൾ പൂർണ്ണമായും വികസിപ്പിക്കുവാൻ ഇവിടത്തെ പ്രവർത്ത

ങ്ങ൦ സഹായിച്ചിട്ടുണ്ട്. നേതൃത്വം നൽകുന്നതിനും ഭരണച്ചുമതല വഹിക്കുന്നതിനും എല്ലാവരും പഠിച്ചിരിക്കുന്നു''.

ഇംഗ്ലണ്ടിലെ 'ഓപ്പൺ യുണിവേഴ്സിററി'യുടെ മാതൃകയിൽ പ്രവർത്തിക്കുന്ന പൊതുജന വിദ്യാഭ്യാസ എക്സ്റെറൻഷൻ പ്രോഗ്രാമും അടുത്തകാലത്ത് നടപ്പിലാക്കിയിരിക്കുന്നു. ഉദ്യോഗമോ തൊഴിലോ ഉള്ള യുവജനങ്ങ൦ക്ക് സർവ്വകലാശാലകളിൽ ചേരാതെ തന്നെ ഉപരിവിദ്യാഭ്യാസം നൽകുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരിക്കുന്നത്.

തൊഴിലില്ലാത്ത യുവജനങ്ങ൦ക്കുവേണ്ടി ഒരു തൊഴിൽ പരിചയപരിപാടിയും ആവിഷ്ക്കരിച്ചിരിക്കുന്നു. കൃഷിസ്ഥലങ്ങളിലും തൊഴിൽശാലകളിലും ഈ ചെറുപ്പക്കാരെ പ്രവേശിപ്പിച്ച് ഒരു നിശ്ചിതകാലം പ്രവൃത്തി എടുക്കാൻ സഹായിക്കുക എന്നതാണ് ഈ പദ്ധതിയുടെ മർമ്മം.

## 6 ബർമ്മ

### 1 സോഷ്യലിസത്തിലേയ്ക്കുള്ള ബർമ്മക്കാരുടേതായ മാർഗ്ഗം

1962-ൽ ബർമ്മയിൽ അധികാരം ഏറെറടുത്ത വിപ്ലവകാരികളുടെ ഗവൺമെൻറ് ബർമ്മക്ക് പററിയവിധത്തിലുള്ള ഒരു സോഷ്യലിസ്ററ് വ്യവസ്ഥിതിക്കുവേണ്ടി പ്രവർത്തിക്കുമെന്നു പ്രഖ്യാപിച്ചു. അവിടത്തെ ജനങ്ങളിൽ 76 ശതമാനവും കൃഷിക്കാരാണ്. ഇവർ ഗ്രാമപ്രദേശങ്ങളിൽ താമസിച്ച് പഴയകാലത്തെ കൃഷിസമ്പ്രദായങ്ങ൦ അപ്പടി തുടർന്നുപോരുന്നു. വിദ്യാഭ്യാസത്തി

ൻെറ കുറവാണ് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഉൽസാഹം വളർത്തുന്നതിനെതിരായി നിൽക്കുന്നതെന്ന് ഗവൺമെൻറ് മനസ്സിലാക്കി. ഗ്രാമപ്രദേശങ്ങളിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനുള്ള ശ്രമങ്ങരം അചിരേണ ആരംഭിച്ചു,

വിദ്യാലയങ്ങളെല്ലാം തന്നെ ഗവൺമെൻറ് ഏറെറടുത്തു. വിദ്യാഭ്യാസത്തിൻെറ ഉള്ളടക്കം ജീവിതവുമായി ബന്ധപ്പെട്ടതായിരിക്കണമെന്ന് നിശ്ചയിച്ചു. അതിൻെറ ഫലമായി പ്രാഥമികവും സെക്കൻററിയുമായ വിദ്യാലയങ്ങളിലെല്ലാം കൃഷിക്കും, കൈത്തൊഴിലുകരംക്കും, സയൻസിനും മുൻതൂക്കമുള്ള ഒരു പഠനപദ്ധതി ആവിഷ്കരിച്ചു. 1970 ആയപ്പോരം 95 ശതമാനം കുട്ടികളും വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കപ്പെട്ടു. പ്രായമായവരിൽ 65 ശതമാനത്തിന് എഴുതാനും വായിക്കാനും അറിയാമായിരുന്നു. ബാക്കിയുള്ളവരെ സാക്ഷരരാക്കുന്നതിനുള്ള ഒരു തീവ്രയത്നം അന്ന് തുടങ്ങി.

## 2 സാക്ഷരതാക്ലാസ്സുകരം

എഴുത്തും വായനയും കണക്കും മാത്രം പഠിപ്പിക്കുന്ന നിശാപാഠശാലകളും, സായാഹ്നക്ലാസ്സുകളും കൂടാതെ കരകൗശലവിദ്യ അഭ്യസിപ്പിക്കാനുള്ള പാഠശാലകരം, കറസ്പോണ്ടൻസ് കോഴ്സുകരം, തൊഴിലാളികരംക്കുവേണ്ടിയുള്ള ക്ലാസ്സുകരം എന്നിവയുമെല്ലാം അതിവേഗത്തിൽ സ്ഥാപിക്കപ്പെട്ടു.

ഒരിക്കലും പള്ളിക്കൂടങ്ങളിൽ ചേരാൻ കഴിയാത്തവർക്കും, പള്ളിക്കൂടങ്ങളിൽ കുറച്ചുകാലം പഠിച്ചശേഷം പൊഴിഞ്ഞുപോകേണ്ടിവന്നവർക്കും, ചെയ്യുന്ന തൊഴിലിൽ കൂടുതൽ അറിവ് നേടണമെന്ന് ആഗ്രഹിക്കുന്നവർക്കും അവരവർക്ക് പററിയ സ്ഥാപനങ്ങളിൽ ചേരുന്നതിന് വേണ്ടസഹായം ഗവൺമെൻറ് ചെയ്തുകൊടുത്തു. ഒഴി

വുസമയങ്ങളിൽ കോളേജുകളിലേയും സ്കൂളുകളിലേയും അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് ഗ്രാമപ്രദേശങ്ങളിൽ സാക്ഷരതാപ്രവർത്തനം നടത്തുന്നതിന് മുന്നിട്ടിറങ്ങി. 1969 നുശേഷം എഴുത്തും വായനയും കണക്കും മാത്രം കഷ്ടിച്ച് പഠിപ്പിക്കാൻ കഴിവുള്ള ധാരാളംപേരെ പ്രവർത്തകരായി ഈ പരിപാടിയിൽ ഉൾപ്പെടുത്തി ആണ്ടു മുഴുവനുമുള്ള പ്രവർത്തനംതുടങ്ങി. ഇങ്ങനെയുള്ള തീവ്രയത്ന പരിപാടികൾ തെരഞ്ഞെടുത്ത ജില്ലകളിൽ നടത്തിയതിന്റെ ഫലമായി, അവിടത്തെ ആളുകളുടെ ഇടയിൽനിന്ന് 1970-ൽ തന്നെ നിരക്ഷരത പരിപൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുവാൻ കഴിഞ്ഞു. ഈ പ്രവർത്തനത്തെ ശ്ലാഘിച്ചുകൊണ്ട് യുനെസ്കോ 1971 ലേക്കുള്ള 'ഷാ പഹ്ലവി' സമ്മാനം ബർമ്മക്കു നൽകുകയുണ്ടായി. ഗ്രാമതലത്തിൽ ആണ്ടുതോറും അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് നടത്തുന്ന മേളകൾ ജനങ്ങൾക്ക് പൗരബോധം, ആരോഗ്യസംരക്ഷണം, കളികളിലും വിനോദങ്ങളിലും ഔൽസുഖ്യം എന്നിവ വളർത്തുവാനും ഉപകരിക്കുന്നു. പട്ടണങ്ങളിൽനിന്ന് ഗ്രാമപ്രദേശത്തുള്ള വീടുകളിൽ ചെന്ന് സാക്ഷരതാപ്രവർത്തനത്തിനായി മദ്ധ്യവേനൽ ഒഴിവുകാലത്ത് താമസിച്ച വിദ്യാർത്ഥികളും ഗ്രാമവാസികളും തമ്മിൽ ഇണങ്ങിച്ചേരുകയും തന്മൂലമുണ്ടായ സുഹൃത്ബന്ധം ഇരുവർക്കും ഒരു പുതിയ ജീവിതവീക്ഷണം നൽകുന്നതിന് ഉപകരിക്കുകയും ചെയ്തിട്ടുണ്ട്.

### 3 സമാന്തരവിദ്യാഭ്യാസം

തൊഴിൽവകുപ്പ് നടത്തുന്ന നിശാപാഠശാലകളിൽ പഠിച്ച് ഏത് വിദ്യാർത്ഥിക്കും തൊഴിൽ ചെയ്യുന്നതോടുകൂടി തന്നെ സെക്കൻററി വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ കഴിയും. വൈകുന്നേരത്ത് 5 മണി മുതൽ 8 മണി വരെയാണ് ക്ലാസ്സുകൾ നടത്തുന്നത്. ഔപചാരിക

വിദ്യാലയങ്ങളിൽ പഠിച്ച് രണ്ടുകൊല്ലത്തിൽ കൂടുതൽ തോററ വിദ്യാർത്ഥികൾ പൊഴിഞ്ഞുപോകുന്നത് ഇല്ലാതാക്കാൻവേണ്ടി അവർക്കായി മാത്രമുള്ള നിശാപാഠശാലകൾ വേറെയും സ്ഥാപിച്ചിട്ടുണ്ട്. ഇതിലെല്ലാം പഠിപ്പിക്കുന്നത് ഔപചാരികവിദ്യാലയങ്ങളിലെ അദ്ധ്യാപകരും, ഗവൺമെൻറുദ്യോഗസ്ഥൻമാരും, സാമൂഹ്യപ്രവർത്തകരുമായ സന്നദ്ധസേവകരാണ്. വിദ്യാർത്ഥികൾക്ക് സർവ്വകലാശാലാബിരുദത്തിന് കോളേജിൽ ചേരാതെ പഠിക്കുന്നതിനുള്ള സമാന്തര ഏർപ്പാടുകളും ചെയ്തിരിക്കുന്നു.

## 4 തുടർവിദ്യാഭ്യാസത്തിനുള്ള ഏർപ്പാടുകൾ

തൊഴിലാളികളുടെ തുടർവിദ്യാഭ്യാസത്തിന് മദ്ധ്യവേനൽ ഒഴിവുകാലത്ത് സാങ്കേതിക വിഷയങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിച്ചു. അദ്ധ്യാപകർക്ക് പുനഃപരിശീലനത്തിനായും ധാരാളം ഹ്രസ്വകാല കോഴ്സുകളും, പകുതിദിന കോഴ്സുകളും ഏർപ്പെടുത്തി. ഇംഗ്ലീഷ്, സയൻസ്, കണക്ക്, ഭൂമിശാസ്ത്രം, ചരിത്രം, കായികാഭ്യാസം എന്നീ വിഷയങ്ങളിലെല്ലാം പുനഃപരിശീലനത്തിനുള്ള മദ്ധ്യവേനൽ കോഴ്സുകളും ആരംഭിച്ചു. സയൻസ് വിഷയങ്ങളിൽ പ്രയോഗപരിചയം നൽകുന്നതിന് നാലാഴ്ചവീതമുള്ള പരിശീലന ക്ലാസ്സുകൾ വേറെയും നടത്തിത്തുടങ്ങി. ഈവക പുനഃപരിശീലനത്തിന് തെരഞ്ഞെടുക്കുന്നവർക്കെല്ലാം യാത്രച്ചെലവും, സൗജന്യമായി ആഹാരവും നൽകുമത്രെ. അദ്ധ്യാപകർക്കും, ഗവൺമെൻറുദ്യോഗസ്ഥൻമാർക്കും വേണ്ടി മൂന്നുമാസം നീണ്ടുനിൽക്കുന്ന രാഷ്ട്രമീമാംസാ ക്ലാസ്സുകൾ രാജ്യത്തിൻെറ നാനാഭാഗങ്ങളിൽവച്ച് നടത്താറുണ്ട്. പുതിയ നയപരിപാടികളുമായി അലിഞ്ഞുചേരുന്നതിനുവേണ്ട ചിന്താഗതി അവരിൽ വളർത്തി എടുക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ളതാണ് ഇത്. ആരോഗ്യ

പരിരക്ഷണത്തിനും, സാമൂഹ്യസേവനത്തിനുംവേണ്ടി അദ്ധ്യാപകന്മാരേയും, ഉദ്യോഗസ്ഥന്മാരേയും പരിശീലിപ്പിക്കുന്നതിന് പല സ്ഥലത്തും പഠനകേന്ദ്രങ്ങൾ സ്ഥാപിച്ചിരിക്കുന്നു. റംഗൂണിലെ സർവ്വകലാശാലാ ജോലിയിലിരിക്കുന്നവർക്ക് തുടർന്നു പഠിക്കുന്നതിനു വേണ്ടി ഒരു കോളേജ് നടത്തുന്നുണ്ട്. മെട്രിക്കുലേഷൻ ജയിച്ച ഒരു തൊഴിലാളിക്ക് സായാഹ്ന ക്ലാസ്സുകൾ മുഖാന്തിരം ബിരുദം കരസ്ഥമാക്കുവാനുള്ള പഠനമാണ് ഇവിടെ നടക്കുന്നത്. നാലുകൊല്ലത്തെ കോളേജ്‌വിദ്യാഭ്യാസം 5 കൊല്ലം കൊണ്ടാണ് പൂർത്തിയാവുക. ക്ലാസ്സുകൾ നടത്തുന്നത് വൈകുന്നേരം 5 നും 9 നും ഇടക്കാണ്. ഇത്രയും സമയം ഹാജരാകുവാൻ നിവൃത്തിയില്ലാത്തവർക്ക് ഒന്നുരണ്ടു വിഷയങ്ങൾക്ക് മാത്രം ചേർന്ന് പഠിച്ച് കൂടുതൽ കൊല്ലങ്ങൾകൊണ്ട് ബിരുദം സമ്പാദിക്കാൻ കഴിയും.

ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, റഷ്യൻ മുതലായ ഭാഷകൾ പഠിച്ച് ഡിപ്ലോമകൾ കരസ്ഥമാക്കുന്നതിനും ജോലിയിലിരിക്കുന്നവർക്ക് കഴിയും. ഇതിനുവേണ്ടിയുള്ള ക്ലാസ്സുകൾ ദിവസവും രണ്ടുമണിക്കൂർവീതം നടത്തുന്ന സ്ഥാപനങ്ങൾ ഉണ്ട്.

## 5 കറസ്പോണ്ടൻസ് കോഴ്സ്

മൂന്നുകൊല്ലമെങ്കിലും പഠിപ്പിച്ചു പരിചയമുള്ള ബിരുദധാരികളായ അദ്ധ്യാപകർക്ക് കറസ്പോണ്ടൻസ് കോഴ്സിൽ ചേർന്ന് രണ്ടു കൊല്ലത്തെ പഠനംകൊണ്ട് ബി. എഡ്. ഡിഗ്രി സമ്പാദിക്കാം. തപാലിൽകൂടി പാഠങ്ങൾ അയച്ചുകൊടുക്കുകയും ചോദ്യോത്തരവിനിമയം നടത്തുകയും ചെയ്യുന്നു. മദ്ധ്യവേനൽ ഒഴിവുകാലത്തു മാത്രം ഇത്തരം വിദ്യാർത്ഥികൾ കോളേജിൽ ഹാജരായി പഠിക്കണം.

അദ്ധ്യാപകർക്കുവേണ്ടിയും, കൃഷിക്കാർക്കുവേണ്ടിയും ക്രമീകരിച്ചുള്ള റേഡിയോപാഠങ്ങൾ തുടർച്ചയായി പ്രക്ഷേപണം ചെയ്യാറുണ്ട്. കറസ്പോണ്ടൻസ് കോഴ്സുകളുടെ ഭാഗമായും അല്ലാതെയും ഇത്തരം പരിപാടികൾ ഉണ്ട്.

## 7 ഇൻഡ്യ

ലോകത്തിലെ ഏററവും വലിയ ജനാധിപത്യ രാഷ്ട്രമായ ഭാരതത്തിൽ 600 ദശലക്ഷം ആളുകൾ തിങ്ങിപ്പാർക്കുന്നു. അവരിൽ ഏകദേശം 80 ശതമാനവും ഗ്രാമീണരും മോശപ്പെട്ട പരിത:സ്ഥിതിയിൽ ജീവിക്കുന്നവരുമാണ്. 1979-ലെ കനേഷുമാരി കണക്കനുസരിച്ച് 70 ശതമാനം ആളുകളും നിരക്ഷരരാണ്. 1951-ൽ സാക്ഷരത വെറും 16.6 ശതമാനമായിരുന്നത് 1961-ൽ 24 ശതമാനമായും 1971-ൽ 29.6 ശതമാനമായും വർദ്ധിച്ചു എങ്കിലും ജനസംഖ്യാവർദ്ധനവിന് ആനുപാതികമായി നിരക്ഷരുടെ എണ്ണം വർദ്ധിക്കുകയാണുണ്ടായത്. എന്നാൽ സ്ത്രീകളുടെ സാക്ഷരത വെറും 18.5 ശതമാനമാണ്. ഭാരതസർക്കാർ അതിൻെറ വരുമാനത്തിൻെറ 24 ശതമാനവും വിദ്യാഭ്യാസത്തിനുവേണ്ടിയാണ് വിനിയോഗിക്കുന്നത്. എന്നിട്ടും ഇന്നും 6 മുതൽ 11 വയസുവരെ പ്രായമുള്ള കുട്ടികളിൽ 83 ശതമാനവും 11 മുതൽ 14 വയസുവരെ പ്രായമുള്ള കുട്ടികളിൽ 37 ശതമാനവും മാത്രമേ സ്കൂളിൽ പോകുന്നുള്ളു. ഇതിൽ പകുതിയിലധികവും പ്രാഥമികവിദ്യാഭ്യാസമെങ്കിലും പൂർത്തിയാക്കാതെ പൊഴിഞ്ഞുപോകുകയോ, പുറത്താക്കപ്പെടുകയോ ചെയ്യുന്നു. മുകളിൽ പറഞ്ഞ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് ഇന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം

നൂറു ശതമാനം വിദ്യാർത്ഥികളേയും പള്ളിക്കൂടങ്ങളിലേക്ക് ആകർഷിക്കാൻ പര്യാപ്തമല്ലെന്നാണ്. അതിനാൽ അനൗപചാരികവിദ്യാഭ്യാസം കൂടി ഏർപ്പെടുത്തുകയാണ് ഇതിനുള്ള ഏക മാർഗ്ഗം.

അഞ്ചാം പഞ്ചവൽസരപദ്ധതിയിലാണ് ആദ്യമായി അനൗപചാരികവിദ്യാഭ്യാസത്തിനുവേണ്ടി ഇൻഡ്യയിൽ ഗവൺമെൻറുതലത്തിൽ ഒരു പരിപാടി ആവിഷ്ക്കരിച്ചത്. ഔപചാരികവിദ്യാഭ്യാസവും അനൗപചാരികവിദ്യാഭ്യാസവും തമ്മിൽ ബന്ധിപ്പിച്ച് ഒരു സംയോജിത വിദ്യാഭ്യാസ സമ്പ്രദായം നടപ്പാക്കണമെന്ന് നിശ്ചയിച്ചു. അതിനായി വിദ്യാഭ്യാസത്തിൻെറ ആദ്യഘട്ടം മുതൽ അവസാനഘട്ടംവരെയുള്ള എല്ലാതലത്തിലും അനൗപചാരികവിദ്യാഭ്യാസപരിപാടികഠം സംഘടിപ്പിക്കാൻ ഒരു ഉൽബോധനവും നൽകി. ഇതു പ്രകാരം മൂന്നുതരം പദ്ധതികഠം രൂപം പൂണ്ടു.

(1) പള്ളിക്കൂടത്തിൽ പോകാത്ത 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികഠംക്കുവേണ്ടിയുള്ള അനൗപചാരികവിദ്യാഭ്യാസം.

(2) 15നും 25നും ഇടക്ക് പ്രായമുള്ള യുവജനങ്ങഠംക്കായുള്ള അനൗപചാരികവിദ്യാഭ്യാസം.

(3) വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവൃത്ത്യുന്മുഖസാക്ഷരതാപരിപാടി.

## 1. 6 മുതൽ 14 വയസ്സുവരെയുള്ളവർക്കു വേണ്ടിയുള്ള പദ്ധതി

രാജ്യമൊട്ടാകെ പള്ളിക്കൂടങ്ങഠം തുടങ്ങിയശേഷവും പ്രാഥമികവിദ്യാഭ്യാസം സാർവ്വത്രികമാക്കുവാൻ നമുക്ക് കഴിയാതെപോയിരിക്കുകയാണ്. പള്ളിക്കൂടങ്ങളിൽ എല്ലാവരും ചേരുന്നില്ലെന്നത് ഒരു കാരണം; അതിനേക്കാഠം

കൂടുതൽ പ്രധാനമായതു ചേരുന്നവരിൽ വലിയൊരു ശതമാനം രണ്ടു മൂന്നു കൊല്ലങ്ങൾക്കകം കൊഴിഞ്ഞുപോകുന്നു എന്നതാണ്. വീട്ടുകാരെ ജോലികളിൽ സഹായിക്കുക, ഇളയ കുട്ടികളെ നോക്കുക, സ്കൂളിൽ പോകുന്നതിനു സഹായകരമല്ലാത്ത മററ് സാഹചര്യങ്ങൾ, സ്കൂൾ വിദ്യാഭ്യാസം താന്താങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടതല്ലെന്ന വിശ്വാസം, സ്കൂളുകളിലെ ദിവസേനയുള്ള ഹാജർ, ടൈം ടേബിൾ തുടങ്ങിയ നിർബന്ധ നിബന്ധനകൾ എന്നിവയാണ് ഈ ദുഃസ്ഥിതിക്ക് കാരണം. പാവപ്പെട്ട കുടുംബങ്ങളുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുക, വിദ്യാഭ്യാസത്തിൻെറ ആവശ്യത്തെക്കുറിച്ചുള്ള അറിവ് അവർക്ക് കൊടുക്കുക, പള്ളിക്കുടങ്ങളിലെ വിദ്യാഭ്യാസ പ്രക്രിയയിൽ ഉചിതമായ മാററങ്ങൾ വരുത്തുക, കുട്ടികളുടെ രക്ഷാകർത്താക്കളുമായി ഉററ ബന്ധം സ്ഥാപിക്കുക എന്നീ മാർഗങ്ങൾ അവലംബിച്ചാൽ ഏറെക്കുറെ ഇതിന് പരിഹാരം കാണാം. പക്ഷേ ഉടനെ ചെയ്യേണ്ട ഏററവും പ്രധാനകാര്യം പള്ളിക്കൂടത്തിൽ പോകാത്തതും സ്കൂളിൽനിന്ന് കൊഴിഞ്ഞുപോയവരുമായ കുട്ടികൾക്കായി ഒരു സമാന്തരവിദ്യാഭ്യാസരീതി ആവിഷ്ക്കരിക്കുക മാത്രമാണ്. ഇതിനായി മൂന്നു വഴികൾ ഉണ്ട്: മുഴുവൻ സമയം പള്ളിക്കൂടങ്ങളിലിരുന്നു പഠിക്കാൻ സൗകര്യമില്ലാത്തവർക്കുവേണ്ടി അൽപ്പസമയം മാത്രം പഠിപ്പിക്കുന്ന സ്ഥാപനങ്ങളുണ്ടാക്കുക; ഇടയ്ക്കുള്ള ക്ലാസ്സുകളിൽ മുൻപുള്ള ക്ലാസ്സുകളിൽ ചേർന്ന് പഠിക്കാത്ത വിദ്യാർത്ഥികളെ ചേർക്കാനുള്ള സൗകര്യമുണ്ടാക്കുക; കൊഴിഞ്ഞുപോയവർക്ക് പ്രത്യേകമായ പഠനപദ്ധതിയും ബോധനരീതിയും ആവിഷ്ക്കരിക്കുക (Remediel programs). ഇപ്പോഴുള്ള പള്ളിക്കൂടങ്ങളും അദ്ധ്യാപകരും ഈ എല്ലാ പരിപാടികളിലും പങ്കുചേരുകയും നാട്ടുകാരുടെ സഹായസഹകരണങ്ങളോടുകൂടി ഇവ നടപ്പാക്കുകയും ചെയ്യേണ്ടതാണ്. അങ്ങനെയാണെങ്കിൽ അഞ്ചാംപദ്ധതിയുടെ അവസാനമാവുമ്പോൾ താഴെപ്പറയുന്ന ലക്ഷ്യങ്ങൾ എത്തിച്ചേരു

വാൻ നമുക്കു കഴിയും; (1) 6 മുതൽ 11 വയസ്സു വരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും പ്രാഥമികവിദ്യാഭ്യാസം നൽകുക, (2) പള്ളിക്കൂടങ്ങളിൽ ചേരാതെ പുറത്തു നിൽക്കുന്ന 11 മുതൽ 14 വയസ്സുവരെ പ്രായമുള്ള കുട്ടികളിൽ ഒരു പത്തുശതമാനത്തിനെങ്കിലും രണ്ടു കൊല്ലത്തെ വിദ്യാഭ്യാസം നൽകുക. (3) അഞ്ചാം ക്ളാസ്സു പൂർത്തിയാക്കിയ 11-നും 14-നും ഇടയ്ക്ക് പ്രായമുള്ള കുട്ടികളിൽ ഏകദേശം 15 ശതമാനത്തിന് പൂർണ്ണമായ പ്രാഥമികവിദ്യാഭ്യാസം നൽകുക. ഇതിനെല്ലാം കൂടിയുള്ള ചെലവായിരിക്കണം പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ബഡ്ജററിൽ ഉൾക്കൊള്ളിക്കേണ്ടത്.

## 2 15 നും 25 നും ഇടയ്ക്കുള്ള യുവജനങ്ങൾക്കായുള്ള പദ്ധതി

കേന്ദ്രഗവൺമെൻറും സ്റേററ്ഗവൺമെൻറുകളും കൂടി യോജിച്ച് സന്നദ്ധസംഘടനകളുടെ സഹായത്തോടുകൂടി നടപ്പാക്കേണ്ടതാണ് ഈ പദ്ധതി. ഉൽപ്പാദനപ്രക്രിയയിൽ മഴുകിക്കഴിയുന്ന അക്ഷരാഭ്യാസമൊട്ടുമില്ലാത്തവരോ പഠിച്ചുമറന്നവരോ ആയിരിക്കും ഇവരിലധികവും. അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ചുററുപാടും മുൻനിറുത്തി തൊഴിലും അക്ഷരാഭ്യാസവും ഒരുമിച്ചു നൽകുന്ന ഒരു പദ്ധതിയായിരിക്കണം അത്. അവരുടെ ചുററുപാടുമുള്ള സാമൂഹ്യസംഘടനയെപ്പററി ശാസ്ത്രീയമായ ഒരു ജ്ഞാനമുണ്ടാവുന്നതിനും, സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും, കുടുംബക്ഷേമകരമായി പുലർത്തിപ്പോകുന്നതിനും, ഈ പരിപാടി സഹായകമാകണം. സാക്ഷരത, കുടുംബക്ഷേമം, വിനോദപ്രവർത്തനങ്ങൾ, സാംസ്കാരികപഠനങ്ങൾ, സമൂഹസേവനം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടും ഒരു തൊഴിലിനു പ്രാമുഖ്യം നൽകിക്കൊണ്ടുമുള്ള പ്രവൃത്ത്യുന്മുഖ സാക്ഷരതാപരിപാടിയായിരിക്കും നല്ലത്. പാഠ്യപദ്ധതിയിൽ

താഴെപ്പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിക്കണം. (1) തങ്ങളുടെ ചററുപാടിനെയും, രാജ്യത്ത് നടപ്പാക്കിവരുന്ന വികസന പ്രവർത്തനങ്ങളേയും പററിയുള്ള അറിവും പരിജ്ഞാനവും. (2) സാമൂഹ്യവും സാമ്പത്തികവും, സാങ്കേതികവുമായ മാററങ്ങൾ മനസ്സിലാക്കുന്നതിനാവശ്യമായ അറിവ്. (3) ആരോഗ്യം, പരിസരശുചിത്വം, ശിശുപരിചരണം, പോഷകാഹാരം എന്നിവയിൽ സാമാന്യജ്ഞാനം.

(4) വായന, എഴുത്ത്, കണക്ക് എന്നിവയിൽ ആവശ്യം വേണ്ട കഴിവ്. (5) ഒരു തൊഴിലിലോ വ്യവസായത്തിലോ സാമാന്യപരിശീലനം. കുറഞ്ഞത് ഒരു പ്രൈമർ, 50 പാഠങ്ങളുള്ള ഒരു പുസ്തകം, അദ്ധ്യാപകനുവേണ്ടിയുള്ള ഒരു ഗൈഡ്ബുക്ക്, കുറെ ചാർട്ടുകൾ. ചിത്രങ്ങൾ എന്നിവ പാഠസാമഗ്രികളായി വേണ്ടിവരും.

ഇന്ന് 15 നും 25 നും ഇടയ്ക്ക് പ്രായമുള്ള 100 ദശലക്ഷം ജനങ്ങൾ അക്ഷരാഭ്യാസമില്ലാത്തവരായി ഇൻഡ്യയിലുണ്ട്. ഇവരെയെല്ലാം 5 കൊല്ലംകൊണ്ട് സാക്ഷരരാക്കണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നു. അതിനുവേണ്ടി താഴെപ്പറയുന്ന പരിപാടികൾ സ്വീകരിക്കുവാനും തീർച്ചയാക്കിയിരിക്കുന്നു:

1) പൂർണ്ണസമയവും ജോലിചെയ്യാത്ത അദ്ധ്യാപകരെ ഉപയോഗിച്ച് ആഴ്ചയിൽ അഞ്ചുദിവസം, ഓരോ ദിവസവും രണ്ടുമണിക്കൂർ സമയംവീതം പഠിപ്പിച്ച്, ഒൻപതുമാസത്തിനകം 350 മണിക്കൂർ വിദ്യാഭ്യാസം നൽകുക.

2) നാഷണൽ സർവ്വീസ് വാളണ്ടിയർ പദ്ധതിയിലെ മുഴുവൻ സമയവും ജോലിചെയ്യാൻ തയ്യാറുള്ള സന്നദ്ധസേവകരെ ഉപയോഗിച്ച് അഞ്ചുമാസംകൊണ്ട് ദിവസവും മൂന്നുമണിക്കൂർവീതം ജോലി ചെയ്ത് 350 മണിക്കൂർ തികയ്ക്കുക.

3) സന്നദ്ധസേവകരായ കോളേജ്വിദ്യാർത്ഥികളെ ഉപയോഗിച്ച് മൂന്ന് മദ്ധ്യവേനൽ ഒഴിവുകാലങ്ങൾകൊണ്ട് 350 മണിക്കൂർ പഠിപ്പിക്കുക.

ഒരോ ജില്ലയിലുമുള്ള നെഹ്രു യുവക്കേന്ദ്രങ്ങളിലെ സംഘാടകർ, സാക്ഷരതാപ്രവർത്തനത്തിനായി പൂർണ്ണ സമയവും ജോലിചെയ്യുന്നവരായ ജില്ലാ ഉദ്യോഗസ്ഥന്മാർ, സന്നദ്ധസംഘങ്ങൾ എന്നിവരുടെ നേതൃത്വത്തിലായിരിക്കണം ഈ പ്രവർത്തനങ്ങൾ. വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരും, മുഴുവൻ സമയവും ജോലിചെയ്യുന്നവരായി നിയമിക്കപ്പെടുന്ന ബിരുദധാരികളായ സൂപ്പർവൈസർമാരും ഈ കേന്ദ്രങ്ങൾ കൂടെക്കൂടെ പരിശോധിക്കണം. സ്കൂൾ അദ്ധ്യാപകർ, നാഷണൽ സർവ്വീസ് സ്കീമിലെ സന്നദ്ധസേവകർ, തൊഴിലില്ലാത്ത ഗ്രാമീണയുവജനങ്ങൾ, തൊഴിൽ വിദഗ്ദ്ധന്മാർ, വിദഗ്ദ്ധതൊഴിലാളികൾ, നല്ല കൃഷിക്കാർ, വിമുക്തഭടന്മാർ, പെൻഷൻപററിയ ഉദ്യോഗസ്ഥന്മാർ, ഗ്രാമസേവകർ എന്നിവരെ മുഴുവൻസമയമോ കുറച്ചുസമയം വീതമോ പഠിപ്പിക്കുന്നതിന് നിയോഗിക്കാവുന്നതാണ്. 15 ദിവസത്തെ, അഥവാ 10 ദിവസത്തെ എങ്കിലും, പരിശീലനം നൽകിയശേഷം മാത്രമേ അവരെ പഠിപ്പിക്കാൻ അനുവദിക്കാവൂ. വീണ്ടും മൂന്നു മാസത്തിലൊരിക്കൽ രണ്ടു ദിവസത്തെ പുനഃപരിശീലനവും അവർക്ക് നൽകണം.

ഒരു ജില്ലയിൽ 100 കേന്ദ്രങ്ങൾ നടപ്പാക്കണമെങ്കിൽ ഒരു ലക്ഷത്തി ഇരുപതിനായിരത്തിൽപ്പരം രൂപാ ചെലവാകുമെന്ന് കണക്കാക്കിയിരിക്കുന്നു. ഇത് കേന്ദ്രഗവൺമെൻറും സംസ്ഥാനഗവൺമെൻറുകളുംകൂടി വഹിക്കേണ്ടതാണ്. ആകെ ചെലവ് 240 ദശലക്ഷം രൂപയോളം വരും.

## 3 വികസന പ്രവർത്തനങ്ങളുമായി ചേർന്നുള്ള പ്രവൃത്യുൻമുഖ സാക്ഷരതാ പരിപാടി

ഇത്തരം പരിപാടികളിൽ ഏററവും പ്രധാനമായത് കൃഷിക്കാർക്കുവേണ്ടിയുള്ള പ്രവൃത്യുന്മുഖ സാക്ഷരതാ പരിപാടിയാണ്. സ്കൂഠംപ്പുറ വിദ്യാഭ്യാസത്തിൽ ഏററവും മുൻപന്തിയിൽ നിൽക്കുന്നത് ഈ പദ്ധതിയത്രെ. കൂടുതൽ വിളയുന്ന വിത്തുകളുപയോഗിച്ച് കൃഷിചെയ്യുവാൻ ഗ്രാമീണരെ തയ്യാറാക്കുകയാണ് ഇതിൻെറ ലക്ഷ്യം. ഒരു ഹരിതവിപ്ലവം നാട്ടിൽ വരുത്തുന്നതിനുവേണ്ട അറിവുനൽകുന്ന ഈ പരിപാടിയുടെ നേതൃത്വം വിദ്യാഭ്യാസമന്ത്രികാര്യാലയം, കൃഷിമന്ത്രികാര്യാലയം, വാർത്താപ്രക്ഷേപണിമന്ത്രികാര്യാലയം എന്നി മൂന്നു വിഭാഗങ്ങഠം ചേർന്നാണ് നടത്തുന്നത്.

അഞ്ചാം പഞ്ചവൽസരപദ്ധതിക്കാലത്ത് ഈ പദ്ധതിയിൽ കൂടുതൽ ജില്ലകളെ ഉഠംപ്പെടുത്തും. ഓരോ ജില്ലയിലും പ്രവൃത്യുന്മുഖ സാക്ഷരതാ ക്ലാസ്സുകളിൽ കൂടുതൽ പഠിതാക്കളെ ചേർക്കും. വ്യാവസായികകേന്ദ്രങ്ങളിലും പരിശീലന പദ്ധതികളോടും ചേർത്ത് കൂടുതൽ പ്രവൃത്യുന്മുഖ സാക്ഷരതാപഠനകേന്ദ്രങ്ങഠം സ്ഥാപിക്കും. ആകെക്കൂടി ഏകദേശം 13 ലക്ഷത്തിഇരുപതിനായിരം പേരെയാണ് ഇങ്ങനെ കൂടുതലായി പഠിപ്പിക്കാൻ. അതിനായി 47000 ക്ലാസ്സുകഠം സംഘടിപ്പിക്കാനുദ്ദേശമുണ്ട്.

## 8 ബോംബേനഗരം

വളരെക്കാലമായി അക്ഷരം പഠിപ്പിക്കലിൽ മാത്രം ഒതുങ്ങിനിന്ന വയോജനവിദ്യാഭ്യാസപ്രസ്ഥാനം ബോംബേ നഗരത്തിലുണ്ടായിരുന്നെങ്കിലും വലിയ പ്രയോജന

മൊന്നുമുണ്ടായില്ല. കാരണം തൊഴിലാളികൾക്ക് അത് ആകർഷണീയമായിരുന്നില്ല എന്നതാണ്. അതുകൊണ്ട് ഒരു പ്രവൃത്യുന്മുഖ വിദ്യാഭ്യാസ പരിപാടി അടുത്ത കാലത്ത് ആവിഷ്ക്കരിക്കപ്പെട്ടു. ധാരാളം റയിൽവെ തൊഴിലാളികൾ, മൽസ്യതൊഴിലാളികൾ എന്നിവർ തിങ്ങിപ്പാർക്കുന്ന ഒരു ഭാഗത്ത് 64 കേന്ദ്രങ്ങൾ ബോംബേ സാമൂഹ്യ വിദ്യാഭ്യാസ കമ്മററിയുടെ സഹായത്തോടുകൂടി 1976 ൽ ആരംഭിച്ചു. ഓരോ കേന്ദ്രത്തിനും ഒരോ വിദ്യാഭ്യാസ സമിതി സ്ഥാപിതമായി. അദ്ധ്യാപകന്മാർ, ഡാക്ടർമാർ, സാമൂഹ്യപ്രവർത്തകർ എന്നിങ്ങനെയുള്ള അനവധി സന്നദ്ധസേവകർ അവയിൽ പങ്കാളികളാകാൻ മുമ്പോട്ടു വന്നു.

ഓരാ കേന്ദ്രത്തിനും ചുററുമുള്ള സ്ഥലവാസികളുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും ചുററുപാടുകളും മനസ്സിലാക്കുന്നതിനുവേണ്ടി ഒരു സർവ്വെ നടത്തുകയായിരന്നു ആദ്യം ചെയ്തത്. അടുത്തുള്ള പള്ളിക്കൂടങ്ങളിലേയും കോളേജുകളിലേയും വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സഹായത്തോടുകൂടി സാമൂഹ്യപ്രവർത്തകരുടെ ഒരു പദയാത്രയിലൂടെയാണ് വേണ്ട വിവരങ്ങളെ വീടുകൾ കയറിയിറങ്ങി ശേഖരിച്ചത്.

അടുത്തതായി ഒരു പാഠ്യപദ്ധതി തയ്യാറാക്കാനുള്ള ശ്രമമായി. അതാതുസ്ഥലത്തെ ആളുകൾ സംസാരിച്ചിരുന്ന ഭാഷയിൽ അതു തയ്യാറാക്കി. ആരോഗ്യം, ശുദ്ധജലസംഭരണം, ശിശുപരിപാലനം, പോഷകാഹാരം, സാമ്പത്തികോന്നമനത്തിനുള്ള മാർഗ്ഗങ്ങൾ, പൗരധർമ്മം, സാംസ്കാരികപ്രവർത്തനങ്ങൾ എന്നിവയെ മുൻനിറുത്തിയുള്ള പാഠങ്ങൾ വേണമെന്നു തീർച്ചയാക്കി.

ക്ലാസ്സുകൾ നടത്തിത്തുടങ്ങുന്നതിനുമുമ്പ് അദ്ധ്യാപകർക്കും സംഘാടകർക്കും പരിശീലനം നൽകി. സ്കൂൾ കുട്ടികൾക്ക് സ്കൂൾസമയത്തിനു പുറത്ത് അവരുടെ

പാഠങ്ങളെപ്പററി കൂടുതൽ അറിവ് നൽകുന്നതിനുള്ള ക്ളാസ്സുകരം സംഘടിപ്പിച്ചു. അതോടൊന്നിച്ച് 15നും 25 നുമിടക്ക് പ്രായമുള്ളവർക്കുവേണ്ടിയുള്ള ക്ളാസ്സുകളും പരിസരശുദ്ധീകരണത്തിലും ചൂതുകളി, കുടിമുതലായ ദുശ്ശീലങ്ങരം അകററുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ശ്രമത്തിന് ആക്കം കൂട്ടിയിരുന്നു. തൊഴിലിനുള്ള മാർഗ്ഗം തുറന്നുകൊടുക്കുന്നതിനുമുമ്പ് വേണ്ടതാണിത് എന്നു തോന്നുകയാലാണ് ഇങ്ങനെ ചെയ്തത്. മുനിസിപ്പൽ സ്കൂളുകളിലെ 7-ാം ക്ലാസ്സിൽ ചേരാൻ എല്ലാവരേയും തയ്യാറാക്കാനുള്ള പാഠ്യപദ്ധതി പലയിടത്തും നടപ്പാക്കി, അതോടൊന്നിച്ച് ഒരു തൊഴിലിനുവേണ്ടിയുള്ള അറിവും. ബുക്കുതുന്നിക്കെട്ടുക, ചിത്രം വരയ്ക്കുക, ചലച്ചിത്ര യന്ത്രങ്ങരം ചലിപ്പിക്കുക, യന്ത്രശാലകളിലെ ജോലികരം ചെയ്യുക എന്നിവയിൽ പരിശീലനം നൽകാനുള്ള ഏർപ്പാടുകളുണ്ടാക്കി. റോട്ടറി ക്ളബുകരം, ഭജനമണ്ഡപങ്ങരം, സ്പോർട്ട്സ് ക്ളബുകരം, യുവജനസംഘങ്ങരം, നാടകവേദികരം എന്നിവയെല്ലാം ഒന്നല്ലെങ്കിൽ മറെറാരു കേന്ദ്രത്തെ ഇക്കാര്യങ്ങളിൽ സഹായിക്കാനെത്തി.

## 9 തമിഴ്നാട്

അടുത്തകാലത്ത് തമിഴ്നാട്ടിൽ നടന്നുവരുന്ന പദ്ധതികളെ താഴെപ്പറയുംവിധം തരംതിരിക്കാം:

### 1 പൊതുവിദ്യാഭ്യാസവും പരിശീലനവും

a) പ്രാഥമികവിദ്യാഭ്യാസത്തിലെ കുറവുകരം തീർക്കാൻ ഉദ്ദേശിച്ചു നടത്തുന്ന ക്ലാസ്സുകരം.
b) പുതിയ ആശയങ്ങളും മനോവീക്ഷണവും നൽകി മനോവീര്യം വളർത്തുന്നതിനുദ്ദേശിച്ചിട്ടുള്ള ക്ളാസ്സുകരം.

c) യുവജനങ്ങൾക്കുവേണ്ടിയുള്ള വിദ്യാഭ്യാസപരിപാടികൾ.

## 2 തൊഴിൽവിദ്യാഭ്യാസം

a) കൃഷി.

b) മീൻപിടിത്തം.

c) പോഷകാഹാരം.

d) തൊഴിൽ പരിശീലനം.

e) ആരോഗ്യപരിരക്ഷാ പരിശീലനം.

f) സാമൂഹ്യക്ഷേമം.

g) കുടിൽ വ്യവസായം.

h) വാണിജ്യവിദ്യാഭ്യാസം.

i) തൊഴിലുകൾ സംഘടിപ്പിക്കുവാനും തൊഴിൽ മേഖലയിലെ ചുമതലകൾ വഹിക്കുവാനും വേണ്ട വിദ്യാഭ്യാസം.

j) അദ്ധ്യാപനം.

k) തൊഴിൽ സ്വയം കണ്ടെത്തൽ.

l) ബാങ്കുപ്രവർത്തനം.

m) ട്രേഡ്‌യൂണിയൻ പ്രവർത്തനം.

n) വിദ്യാഭ്യാസത്തിനും തൊഴിലിനും സഹായകമാകുന്ന ഉപബോധനം.

തമിഴ്‌നാട്ടിലെ പ്രവർത്തനങ്ങളിൽനിന്ന് താഴെപ്പറയുന്ന കുറവുകൾ കണ്ടെത്തിയിരിക്കുന്നു:

1) സാമ്പത്തികസഹായം നൽകുന്നതിൽ പലപ്പോഴും ഗവൺമെൻറ് ഭാഗത്തുനിന്നുണ്ടാകുന്ന അനാസ്ഥ അഥവാ അലസത.

2) പൊതുവിദ്യാഭ്യാസത്തിനും തൊഴിൽ വിദ്യാഭ്യാസത്തിനും വരുന്ന പഠിതാക്കൾ തമ്മിലുള്ള അന്തരം.

3) അനൗപചാരിക വിദ്യാഭ്യാസ പദ്ധതികൾ നടത്തിക്കൊണ്ടിരിക്കുന്ന സന്നദ്ധസംഘങ്ങളെയെല്ലാം ഒരുമിച്ചു സംയോജിപ്പിച്ച് പ്രവർത്തനം നടത്തുന്നതിനുള്ള പ്രയാസങ്ങൾ.

തമിഴ്നാട്ടിലെ സർവകലാശാലകൾ അനൗപചാരിക വിദ്യാഭ്യാസത്തിൻെറ പ്രയോജനം അതിവേഗത്തിൽ ജനങ്ങൾക്കെത്തിക്കുന്നതിനുവേണ്ടി പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനു മുൻകൈ എടുത്ത് ചില പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിരിക്കുന്നു. മദ്രാസ് സർവ്വകലാശാലയിലും മധുര സർവ്വകലാശാലയിലും അനൗപചാരിക വിദ്യാഭ്യാസത്തിനുവേണ്ടി പ്രത്യേക വകുപ്പുകൾ ഏർപ്പെടുത്തിയിരിക്കുന്നു. പ്രവർത്തകർക്കുവേണ്ടിയുള്ള കോഴ്സുകൾക്കുപുറമേ യുവജനങ്ങൾക്കും വ്യവസായികൾക്കും വേണ്ടിയുള്ള ഹ്രസ്വകാലകോഴ്സുകളും തുടങ്ങിയിട്ടുണ്ട്.

മദ്രാസ് സർവ്വകലാശാലയിൽ വയോജനവിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനുമായി ഒരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഇവിടെ വയോജനവിദ്യാഭ്യാസത്തിൽ എം.എ.കോഴ്സ് നടത്തുന്നതിനുപുറമേ തൊഴിലാഭിമുഖ്യമുള്ളതും തൊഴിൽസംബന്ധിയുമായ ധാരാളം വ്യാപനലക്ചറുകളും നടത്തിവരുന്നു. അനൗപചാരികവിദ്യാഭ്യാസത്തിന് സംസ്ഥാനതല ഡയറക്ററേററും രൂപീകരിച്ചിട്ടുണ്ട്. മദ്രാസ് സർവ്വകലാശാലയിലെ വിവിധവകുപ്പുകളും കോളേജുകളും മുൻകൈ എടുത്ത് 3500 ഗ്രാമങ്ങളിൽ സാക്ഷരതാ പ്രവർത്തനം നടത്താനുള്ള ഒരു പരിപാടി ആവിഷ്കരിച്ചിട്ടുണ്ട്.

മധുര സർവ്വകലാശാലയിൽ മുൻഉപാധികൾ കൂടാതെ ബിരുദപരീക്ഷക്ക് പേര് രജിസ്ററർ ചെയ്യാൻ സൗകര്യം നൽകുന്ന തുറന്ന സർവ്വകലാശാല പ്രവർത്തിക്കുന്നുണ്ട്. തമിഴ് ഭാഷ എഴുതാനും വായിക്കാനും

അറിയാവുന്ന ഏവർക്കും 25 വയസ്സു പൂർത്തിയായെങ്കിൽ മാനവികവിഷയങ്ങളിൽ ബി. ഏ. ബിരുദത്തിന് പേര് രജിസ്ററർ ചെയ്ത് കറസ്പോണ്ടൻസ് കോഴ്സുകളും അവിടെ നടക്കുന്നുണ്ട്.

## 10 കേരളം

### 1 അനൗപചാരികവിദ്യാഭ്യാസത്തിൻെറ ആവശ്യകത

ഇൻഡ്യൻ സംസ്ഥാനങ്ങളിൽ താരതമ്യേന കൂടുതൽ സാക്ഷരതയുള്ള സംസ്ഥാനമാണ് കേരളം. എങ്കിൽ പോലും 6 വയസ്സിനും 14 വയസ്സിനും മദ്ധ്യേയുള്ള കുട്ടികളിൽ പലരും സ്കൂളിൽ പോകാത്തവരാണ്. പോകുന്നവരിൽ വളരെ അധികംപേർ പഠിത്തം പൂർത്തിയാക്കാതെ പൊഴിഞ്ഞുപോകുന്നുമുണ്ട്. 15 നും 25 നും മദ്ധ്യേ പ്രായമുള്ളവരിൽ 7,14,500 പേർ നിരക്ഷരരായി ഇവിടെ ഉണ്ട്. ഈ സാഹചര്യത്തിൽ അനൗപചാരികവിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് സംഘടനകൾ മുമ്പോട്ടു വന്നു. അഞ്ചാംപഞ്ചവൽസരപദ്ധതിയുടെ ഭാഗമായി ഗവൺമെൻറും ചില പരിപാടികൾ ആവിഷ്ക്കരിച്ചു.

### 2 ഗവൺമെൻറിൻെറ നേരിട്ടുള്ള പ്രവർത്തനം

തിരുവനന്തപുരം, തൃശൂർ, പാലക്കാട്, കണ്ണൂർ എന്നീ നാല് ജില്ലകളിലെ ഗ്രാമപ്രദേശങ്ങളിലുള്ള പിന്നോക്കസ്ഥലങ്ങളിൽ ഗവൺമെൻറിൻെറ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന പ്രവൃത്ത്യുന്മുഖ സാക്ഷരതാക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും 60 കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഒരു ഫംക്ഷനൽലിറററസി പ്രോജക്ററാഫീസറാണ് ജില്ലയിലെ പ്രവർത്തനങ്ങളുടെ പൂർണ്ണമായ ചുമതല വഹിക്കുന്നത്.

1976 വരെ ഏകദേശം മുപ്പതിനായിരം നിരക്ഷരരായ ഗ്രാമീണർക്ക് ഈ പരിപാടികളുടെ പ്രയോജനം സിദ്ധിച്ചിട്ടുണ്ട്.

1975 മുതൽ തിരുവനന്തപുരം, ആലപ്പുഴ, കണ്ണൂർ എന്നീ ജില്ലകളിൽ നെഹ്റു യുവക് കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. 13 നും 35 നും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികളല്ലാത്ത സ്ത്രീകൾക്കും പുരുഷന്മാർക്കും തൊഴിൽപരിശീലനത്തിനോടൊപ്പം സാക്ഷരതാപരിശീലനം നൽകുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഇവയുടെ പ്രവർത്തനം.

1976-ൽ അഞ്ചാംപഞ്ചവൽസരപദ്ധതിയുടെ ഭാഗമായി കേന്ദ്രഗവൺമെൻറ് 100 അനൗപചാരികവിദ്യാഭ്യാസ കേന്ദ്രങ്ങൾ കേരളത്തിലെ പാലക്കാടുജില്ലയിൽ തുടങ്ങുന്നതിന് അനുവദിച്ചു. പാലക്കാട്, ഒററപ്പാലം, ശ്രീകൃഷ്ണപുരം, തൃത്താല, കൊല്ലങ്കോട്, നെന്മാറ എന്നീ ബ്ലോക്കുകളിലെ പിന്നോക്കപ്രദേശങ്ങളിലാണ് ഈ കേന്ദ്രങ്ങൾ, അവിടത്തെ അവശവിഭാഗങ്ങളുടെ ദൈനംദിന പ്രശ്നങ്ങൾ, കുടുംബപരവും സാമൂഹികവുമായ ജീവിതം, ഗ്രാമവികസന പരിപാടികൾ എന്നിവയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ളതാണ് ഇവിടത്തെ സാക്ഷരതാ പ്രവർത്തനം, ഭക്ഷ്യോൽപ്പാദനത്തിനും, സ്വയം തൊഴിൽ കണ്ടെത്തലിന്നും മുൻതൂക്കം നൽകിയിരിക്കുന്നു. പകുതിയിലേറെ കേന്ദ്രങ്ങളിൽ സന്നദ്ധസേവനമനുഷ്ഠിക്കുന്നത് സർവ്വകലാശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളാണ്. പഠിതാക്കളുടെ സൗകര്യാർത്ഥം സ്കൂൾ കെട്ടിടങ്ങളിലോ, വായനശാലകളിലോ വച്ച് വൈകുന്നേരത്താണ് ക്ലാസ്സുകൾ നടത്തുന്നത്. സ്കൂളദ്ധ്യാപകർ, ഗ്രാമസേവകർ, മററു സാമൂഹ്യപ്രവർത്തകർ എന്നിവർ ചില വേളകളിൽ ചർച്ചകൾ നയിക്കാൻ ചെല്ലാറുണ്ട്. ഒരോ കേന്ദ്രത്തിലേയും ചുമതലപ്പെട്ട

പ്രവർത്തകന് പ്രതിമാസം 50 രൂപാ അലവൻസ് നൽകിവരുന്നു.

### 3 സർവകലാശാലകൾ

കോഴിക്കോട് സർവകലാശാലയിൽ വയോജനവിദ്യാഭ്യാസത്തിനായിട്ട് ഒരു പ്രത്യേക വിഭാഗം ഉണ്ട്. പാലക്കാട്ടെ അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങളിലേക്ക് ആവശ്യമായ പ്രൈമറുകളും മററും നിർമ്മിച്ചത് ഈ വിഭാഗത്തിൻെറ മേൽനോട്ടത്തിലാണ്. പ്രവർത്തകർക്കുവേണ്ട പരിശീലനവും മാർഗ്ഗനിർദ്ദേശവും കൂടി ഇവർ നൽകിവരുന്നു. പാലക്കാടുൾപ്പെടെ തൃശൂർ, കണ്ണൂർ, മലപ്പുറം, കോഴിക്കോട് എന്നീ അഞ്ചു ജില്ലകളിലുമായി 38000 നിരക്ഷരരെ സാക്ഷരരാക്കാനുള്ള ഒരു പരിപാടിക്ക് 1978 ൽ കോഴിക്കോട് സർവ്വകലാശാല രൂപം നൽകിയിട്ടുണ്ട്. കാളേജുകളിലെ അദ്ധ്യാപകന്മാരേയും, എൻ. എസ്. എസ്. വാളൻറിയർമാരേയും കൊണ്ട് ക്ലാസ്സുകൾ നടത്തുന്നതിനാണുദ്ദേശിച്ചിട്ടുള്ളത്.

കേരളസർവ്വകലാശാലയിൽ 1976-77 മുതൽ എം. എഡ്. കോഴ്സിന് ഒരു ഐഛികവിഷയമായി അനൗപചാരികവിദ്യാഭ്യാസം ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രി-ഡിഗ്രിമുതൽ എം. ഏ. വരേയുള്ള സർവ്വകലാശാല പരീക്ഷകൾക്ക് പ്രൈവററായി ചേരുന്നതിനുള്ള സൗകര്യം വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്. ഒരു കറസ്പോണ്ടൻസ് കോഴ്സും-പ്രിഡിഗ്രി തലത്തിൽ. 1977-ൽ തുടങ്ങിയിട്ടുണ്ട്- പ്രിഡിഗ്രിയും, ഡിഗ്രിയും പരീക്ഷകൾക്ക് സായാഹ്ന ക്ലാസ്സുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ജർമ്മൻ, റഷ്യൻ എന്നിങ്ങനെയുള്ള വിദേശഭാഷകൾക്കും, നിയമപഠനത്തിനും സായാഹ്ന കോഴ്സുകൾ നടത്തിവരുന്നു.

കൃഷിക്കാർക്ക് ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങളിൽ അറിവ് നൽകുന്നതിനുവേണ്ടി കേരള കാർഷിക

സർവ്വകലാശാല 1976-ൽ ഒരു കറസ്പോണ്ടൻസ് കോഴ്സ് ആരംഭിച്ചു. മൂന്നുമാസം നീണ്ടുനിൽക്കുന്ന ഈ പഠനപദ്ധതിയിൽ താൽപ്പര്യമുള്ള ഏതു കൃഷിക്കാരനും ചേരാവുന്നതാണ്. കൃഷിക്ക് ഉപയുക്തമായ പുതിയ സങ്കേതങ്ങളെ കുറിച്ചു പത്രങ്ങൾ, റേഡിയോ, പുസ്തകങ്ങൾ, ചിത്രങ്ങൾ തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ, എന്നിവയിൽ കൂടി അറിവുനൽകുകയാണ് ഈ പദ്ധതിയുടെ കാതലായ ഭാഗം. പ്രത്യേകം തയ്യാറാക്കിയ പാഠക്കുറിപ്പുകൾ അയച്ചുകൊടുക്കുകയും പ്രശ്നാവലികൾ അയച്ച് ഉത്തരങ്ങൾ വരുത്തി, തിരുത്തി അയയ്ക്കുകയും ഇതിൻെറ ഒരു ഭാഗമായി നടന്നുവരുന്നു.

## 4 സാമൂഹ്യക്ഷേമസമിതി

ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയാത്ത 18 നും 30 നും മദ്ധ്യേ പ്രായമുള്ള വനിതകൾക്ക് പ്രസ്തുത വിദ്യാഭ്യാസം പൂർത്തിയാക്കാൻവേണ്ടി ഒരു ഹ്രസ്വകാല കോഴ്സും തൊഴിൽ പരിശീലനത്തിനായി മററൊരു കോഴ്സും നടത്തുന്ന സന്നദ്ധകേന്ദ്രങ്ങളെ സാമൂഹ്യക്ഷേമവകുപ്പ് ഗ്രാൻറ് നൽകി സഹായിക്കുന്നു. രണ്ട് കോഴ്സുകളും പൂർണമായും സ്കൂൾ പുറ വിദ്യാഭ്യാസമാണ്. മിത്രനികേതൻ, ഗ്രന്ഥശാലാസംഘം, വിനോബാനികേതൻ മുതലായ സംഘടനകൾ ഈ പദ്ധതിപ്രകാരം ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്.

## 5 കേരളഗ്രന്ഥശാലാസംഘം

കേരള ഗ്രന്ഥശാലാസംഘത്തിൻെറ കീഴിൽ 4000-ത്തിൽപ്പരം വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. മിക്ക വായനശാലകൾക്കും സ്വന്തമായി കെട്ടിടവും റേഡിയോവും മററ് ഉപകരണങ്ങളും ഉണ്ട്. ചില ഗ്രാമീണവായനശാലകളിൽ കുട്ടികൾക്കും, കൃഷിക്കാർക്കും. നവസാക്ഷ

ർക്കും മററും വായിക്കുന്നതിനായി പ്രത്യേകം വിഭാഗങ്ങൾ ഉണ്ട്. വിദ്യാഭ്യാസവും സേവനതൃഷ്ണയുമുള്ള കുറെ സന്നദ്ധസേവകർ ഇതിനുപുറകിൽ കാണും. അവരെ ഉപയോഗിച്ച് സാക്ഷരതാപ്രവർത്തനങ്ങൾ നടത്തുന്നത് പ്രയാസമുള്ള കാര്യമല്ല. 1971 മുതൽ 1976 വരേയുള്ള കാലത്ത് ഒരു വിദഗ്ദ്ധ കമ്മററിയുടെ നേതൃത്വത്തിൽ സാക്ഷരതാപ്രവർത്തനങ്ങൾ ഗ്രന്ഥശാലാസംഘത്തിൻെറ ആഭിമുഖ്യത്തിൽ നടപ്പാക്കി. പ്രൈമറുകളും നവസാക്ഷരർക്കുവേണ്ട പുസ്തകങ്ങളും തയ്യാറാക്കിയതിനുപുറമേ, 'സാക്ഷര കേരളം' എന്നൊരു ആഴ്ചപ്പതിപ്പും ഇക്കാലത്ത് പ്രസിദ്ധീകരിച്ച് നവസാക്ഷരർക്ക് സൗജന്യമായി നൽകി. തെരഞ്ഞെടുക്കപ്പെട്ട ബ്ളോക്കുകളിൽ പ്രവൃത്ത്യുന്മുഖ സാക്ഷരതാക്ലാസ്സുകൾ വിജയകരമായി നടത്തുകയും ചെയ്തു. ഈ വിധ പ്രവർത്തനങ്ങളുടെ അംഗീകാരമെന്ന നിലയിൽ ഗ്രന്ഥശാലാസംഘത്തിന് 1975-ൽ 'ക്രൂപ്സ്കായാ അവാർഡ്' യുനസ്കോവിൽ നിന്ന് നേടുവാൻ കഴിഞ്ഞു. 1978-ൽ 200 വനിതാ സാക്ഷരതാ കേന്ദ്രങ്ങൾ നടത്തുവാൻ ഗ്രന്ഥശാലാസംഘത്തിന് അനുവാദം കിട്ടിയിട്ടുണ്ട്.

## 6 ശാസ്ത്രസാഹിത്യപരിഷത്

1957-ൽ ആരംഭിച്ച കേരള ശാസ്ത്രസാഹിത്യ പരിഷത്തിന് ഇപ്പോൾ 180 യൂണിററുകളിലായി ഏകദേശം 5000 അംഗങ്ങൾ ഉണ്ട്. ഗ്രാമീണരിൽ ശാസ്ത്രബോധം വളർത്തുക എന്നതാണ് പരിഷത്തിൻെറ പ്രധാന ലക്ഷ്യം. അന്ധവിശ്വാസങ്ങൾ ഇല്ലാതാക്കുക, ശാസ്ത്രീയമായ കാഴ്ചപ്പാട് ഉണ്ടാക്കുക, നിരക്ഷരതാ നിർമ്മാർജ്ജനം ചെയ്യുക എന്നീ ഉദ്ദേശങ്ങളോടുകൂടി പല പരിപാടികളും ഇവർ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രാമശാസ്ത്ര സമിതികൾ, സയൻസ് ക്ലബ്ബ്, പൊതുജന സമ്പർക്ക പരിപാടി, ചോദ്യോത്തരപരിപാടി എന്നിവയിലെല്ലാം ധാരാളം

ആളുകൾ പങ്കെടുക്കാറുണ്ട്. ശാസ്ത്ര പ്രദർശനങ്ങളും, സാംസ്കാരികജാഥകളുമെല്ലാം കൂടെക്കൂടെ പരിഷത്ത് സംഘടിപ്പിക്കുന്നു.

## 7 കേരള അനൗപചാരിക വിദ്യാഭ്യാസ വികസനസമിതി (KANFED)

സംഘത്തിൻെറ സാക്ഷരതാ പ്രവർത്തനങ്ങൾ ഭാഗിക പ്രവർത്തനം മാത്രമായതിനാൽ അതിന് ആക്കം കൂട്ടാൻ 1974 -ൽ സംസ്ഥാനാടിസ്ഥാനത്തിൽ ഒരു സാക്ഷരതാ കൗൺസിൽ രൂപീകരിച്ചു. ഇതിൻെറ പ്രവർത്തനം വേണ്ട പോലെ നടന്നില്ല. കാര്യക്ഷമമായി അനൗപചാരികവിദ്യാഭ്യാസമേഖലയിൽ പ്രവർത്തിക്കുന്നതിന് മറെറാരു സന്നദ്ധസംഘം ഉടനെ ഉണ്ടാകേണ്ടതിൻെറ ആവശ്യം മനസ്സിലാക്കിയ വിദ്യാഭ്യാസപ്രവർത്തകരും, സാമൂഹ്യ പ്രവർത്തകരും ചേർന്ന് കേരള അനൗപചാരികവിദ്യാഭ്യാസ സമിതി (കാൻഫെഡ്) എന്ന പേരിൽ ഒരു സംഘടന രൂപീകരിച്ചു പ്രവർത്തനം തുടങ്ങി. തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന ഈ സംഘത്തിന് കേരളമൊട്ടാകെ ഉപശാഖകൾ ഉണ്ട്. ഗ്രാമംതോറും ഉള്ള ഗ്രന്ഥശാലകൾ, വിദ്യാലയങ്ങൾ, സാമൂഹ്യകേന്ദ്രങ്ങൾ, വിനോദകേന്ദ്രങ്ങൾ, മതസ്ഥാപനങ്ങൾ, മഹിളാസമാജങ്ങൾ എന്നിവയെ പങ്കെടുപ്പിച്ചുകൊണ്ട് സംസ്ഥാനവ്യാപകമായി നിരക്ഷരതാനിർമ്മാർജ്ജനത്തിനും തുടർവിദ്യാഭ്യാസത്തിനുംവേണ്ട ഏർപ്പാടുകൾ ഉണ്ടാക്കുകയാണ് കാൻഫെഡിൻെറ ലക്ഷ്യം. അതിനായുള്ള പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിരിക്കുന്നു. 6 മാസത്തിനകം ധാരാളം പ്രവർത്തകരെ പരിശീലിപ്പിക്കുവാൻ സംഘത്തിനു കഴിഞ്ഞിട്ടുണ്ട്. നവസാക്ഷരർക്കുവേണ്ടിയുള്ള കുറെ പുസ്തകങ്ങളും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. 'കാൺഫെഡ് ന്യൂസ്' എന്ന വാരികയും, പ്രവർത്തകർക്കുവേണ്ടി 'അനൗപചാരികവിദ്യാഭ്യാസം' എന്നൊരു ദ്വൈവാരികയും 1978 ജനുവരി മുതൽ പ്രസിദ്ധീകരിക്കുന്നുണ്ട്.

## 8 ഉള്ളൂർ സ്മാരക സായാഹ്നകോഴ്സ്

തിരുവനന്തപുരത്ത് ഉള്ളൂർ സ്മാരകഗ്രന്ഥശാല യുടെ ആഭിമുഖ്യത്തിൽ സാഹിത്യപഠനത്തിന് സായാഹ്നകോഴ്സ് 1977-ൽ ആരംഭിച്ചിട്ടുണ്ട്. ആഴ്ചതോറും രണ്ടുദിവസംവീതം സായാഹ്നക്ലാസ്സുകൾ ഇപ്പോൾ നടത്തിവരുന്നു. എസ്. എസ് എൽ. സി. വരെ പഠിച്ച ആളുകൾക്ക് മലയാളസാഹിത്യത്തിലെ പ്രവണതകൾ മനസ്സിലാക്കാനും, എഴുത്തുകാരെ പരിചയപ്പെടാനും വേണ്ടിയുള്ളതാണ് ഈ കോഴ്സുകൾ. ക്ഷണിച്ചുവരുത്തുന്ന പ്രഗൽഭന്മാരെക്കൊണ്ട് പ്രസംഗങ്ങൾ നടത്തിക്കലാണ് ഒരു പ്രധാന ബോധനമാർഗ്ഗം. ഒരു എഴുത്തുപരീക്ഷയും വാചാപരീക്ഷയും നടത്തി വിജയികളാകുന്നവർക്ക് സർട്ടിഫിക്കററുകൾ നൽകുവാനും ഉദ്ദേശമുണ്ട്.

## 9 റേഡിയോ പരിപാടികൾ

അനൗപചാരികവിദ്യാഭ്യാസ പ്രവർത്തനത്തിൽ കേരളത്തിലെ റേഡിയോ നിലയങ്ങൾ പ്രധാനപങ്ക് വഹിക്കുന്നു. യാതൊരു വിദ്യാഭ്യാസവുമില്ലാത്ത ഗ്രാമീണർക്കും അറിവുനേടാൻ ഉതകുംവിധമുള്ള മൂന്നു പദ്ധതികളാണ് 'വയലും വീടും', 'സ്ത്രീകൾക്കുവേണ്ടി', 'ഡോക്ടറോടുചോദിക്കുക' എന്നിവ. വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും അറിവുനൽകുന്ന ഒരു പരിപാടിയാണ് 'യുവവാണി'. കൃഷിക്കാർക്ക് ഉപയുക്തമായ അറിവു നൽകുന്നതിന് റേഡിയോ ഗ്രാമരംഗം വളരെ പ്രയോജനപ്പെടുന്നു. അദ്ധ്യാപകർക്ക് പുതിയ പാഠ്യപദ്ധതിക്കനുസൃതമായി അറിവുനൽകുന്നതിന് സ്കൂൾ പാഠ്യപദ്ധതിയെ അധികരിച്ച് മാതൃകാ ക്ലാസ്സുകൾ വിദ്യാഭ്യാസ പരിപാടിയിൽ പ്രക്ഷേപണം ചെയ്തുവരുന്നു. അദ്ധ്യാപകരെ ഉദ്ദേശിച്ച് ഒരു കറസ്പോണ്ടൻസ് കോഴ്സും മിക്ക സ്ക്കൂൾ വിഷയങ്ങളിലും നടത്തിവരുന്നു.

7890

PC Library & Research Center

കാൻഫെഡ് പുസ്തകമാല-3

# അനൗപചാരിക വിദ്യാഭ്യാസം
# തത്വശാസ്ത്രവും പ്രവർത്തനശൈലിയും

ഡോ: എൻ. പി. പിള്ള

കാൻഫെഡ് പുസ്തകമാലയിലെ ആദ്യത്തെ പുസ്തകം അനൗപചാരികവിദ്യാഭ്യാസം എന്നാൽ എന്ത്? എന്തിന്? എങ്ങനെ? എന്ന് വിശദമാക്കാൻ ഉദ്ദേശിച്ച് ഡോ: ശിവദാസൻപിള്ള രചിച്ചതായിരുന്നു. അനൗപചാരികവിദ്യാഭ്യാസത്തിൻെറ തത്വശാസ്ത്രം വിവരിക്കാനും ഏതാനും രാഷ്ട്രങ്ങളിലെ പ്രവർത്തനരീതി വിവരിക്കാനും ആണ് ഈ ഗ്രന്ഥത്തിൽ അനുഭവസമ്പന്നനായ ഡോ: എൻ. പി. പിള്ള ശ്രമിച്ചിട്ടുള്ളത്. ഇത് മുഴുവൻ വായിച്ചുകഴിഞ്ഞാൽ തത്വശാസ്ത്രത്തിൻെറയും പ്രവർത്തനശൈലിയുടെയും മറപിടിച്ച് സ്വന്തമായ രീതികൾ അവലംബിക്കുന്നതിനുള്ള മനോധൈര്യം പ്രവർത്തകർക്ക് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. അതാണ് അനൗപചാരികതയുടെ ഒരു പ്രത്യേകത.

കാൻഫെഡിൻെറ ആഭിമുഖ്യത്തിലും അല്ലാതെയും കേരളത്തിലുടനീളം ആരംഭിക്കാൻ പോകുന്ന പഠന കേന്ദ്രങ്ങളിലെ പ്രവർത്തകർക്ക് ഒരു കൈപ്പുസ്തകമാണിത്.

വില മൂന്നു രൂപ

കാൻഫെഡ്, തിരുവനന്തപുരം–14

# അനൗപചാരിക വിദ്യാഭ്യാസം

## തത്വശാസ്ത്രവും പ്രവർത്തനശൈലിയും

ഡോ: എൻ. പി. പിള്ള

370.1

കേരള അനൗപചാരികവിദ്യാഭ്യാസ
വികസനസമിതി (കാൻഫെഡ്)
തിരുവനന്തപുരം 14

Indic Digital Archive Foundation
gpura.org